# ഗിരിദീപം


ഒക്ടോബർ 2025



ഒക്ടോബർ 07

പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാൾ


# Hearty Congratulations




**Mar James Patteril**
Bishop Elect Belthangady



**Mar Joseph Thachaparambath**
Bishop Elect Adilabad




**Mar Prince Antony Panengadan**
Metropolitan Archbishop of Shamshabad



**Mar Sebastian Vaniyapurackal**
Metropolitan Archbishop of Kalyan



**Mar Sebastian Vadakkel**
Metropolitan Archbishop of Ujjain



**Mar Kuriakose Bharanikulangara**
Metropolitan Archbishop of Faridabad

ഒക്ടോബർ 2025

വാല്യം 08
ലക്കം 10

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 658/2025, Circular No. 13/2025 ................ 05
2. Prot. No. 661/2025, Circular No. 14/2025 ................ 08
3. സർക്കുലർ - സമുദായ ശക്തീകരണ വർഷം - 2026 ................ 11
4. കെ.സി.ബി.സി. ഇടയലേഖനം - മഹാജൂബിലി ................ 16
5. കച്ചേരിക്കാര്യം ................ 19
6. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ................ 26
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ................ 34
8. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ................ 36
   തിരുബാലസഖ്യം ................ 41
9. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ................ 46
10. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ................ 50
11. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ................ 58
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ................ 60
    നിർമ്മലഗിരി കോളേജ് ................ 62
12. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എകെസിസി ................ 65
    ADAM ................ 71
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ................ 73
13. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ................ 75
    ബയോമൗണ്ടൻ ................ 82
    ഇൻഫാം ................ 86
14. ധ്യാനകേന്ദ്രങ്ങളിലൂടെ ................ 87
15. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ................ 88
16. Engagements - Oct. (Archbishop Mar Joseph Pamplany) ................ 90
17. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ................ 91
18. Engagements - Oct. (Archbishop Mar George Njaralakatt) ................ 93
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ................ 94
20. Engagements - Oct. (Archbishop Mar George Valiamattam) ................ 94

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 658 /2025, Circular No. 13/2025

## ജപമാല മാസം

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

അനുഗ്രഹീതയും ഭാഗ്യവതിയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ പുണ്യസ്മരണകൾ നിറയുന്ന ജപമാല മാസത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. 'പരിശുദ്ധ ജപമാല രാജ്ഞീ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ'യെന്നുള്ള മനോഹരമായ പ്രാർത്ഥന ദൈവാലയങ്ങളിലും ഭവനങ്ങളിലും സവിശേഷമാംവിധം ഉയരുന്ന ഒക്ടോബർ മാസം ഇടവകകളിലും കുടുംബങ്ങളിലും ആത്മീയ ഉണർവിന്റെ അവസരമാണ്. ജപമാല കൈകളിലേന്തി പരിശുദ്ധ അമ്മയോടുള്ള ഭക്തിയും സ്നേഹവും പ്രകടിപ്പിക്കുവാനും കൂടുതൽ വിശ്വാസത്തോടെ മിശിഹാ രഹസ്യങ്ങളെ ധ്യാനിക്കുവാനും ജപമാല മാസാചരണം നമ്മെ സഹായിക്കട്ടെ.

പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തിക്ക് തിരുസഭയോളം പഴക്കമുണ്ട്. പൗരസ്ത്യസഭകളിൽ ആദ്യമായി രൂപപ്പെട്ട തിരുനാളുകൾ മറിയത്തിന്റേതായിരുന്നു. മറിയത്തിന്റെ സ്വർഗ്ഗാരോപണവും ജനനതിരുനാളും അവളോടുള്ള സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുന്ന തിരുനാളുകളും ഉപവാസവും പ്രാർത്ഥനകളും ഇതിനു തെളിവുകളാണ്. ആദ്യ നൂറ്റാണ്ടുകളിൽ നിലനിന്നിരുന്ന മരിയ ഭക്തിയാണ് പിന്നീട് ജപമാല പ്രാർത്ഥനകളിലൂടെ വ്യവസ്ഥാപിതമായത്. 1214 ൽ വി. ഡൊമിനിക്കിന് പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ട് ജപമാല നല്കിയെന്നാണ് പരമ്പരാഗത വിശ്വാസം. 1571 ൽ തുർക്കികൾ യൂറോപ്പിനെ ആക്രമിച്ചപ്പോൾ ജപമാലയെന്ന ആയുധമാണ് ക്രൈസ്തവർക്കുണ്ടായിരുന്നത്. നിർണ്ണായകമായിരുന്ന ലെപ്പാന്റോ യുദ്ധത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യ

സ്ഥ്യത്തിൽ ശത്രുസൈന്യത്തെ പരാജയപ്പെടുത്തിയതിന്റെ ഓർമ്മ യ്ക്കായിട്ടാണ് പരിശുദ്ധ ജപമാലരാജ്ഞിയുടെ തിരുനാൾ ഒക്ടോ ബർ മാസത്തിൽ ആഘോഷിക്കാൻ തുടങ്ങിയത്. സഭ പ്രതിസന്ധിക ളിലായപ്പോഴെല്ലാം ജപമാലയെന്ന ആയുധം നമുക്ക് ശക്തിയായി വർത്തിച്ചു. നരകപിശാചിന്റെ തല തകർക്കുന്ന വചനത്തിന്റെ വാളാണ് ജപമാല.

ജപമാല ഒരേ സമയം മിശിഹായോടുള്ള പ്രാർത്ഥനയും മറിയ ത്തോടൊപ്പം മിശിഹായെ അനുഭവിക്കാനുള്ള പ്രാർത്ഥനയുമാണ്. ഇതിലെ കർതൃപ്രാർത്ഥനയിലും നന്മ നിറഞ്ഞ മറിയം എന്ന ജപ ത്തിലും ത്രിത്വസ്തുതിയിലും നിറഞ്ഞുനില്ക്കുന്നത് മിശിഹായും പരി ശുദ്ധ ത്രിത്വവുമാണ്. വിശുദ്ധ ഗ്രന്ഥത്തിലും ആരാധനാക്രമത്തിലും വേരൂന്നിയുള്ള ഈ പ്രാർത്ഥന അനുദിന ജീവിത യാഥാർത്ഥ്യങ്ങളു മായി കൂട്ടിച്ചേർത്ത് ധ്യാനാത്മകമായി ഉരുവിടുമ്പോൾ ഏറ്റവും ശ്രേഷ്ഠ മായ പ്രാർത്ഥനയായി മാറുന്നു. മിശിഹായുടെ പരസ്യജീവിതത്തിലെ 20 രഹസ്യങ്ങളാണ് ജപമാലയിൽ നാം ധ്യാനിക്കുന്നത്. അതിനാലാണ് ജപമാലയിൽ ഭക്തിയോടെ ക്രിസ്തു രഹസ്യങ്ങൾ ധ്യാനിക്കുമ്പോൾ മറിയത്തിന്റെ കണ്ണുകളിലൂടെ മിശിഹായെ കാണാൻ കഴിയുമെന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിക്കുന്നത്. മഹിമയുടെയും സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും പ്രകാശത്തിന്റെയും രഹ സ്യങ്ങളെ ജപമാല പ്രാർത്ഥനയിലൂടെ നാം ധ്യാനിക്കുമ്പോൾ നമ്മുടെ ഹൃദയം ഈശോയുടെ ഓർമ്മകളാൽ നിറയുകയാണ്. വി. അംബ്രോസ് ഇപ്രകാരം പറയുന്നു: ദൈവം ഭൂമിയിലേക്ക് ഇറങ്ങിവന്ന ഗോവണി യാണ് മറിയം. മനുഷ്യന് സ്വർഗ്ഗത്തിലേക്ക് കയറാനുള്ള ഗോവണി മറിയമാണ്. നാം ജപമാല ചൊല്ലുമ്പോൾ നിത്യജീവനിലേക്കുള്ള ഗോവ ണിപ്പടികളിലാണ് പാദങ്ങൾ ഊന്നുന്നത്. വ്യക്തിപരമായി കൂടുതൽ ജപമാല ചൊല്ലുവാനും അതുവഴി നിരന്തരം ദൈവസാന്നിധ്യ സ്മരണ യിലായിരിക്കുവാനും നമുക്ക് പരിശ്രമിക്കാം.

കുടുംബപ്രാർത്ഥനകൾ ആഘോഷമായി നടത്തേണ്ട മാസമാണ് ഒക്ടോബർ മാസം. നമ്മുടെ കുടുംബങ്ങളുടെ ശക്തിയും ചൈതന്യവും തിരുഹൃദയരൂപത്തിനുമുമ്പിൽ മുട്ടുകുത്തി കുടുംബാംഗങ്ങൾ ഒരുമിച്ച് നടത്തുന്ന കുടുംബ പ്രാർത്ഥനയാണ്. ജപമാല പ്രാർത്ഥനയാണ് കുടും ബപ്രാർത്ഥനയുടെ ഹൃദയഭാഗം. കുടിയേറ്റക്കാരായ നമ്മുടെ പൂർവ്വി കർ പ്രതിസന്ധികളെ അതിജീവിച്ചത് ആത്മീയ ജീവിതത്തിന്റെ ശക്തി കൊണ്ടായിരുന്നു. ജപമാല കുടുംബങ്ങൾക്ക് സംരക്ഷണ കോട്ടയാ യിരുന്നു. ദിവസവും ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന കുടുംബങ്ങ

ളുടെ പരിസരത്ത് അടുക്കുവാൻ പിശാചിനാവില്ല. ഒരു ജപമാല പ്രാർത്ഥനയെങ്കിലും കുടുംബാംഗങ്ങൾ ഒരുമിച്ച് ചൊല്ലുന്ന പാരമ്പര്യത്തിൽ നിന്ന് നാം പിന്നോട്ട് പോകരുത്. കുടുംബങ്ങൾ ഇന്ന് നേരിടുന്ന പല പ്രതിസന്ധികളുടെയും മൂലകാരണം കുടുംബപ്രാർത്ഥനകളിൽ വരുന്ന വീഴ്ചയാണ്. 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ഉയരുന്ന കുടുംബങ്ങളുടെ മുമ്പിൽ പരിശുദ്ധ മറിയം സംരക്ഷണകോട്ട തീർക്കും. മയക്കുമരുന്നുകളുടെയും പ്രണയചതികളുടെയും രൂപത്തിൽ വരുന്ന തിന്മയുടെ ശക്തികൾ ഈ സംരക്ഷണ കോട്ടക്കുമുമ്പിൽ തകർന്നു വീഴും.

ഇടവകകളിൽ പ്രാധാന്യത്തോടെ ജപമാല മാസാചരണം നടത്തുവാൻ സ്നേഹത്തോടെ ഓർമ്മപ്പെടുത്തട്ടെ. ഈ മാസം മുഴുവൻ പള്ളികളിൽ ജപമാല ചൊല്ലുവാനും ഏതെങ്കിലും 10 ദിവസങ്ങൾ ആഘോഷമായി ജപമാല ചൊല്ലുവാനും ശ്രദ്ധിക്കണം. ഭക്തസംഘടനകൾ, കുടുംബകൂട്ടായ്മകൾ എന്നിവരുടെ സഹായത്തോടെ ഒക്ടോബർ മാസത്തിലെ ഒരു ദിവസം പതിമൂന്നു മണിക്കൂർ ആരാധനയും അഖണ്ഡ ജപമാലയും നടത്തുവാൻ പരിശ്രമിക്കണം. സൺഡേസ്കൂൾ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് ഏതെങ്കിലുമൊരു ഞായറാഴ്ച ജപമാല പ്രദക്ഷിണം നടത്തുന്നതും ഉചിതമാണ്. വി. ബർണദ്ദീൻ ഇപ്രകാരം പറയുന്നു. നിങ്ങൾ മറിയത്തെ നന്മ നിറഞ്ഞവൾ എന്ന് വിളിക്കുമ്പോൾ അനുഗ്രഹങ്ങൾ വാരി വിതറി അവൾ മറുപടി നല്കും. പരിശുദ്ധ അമ്മയെ നമുക്ക് ആഴത്തിൽ സ്നേഹിക്കാം. ഏതു പ്രതിസന്ധിയിലും ജപമാലയെ മുറുകെ പിടിക്കാം.

നിങ്ങളെ എല്ലാവരെയും ഈശോയുടെ തിരുഹൃദയത്തിനും പരിശുദ്ധ ജപമാല രാജ്ഞിയുടെ സംരക്ഷണത്തിനും സമർപ്പിക്കുന്നു. പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ നിങ്ങൾ ഏവരെയും ആശീർവ്വദിച്ചുകൊണ്ട്

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2025 സെപ്റ്റംബർ 21 ന് വി. മത്തായി ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2025 സെപ്റ്റംബർ 28-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 661 /2025, Circular No. 14/2025

## കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രീസ്

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

"ഹൃദയം നുറുങ്ങിയവർക്ക് കർത്താവ് സമീപസ്ഥനാണ് മനമുരുകിയവരെ അവിടുന്ന് രക്ഷിക്കുന്നു" (സങ്കീ. 34,18) എന്ന തിരുവചനം ദൈവത്തിന് മനുഷ്യരോടുള്ള കരുതലും സ്നേഹവും വെളിപ്പെടുത്തുന്നു. ഒക്ടോബർ 10 ലോക മാനസീക ആരോഗ്യ ദിനമായി ആചരിക്കുകയാണല്ലോ. ശാരീരിക ആരോഗ്യം പോലെതന്നെ പ്രധാനപ്പെട്ടതാണ് മാനസിക ആരോഗ്യവുമെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. മാനസികമായി കരുത്തുള്ളവർ ശാരീരിക രോഗങ്ങളെയും പ്രതിസന്ധികളെയും തരണം ചെയ്യുമ്പോൾ ശാരീരികമായി കരുത്തുള്ള പലരും മാനസികമായി തളർന്ന് ജീവിതം അവസാനിപ്പിക്കുന്ന സങ്കടകരമായ സംഭവങ്ങളും ഉണ്ടാകാറുണ്ട്. ആധുനീക കാലഘട്ടത്തിലെ മനുഷ്യന്റെ ജീവിതം സങ്കീർണ്ണതകളിലൂടെയാണ് കടന്നുപോകുന്നത്. നിരന്തരമായ മാനസിക സമ്മർദങ്ങൾ അവന്റെ വ്യക്തിജീവിതത്തെയും കുടുംബജീവിതത്തെയും താളംതെറ്റിക്കുന്ന ഒട്ടനവധി സംഭവങ്ങൾ ദിനംപ്രതി വർധിച്ചുവരുന്നു. വ്യക്തികൾ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ തുറന്നു പറയാനും പരിഹാരം കണ്ടെത്താനും കഴിഞ്ഞാൽ ഈ പ്രതിസന്ധികളെ അതിജീവിക്കാൻ അവർക്ക് കഴിയും.

സങ്കടപ്പെടുന്നവരെ ചേർത്തുപിടിക്കുന്ന നല്ല സമരിയാക്കാരന്റെ ദൗത്യമാണ് സഭയ്ക്കുള്ളത് എന്ന ബോധ്യത്തിൽ അസോസിയേഷൻ ഓഫ് കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഭാരത കത്തോലിക്കാ മെത്രാൻ

സമിതി (CBCI) തീരുമാനിക്കുകയുണ്ടായി. തലശ്ശേരി അതിരൂപത യിൽ അസോസിയേഷൻ ഓഫ് കാത്തലിക് മെന്റൽ ഹെൽത്ത് മിനി സ്ട്രിയുടെ അതിരൂപതാതല യൂണിറ്റ് സ്ഥാപിക്കുകയാണ്. ഇതിന്റെ പ്രവർത്തനങ്ങൾ തലശ്ശേരി അതിരൂപതയിലെ സഹായവേദിയായ - (TRACE) - ഹെൽപ് ഡെസ്കിന്റെ - നേതൃത്വത്തിലായിരിക്കും നട പ്പിലാക്കുക. ഇടവകാതലത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ ഊർജിത മാക്കാൻ വികാരിയച്ചനോട് ചേർന്ന് ഹെൽപ്പ് ഡെസ്ക് അംഗങ്ങളും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളും പരിശ്രമിക്കുമല്ലോ. പലപ്പോഴും മാനസിക ആരോഗ്യത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട് വളരെ വികലമാണ്. തനിക്ക് മാനസിക ബുദ്ധിമുട്ടുണ്ടെന്ന് സമ്മതി ക്കുന്നതിനെക്കാളും അംഗീകരിക്കുന്നതിനെക്കാളും എളുപ്പം ജീവിതം അവസാനിപ്പിക്കുതാണ് നല്ലത് എന്ന് ചിന്തിക്കുന്നവരുണ്ട്. വളരെ എളു പ്പത്തിൽ പരിഹരിക്കാവുന്ന പല വിഷയങ്ങളും നാണക്കേടും വ്യർത്ഥാ ഭിമാനവും മൂലം തുറന്നു സംസാരിക്കുവാൻ കഴിയാത്തതിനാൽ വലിയ ദുരന്തങ്ങളിൽ അവസാനിച്ചിട്ടുണ്ട്.

കുടുംബപ്രശ്നങ്ങൾ, ജോലി സംബന്ധമായ സമ്മർദങ്ങൾ, ബന്ധ ങ്ങളിലെ വെല്ലുവിളികൾ തുടങ്ങിയ ജീവിതപ്രതിസന്ധികളെക്കുറിച്ച് തുറന്നു സംസാരിക്കാനും അതിന് പരിഹാരം കണ്ടെത്താനും ഒരു കൗൺസിലറുടെ സഹായം തേടുന്നത് ഉചിതമാണ്. സൈക്യാട്രി ഡോക്ടർക്കാണ് മാനസിക രോഗങ്ങൾക്ക് മരുന്ന് നൽകാനും ചികി ത്സിക്കാനും കഴിയുന്നത്. മാനസിക രോഗങ്ങൾക്ക് ശാരീരിക കാരണ ങ്ങളുണ്ടെങ്കിൽ അത് കണ്ടെത്താനും മരുന്ന് ഉപയോഗിച്ച് ചികിത്സി ക്കാനും അവർക്ക് സാധിക്കും. എന്നാൽ ഒരു പേഴ്സണൽ കൗൺസി ലർ സഹായത്തിന് ഉണ്ടെങ്കിൽ ജീവിതത്തിലെ പല പ്രതിസന്ധിക ളെയും എളുപ്പത്തിൽ മറികടക്കാൻ നമുക്ക് സാധിക്കും. ഒരു സുഹൃ ത്തിനോട് സംസാരിക്കുന്നതിനെക്കാൾ കൂടുതൽ ശാസ്ത്രീയവും പ്രൊഫഷണലുമായ സഹായം കൗൺസിലറിലൂടെ ലഭിക്കുന്നു.

മാനസികാരോഗ്യ വിദഗ്ദ്ധരുടെ സഹായം തേടുന്നത് ഒട്ടും ലജ്ജാ കരമായ കാര്യമല്ല, മറിച്ച് നമ്മുടെ ജീവിതത്തെ കൂടുതൽ മെച്ചപ്പെടു ത്താനുള്ള ഒരു നല്ല മാർഗ്ഗമാണ്. മാനസികാരോഗ്യത്തെക്കുറിച്ച് സമൂ ഹത്തിൽ അവബോധം സൃഷ്ടിക്കുക, ആത്മീയമായി തളർന്നവർക്ക് പ്രാർത്ഥനയിലൂടെയും സംസാരത്തിലൂടെയും പിന്തുണ നല്കുക, മാന സികാരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നവരോട് സംസാരിക്കുക, വ്യക്തികൾക്കാവശ്യമായ കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാക്കുക,

കൂടുതൽ വിദഗ്ധമായ ചികിത്സ ആവശ്യമുള്ളവർക്ക് സഹായം നൽകുക, മാനസിക രോഗങ്ങളിൽ നിന്ന് മുക്തരായവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരികെ കൊണ്ടുവരാൻ സഹായിക്കുക, മാനസികാരോഗ്യത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക, ആവശ്യമുള്ളവരെ ശരിയായ സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യുക എന്നീ കാര്യങ്ങളാണ് ഈ സംരംഭത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവർക്ക് പരിശീലനം നല്കുവാനും അതിരൂപതയിലെ കൗൺസിലിംഗ് സെന്ററുകൾ, സ്പെഷ്യൽ സ്കൂളുകൾ, മാനസിക അധിവാസകേന്ദ്രങ്ങൾ തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധർ, മറ്റു വ്യക്തികൾ എന്നിവരെ ബന്ധിപ്പിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്.

തലശ്ശേരി അതിരൂപതയിലെ കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രിയുടെ ഉദ്ഘാടനം 2025 ഒക്ടോബർ 13 തിങ്കളാഴ്ച രാവിലെ 9.30 ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിങ് കോളേജിൽവച്ച് നടത്തപ്പെടുകയാണ്. കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രിയുടെ സ്ഥാപക അംഗവും ഇന്റർനാഷണൽ പ്രസിഡന്റുമായ ഡീക്ക എഡ്ഷോണർ ഈ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ഈ ചടങ്ങിലേക്ക് നിങ്ങളെ ഏവരെയും ഹൃദ്യമായി ഞാൻ സ്വാഗതം ചെയ്യുന്നു. ഈ മഹത്തായ ദൗത്യത്തിൽ സഹകരിച്ചു പ്രവർത്തിക്കുന്ന എല്ലാ വൈദികരെയും സമർപ്പിതരെയും അല്മായ സഹോദരങ്ങളെയും അഭിനന്ദിക്കുന്നു. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് കൂടുതൽ ആളുകൾ ഈ ഒരു മേഖലയിലേക്ക് കടന്നുവരണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ നിങ്ങൾ ഏവരെയും ആശീർവ്വദിച്ചുകൊണ്ട്

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2025 സെപ്റ്റംബർ 27 ന് വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2025 ഒക്ടോബർ 05–ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 0711/2025

# സർക്കുലർ
# സമുദായ ശക്തീകരണവർഷം - 2026

*സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭ ആധുനികലോകത്തിൽ എന്ന പ്രമാണരേഖ സഭയും ലോകവും തമ്മിലുള്ള ബന്ധം ഇങ്ങനെയാണ് അവതരിപ്പിക്കുന്നത്. സഭയും ലോകവും രണ്ടു വ്യത്യസ്ത ധ്രുവങ്ങളിൽ നില്ക്കുന്ന യാഥാർഥ്യങ്ങളല്ല. ലോകത്തിന്റെ മൂല്യക്രമമല്ല പിന്തുടരുന്നതെങ്കിലും സഭ ലോകത്തിലാണ് നിലനില്ക്കുന്നത്. ലോകത്തെ ദൈവരാജ്യത്തിനായി തയ്യാറാക്കുകയാണ് സഭയുടെ ദൗത്യം. ആത്മീയശുശ്രൂഷകൾ പരികർമം ചെയ്യുന്നതിലൂടെ മാത്രം ഈ ദൗത്യം പൂർത്തിയാകുന്നില്ല. മനുഷ്യനന്മ കേന്ദ്രീകരിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും സഭയുടെ ദൗത്യനിർവഹണത്തിന്റെ ഭാഗമാണ്. ദൈവികപദ്ധതിയനുസരിച്ചു മനുഷ്യസമൂഹത്തെ സത്യത്തിലും നീതിയിലും സ്നേഹത്തിലും ഉറപ്പിക്കാനുള്ള കടമയും അതിൽ ഉൾപ്പെടുന്നുണ്ട്. ദൈവജനത്തിന്റെ ഭൗതിക ആവശ്യങ്ങളിലും അനുദിന ജീവിതമേഖലകളിൽ അവർ നേരിടുന്ന വെല്ലുവിളികളിലും സഭയുടെ ശ്രദ്ധ പതിയേണ്ടതുണ്ട്. ഈ ഉത്തരവാദിത്വനിർവഹണത്തിന്റെ ഭാഗമായി, സീറോമലബാർ സഭംഗങ്ങളുടെ സാമൂഹിക, സാംസകാരിക, സാമ്പത്തിക പരിതസ്ഥിതിയെക്കുറിച്ചു യാഥാർഥ്യബോധത്തോടെ നടത്തിയ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് 2025 ജനുവരിയിൽ ചേർന്ന സഭയുടെ മെത്രാൻ സിനഡ് 2026 സമുദായ ശക്തീകരണവർഷമായി പ്രഖ്യാപിച്ചത്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിയ നിയതമായ പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷമാണു സീറോമലബാർ സഭയിൽ ഇപ്രകാരമൊരു വർഷാചരണം പ്രഖ്യാപിച്ചിരിക്കുന്നത്. സർക്കാർ തലത്തിലും സഭാതലത്തിലും സമീപകാലങ്ങളിൽ നടത്തപ്പെട്ട സർവേകളും പഠനറിപ്പോർട്ടുകളും സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിശദമായി പഠിച്ചു. ക്രൈസ്തവർ സമകാലിക സമൂഹ

ത്തിൽ ശ്രദ്ധപതിപ്പിക്കേണ്ട വിവിധ മേഖലകളെയും ഒരു സമൂഹമെന്ന നിലയിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയുംകുറിച്ചുള്ള പഠനങ്ങൾ സിനഡുസമ്മേളനങ്ങളിലും 2024 ആഗസ്റ്റ് മാസത്തിൽ പാലായിൽ നടത്തിയ അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലും അവതരിപ്പിച്ചു. നമ്മുടെ ജനസംഖ്യയുടെ വളർച്ച, കാർഷികമേഖലയിലെ വെല്ലുവിളികൾ, സാമ്പത്തിക, വ്യാപാര, തൊഴിൽ മേഖലകളിലും സർക്കാരുദ്യോഗതലങ്ങളിലുമുള്ള നമ്മുടെ പ്രാതിനിധ്യം, വിദ്യാഭ്യാസ, രാഷ്ട്രീയ, സാമൂഹിക, മാധ്യമരംഗങ്ങളിലുള്ള നമ്മുടെ സാന്നിധ്യം, സർക്കാർ പദ്ധതികളിലും ആനുകൂല്യങ്ങളിലും നമുക്കു ന്യായമായി ലഭിക്കേണ്ട വിഹിതം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ ഉയർന്നുവന്ന നിർദേശപ്രകാരമാണ് സമുദായ ശക്തീകരണവർഷം ആചരിക്കുന്നത്.

സമുദായം എന്ന പദം എന്തിനാണ് ഉപയോഗിക്കുന്നത്, സഭയെന്നു തന്നെ പറഞ്ഞാൽ മതിയാകുമല്ലോ എന്നു ചിലർ അഭിപ്രായപ്പെടാറുണ്ട്. എന്നാൽ, ക്രിസ്തീയസമൂഹത്തിന്റെ സാമൂഹികതലങ്ങളെ പ്രത്യേകമായി എടുത്തുകാണിക്കുന്നതിനും ഭൗതികമേഖലകളിൽ ക്രൈസ്തവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ വ്യക്തതയോടെ അവതരിപ്പിക്കുന്നതിനും സമുദായം എന്ന വാക്കാണ് കൂടുതൽ ഫലപ്രദം. ഒരു സഭയെന്നതിനൊപ്പം ഒരു സമുദായമായിക്കൂടി നമ്മെ മനസിലാക്കുമ്പോഴാണ് പൊതുസമൂഹത്തിൽ ഈ കൂട്ടായ്മയുടെ ആഭ്യന്തര കെട്ടുറപ്പും ഐക്യവും കൂടുതൽ ദൃഢമാകുന്നതും പോരായ്മകൾ കണ്ടെത്തി പരിഹരിക്കാനും പുതിയ മുന്നേറ്റങ്ങൾക്കു തുടക്കം കുറിക്കാനും നമുക്കു സാധിക്കുന്നതും. ചുരുക്കിപ്പറഞ്ഞാൽ സഭ എന്ന പദം ഉപയോഗിക്കുമ്പോൾ നമ്മുടെ സ്വാഭാവിക ചിന്തയിലേക്കുവരാത്ത സാമൂഹ്യജീവിതസാഹചര്യങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് സമുദായം എന്ന വാക്കു ബോധപൂർവം ഉപയോഗിക്കുന്നത്. ഒരു ഹൃദയവും ഒരാത്മാവുമായിരുന്ന ആദിമക്രൈസ്തവ സമൂഹത്തെയും (അപ്പ. 4:32) വിശ്വാസത്താൽ ഒരേകുടുംബത്തിലെ അംഗങ്ങളായവർക്കു നൻമ ചെയ്യാനുള്ള (ഗലാ 6:10) പൗലോസ് ശ്ലീഹായുടെ ആഹ്വാനത്തെയും ധ്യാനിക്കുമ്പോൾ, പരസ്പരം സ്നേഹിച്ചും പിന്തുണച്ചും ആത്മീയമായും ഭൗതീകമായും സഹായിച്ചും ഉദാത്തമായ ക്രിസ്തീയസാഹോദര്യത്തിൽ വളരുന്ന ഒരു സമുദായമായി നമ്മൾ മാറണമെന്ന ബോധ്യം കൈവരുന്നു.

സമുദായ ശക്തീകരണവർഷാചരണം ഫലപ്രദമായി സംഘടിപ്പിക്കാനുള്ള ചുമതല സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷനെയാണ് സിനഡ് ഏല്പ്പിച്ചിരിക്കുന്നത്. നമ്മുടെ സമുദായസംഘ

ടനയായ കത്തോലിക്കാ കോൺഗ്രസ് ഈ ദൗത്യത്തിൽ കമ്മീഷന്റെ പ്രധാന സഹകാരിയാണ്. നമ്മുടെ സഭയിലെ മെത്രാൻമാർ, വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, പാസ്റ്ററൽ, ഫൊറോനാ, പാരിഷ് കൗൺസിലുകൾ, മാതൃവേദി, എസ്.എം.വൈ.എം., മിഷൻ ലീഗ്, ഡി.സി.എം.എസ് തുടങ്ങിയ സഭാതല അത്മായസംഘടനകൾ, ഇവയ്ക്കു പുറമെയുള്ള രൂപതാതല സംഘടനകൾ, മതാധ്യാപകർ, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, സ്കൂൾ, കോളേജ് അധ്യാപകർ, ഉദ്യോഗസ്ഥർ, റിട്ട. ഉദ്യോഗസ്ഥർ, അഭിഭാഷകർ, ആരോഗ്യപ്രവർത്തകർ, കർഷകർ, വ്യാപാരി വ്യവസായികൾ എന്നിങ്ങനെ എല്ലാ തലത്തിലുമുള്ളവരുടെയും പൂർണമായ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടിയാണ് ഈ വർഷാചരണം നടത്താൻ ആഗ്രഹിക്കുന്നത്. സഭയിലെ അല്മായരും സമർപ്പിതരും പട്ടക്കാരും മേൽപ്പട്ടക്കാരുമെല്ലാം ഈ സമുദായത്തിന്റെ ഭാഗംതന്നെയാണല്ലോ.

ഈ വർഷാചരണത്തിന്റെ കർമപദ്ധതി പ്രാരംഭഘട്ടം, പ്രായോഗികഘട്ടം, അനുബന്ധഘട്ടം എന്നിങ്ങനെ മൂന്നുഘട്ടങ്ങളായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രാരംഭഘട്ടം ഇന്ന് ഈ സർക്കുലർ വായനയോടുകൂടി ആരംഭിക്കുകയാണ്. 2025 ഡിസംബർ മാസാവസാനം വരെയാണ് പ്രാരംഭഘട്ടത്തിനായി നീക്കിവച്ചിരിക്കുന്ന സമയം. ഈ ഘട്ടത്തിൽ സമുദായവിഷയങ്ങളെക്കുറിച്ചുള്ള ബോധവത്കരണമാണ് നടത്തേണ്ടത്. അത് വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, അല്മായർ എന്നിങ്ങനെ സഭയിലെ എല്ലാ തലങ്ങളിലുമുള്ളവർക്കായി നടത്തപ്പെടണം. രൂപതകൾ, ഇടവകകൾ, സെമിനാരികൾ, സമർപ്പിതസമൂഹങ്ങൾ, കോർപ്പറേറ്റ് മാനേജ്മെന്റുകൾ, അൺഎയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, ഇതര വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ തങ്ങളുടേതായ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ ക്രമീകരിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കെ.സി.എസ്.എൽ, സി. എസ്.എം. തുടങ്ങിയ സംഘടനകളുടെ സഹായത്തോടെ ഇതു നടപ്പിലാക്കാൻ സാധിക്കും.

സമുദായ ബോധവത്കരണത്തിനു സഹായകമാകത്തക്കവിധത്തിൽ പബ്ലിക് അഫയേഴ്സ് കമ്മീഷൻ മനോഹരമായ ഒരു കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സമുദായ ശക്തീകരണ കർമപദ്ധതിയുടെ വിശദാംശങ്ങൾ ഇതിലുണ്ട്. രൂപതകളിൽ റിസോഴ്സ് ടീം രൂപീകരിച്ച് കൈപ്പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ബോധവത്കരണപ്രവർത്തനങ്ങൾ നടത്തണം. ദീപിക, ഷെക്കെയ്ന, ശാലോം, ഗുഡ്നെസ് തുടങ്ങി സഭയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മുഖ്യധാരാമാധ്യമങ്ങളും ഓൺലൈൻ മാധ്യമങ്ങളും ഈ ബോധവത്കരണ പ്രക്രിയ

യിൽ സജീവപങ്കാളികളാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. സമുദായം നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിയുന്നതും അവയ്ക്കുള്ള പരിഹാരം കണ്ടെത്തുന്നതുമാണ് ഈ വർഷം ആചരിക്കുന്നതിലൂടെ നമ്മൾ ലക്ഷ്യമിടുന്നത്.

രണ്ടാംഘട്ടം പ്രായോഗികഘട്ടമാണ്. ഇത് 2026 ജനുവരി 6, ദനഹാത്തിരുന്നാളിൽ ഉദ്ഘാടനം ചെയ്യപ്പെടും. കൈപ്പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ള കർമപദ്ധതികൾ പരമാവധി എല്ലാത്തലങ്ങളിലും നടപ്പിലാക്കിയെടുക്കുകയാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്. അവയിൽ ചില കാര്യങ്ങൾ നമുക്ക് 2026 ൽ ത്തന്നെ ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കും. അതേസമയം ചില കാര്യങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടവയും സാവധാനം ലക്ഷ്യത്തിലെത്തുന്നവയുമാണ്. സമുദായശക്തീകരണപ്രവർത്തനങ്ങൾ ഈ ഒരു വർഷംകൊണ്ട് അവസാനിപ്പിക്കേണ്ടവയല്ല, നിരന്തരം തുടരേണ്ടവയാണ്. അതിനാൽ, തുടർവർഷങ്ങളെ അനുബന്ധഘട്ടമായാണ് കണക്കാക്കുന്നത്. 2026 ലെ വർഷാചരണം സമുദായശക്തീകരണത്തിന്റെ പ്രാരംഭനടപടിയും പ്രായോഗികപരിശീലനവും മാത്രമാണ്.

ഈ വർഷാചരണത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് എല്ലാ രൂപതകളിലും ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഒരു വികാരി ജനറാളിന് വർഷാചരണത്തിന്റെ പ്രത്യേക ചുമതലയുണ്ടാകണം. അദ്ദേഹത്തിന്റെ കീഴിൽ ഒരു വൈദികൻ വർഷാചരണ പ്രവർത്തനങ്ങളുടെ ഡയറക്ടറായും ഒരു അല്മായൻ കൺവീനറായും പ്രവർത്തിക്കണം. പ്രസ്തുത വികാരി ജനറാൾ ചെയർമാനായി രൂപതാതല സമുദായ ശക്തീകരണകമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റിയിൽ വൈദികർ, സമർപ്പിതർ, സംഘടനകൾ, മതാധ്യാപകർ തുടങ്ങി രൂപതയുടെ എല്ലാത്തലങ്ങളിലുള്ളവരുടെ പ്രതിനിധികൾ ഉണ്ടാകണം. ഫൊറോനാ, ഇടവകതലങ്ങളിലും ഈ കമ്മിറ്റിക്കു കീഴ്ഘടകങ്ങൾ ഉണ്ടാകണം. ഈ സുപ്രധാന കമ്മിറ്റിയാണ് വർഷാചരണ പ്രവർത്തനങ്ങൾക്കു അതാതു രൂപതകളിൽ നേതൃത്വംനല്കേണ്ടത്. ഈ കമ്മിറ്റിയുടെ ചുമതലയിൽ റിസോഴ്സ് ടീം രൂപീകരിക്കുകയും ബോധവത്കരണം ഊർജിതമായി നടത്തുകയുംചെയ്യണം.

സമുദായ ശക്തീകരണ വർഷാചരണത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ അവരവരുടെ തലങ്ങളിൽ പ്രത്യേകമായി താത്പര്യമെടുത്തു പ്രവർത്തിക്കണമെന്ന് നമ്മുടെ സഭയിലെ എല്ലാവരോടും ഞാൻ അഭ്യർഥിക്കുന്നു. പ്രവാസജീവിതത്തിൽനിന്നു മടങ്ങിയെത്തിയ ഇസ്രായേൽ ജനത്തോടു നെഹെമിയാ നടത്തിയ ആഹ്വാനം നമുക്ക്

ഓർക്കാം: വരുവിൻ, നമുക്കു ജറുസലേമിന്റെ മതിൽ പണിയാം (2:17). നെഹെമിയായുടെ ആഹ്വാനം സ്വീകരിച്ച ഇസ്രായേലിലെ ഓരോരുത്തരും താന്താങ്ങളുടെ ഭാഗം പണിതു നഗരമതിലിന്റെ പുനരുദ്ധാരണം പൂർത്തിയാക്കി. ഇതുപോലെ സമുദായത്തിലെ ഓരോ അംഗവും ഓരോ വിഭാഗവും താന്താങ്ങളുടെ കർമശേഷി പൂർണമായും ഉപയോഗിച്ചുകൊണ്ട്, കുടുംബകൂട്ടായ്മകളിലും ഇടവകകളിലും ഫൊറോനകളിലും രൂപതകളിലും സമുദായത്തെ ശക്തിപ്പെടുത്താനുള്ള പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കുമ്പോൾ നമ്മുടെ സമുദായം മുഴുവൻ ശക്തിപ്പെടും; സമുദായ ശക്തീകരണവർഷാചരണം നീണ്ടുനില്ക്കുന്ന ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യും.

നമ്മുടെ എല്ലാ സംരംഭങ്ങളിലും നമ്മുടെ കർത്താവിന്റെ അനുഗ്രഹവും കാരുണ്യവും ഉണ്ടായിരിക്കട്ടെ! നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമാതാവും മാർത്തോമാ ശ്ലീഹായും നമ്മുടെ സഭയിലെ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ഏറെ പ്രത്യേകമായി കേരളത്തിന്റെ നവോത്ഥാന നായകനായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ഭാരതത്തിലെ അല്മായരുടെ പ്രത്യേക മധ്യസ്ഥനായി പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ പ്രഖ്യാപിച്ച വിശുദ്ധ ദേവസഹായവും നമുക്കുവേണ്ടി പ്രാർഥിക്കട്ടെ!

കാക്കനാട് മൗണ്ട്സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2025-ാം ആണ്ട് സെപ്റ്റംബർ മാസം 25-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

*NB:* ഈ സർക്കുലർ 2025 ഒക്ടോബർ 12-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകപ്പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

No.: 4136/K-5/KCBC/OL/DS 13.09.2025

**2025 മഹാജൂബിലി സമാപന സമ്മേളനത്തോടനുബന്ധിച്ച്**
**കെസിബിസി പുറപ്പെടുവിക്കുന്ന ഇടയലേഖനം ഡിസംബർ 13, 2025**

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമ 5:5): വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിലെ ഈ വാക്കുകൾ, ക്രൈസ്തവജീവിതത്തിലെ കൃപയുടെ സാന്നിധ്യത്തെ ഓർമ്മിപ്പിക്കുന്നു. പ്രത്യാശയുടെ ഈ സന്ദേശമാണ് 2025-ലെ സാധാരണ ജൂബിലിയുടെ ആപ്തവാക്യമായി ഫ്രാൻസിസ് പാപ്പാ നമുക്കു നൽകിയതും.

*Spes non confundit* ("പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല") എന്ന പാപ്പായുടെ ജൂബിലി സ്ഥാപകലേഖനത്തിലൂടെ, ഈ ജൂബിലിവർഷം ഓരോ വ്യക്തിക്കും കർത്താവായ യേശുക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടാനുള്ള അവസരമാകണമെന്ന് ഫ്രാൻസിസ് പാപ്പാ ആഗ്രഹിച്ചു. "നമ്മുടെ പ്രത്യാശ" (1 തിമോ 1:1) ആയ ക്രിസ്തുവിനെ എല്ലാകാലത്തും, എല്ലായിടത്തും, എല്ലാവരോടും പ്രഘോഷിക്കാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു.

ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വങ്ങൾക്കിടയിൽ പ്രതീക്ഷയും ആനന്ദവും വെറും മിഥ്യയാണെന്നുള്ള കാഴ്ചപ്പാടുകൾ വളരുകയും നിസ്സംഗതയും ആകുലതയും ക്രമരഹിതമായി വ്യാപിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ പ്രത്യാശ വീണ്ടെടുക്കാനുള്ള അവസരമാണ് ജൂബിലി നല്കുന്നത്. യേശു ക്രിസ്തുവിലുള്ള വിശ്വാസമാണ് നമുക്കു പ്രത്യാശ പകരുന്നത്. നമ്മുടെ കാലഘട്ടത്തിന്റെ വെല്ലുവിളികളോട് പ്രത്യാശയോടെ പ്രതികരിക്കാൻ വിശ്വാസം നമുക്ക് ഊർജം പകരുന്നു. ജീവിതത്തിന്റെ മാന്യതയും ജീവന്റെ മാഹാത്മ്യവും ഭീതികരമായ രീതിയിൽ അവഗണിക്കപ്പെടുന്ന യുദ്ധങ്ങൾ, വംശീയകലാപങ്ങൾ, അധിനിവേശശ്രമങ്ങൾ, ദാരിദ്ര്യം, ചൂഷണം തുടങ്ങിയ യാഥാർഥ്യങ്ങളോടു മുഖംതിരിഞ്ഞുനില്ക്കാൻ സഭയ്ക്കാവില്ല. അതുകൊണ്ടുതന്നെ, ഈ ജൂബിലി വർഷത്തിന്റെ അവസാനദിനങ്ങളിൽ ഭാഗ്യസ്മരണാനാർഹനായ ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ഒരിക്കൽക്കൂടി വിചിന്തനവിധേയമാക്കാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നു.

യുദ്ധദുരിതങ്ങളിൽ മുങ്ങിയിരിക്കുന്ന ഈ ലോകത്ത് സമാധാന സ്ഥാപനത്തിനായുള്ള നമ്മുടെ ആഗ്രഹം പ്രത്യാശയുടെ ആദ്യ അടയാളമായിരിക്കണം. സമാധാനം സ്ഥാപിക്കുന്നവർ ദൈവപുത്രരെന്ന് വിളിക്കപ്പെടുമെന്ന് യേശുവിന്റെ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു (മത്താ 5:9). സമാധാനസ്ഥാപനത്തിനായി ലോകനേതാക്കൾ

മേശയ്ക്കരികിൽ സംവാദത്തിനു തയ്യാറാകണം; നമ്മുടെ കാഴ്ചപ്പാടുകളും ആഭിമുഖ്യങ്ങളും അതിനായി ക്രമപ്പെടുത്തണം; അതിനായി തീക്ഷ്ണമായി പ്രാർഥിക്കുകയും വേണം.

പ്രത്യാശയോടെ ഭാവിയെ ഉറ്റുനോക്കുന്നത് ജീവനോടുള്ള ആദരവിനെയും അത് പങ്കുവെക്കാനുള്ള സന്നദ്ധതയെയും സൂചിപ്പിക്കുന്നു. അമ്മയുടെ ഉദരത്തിൽ തുടങ്ങി സാധാരണ അന്ത്യംവരെയുള്ള ജീവന്റെ മാഹാത്മ്യം അംഗീകരിക്കപ്പെടണം. യുവതലമുറയുടെ സ്വപ്നങ്ങളെ പിന്തുണയ്ക്കുന്ന ഒരു സാമൂഹികക്രമത്തിന് ക്രിസ്തീയ സമൂഹം എന്നും മുന്നിൽ നിൽക്കണം. തടവുകാർ ഉൾപ്പെടെയുള്ളവർക്ക് പ്രത്യാശ പകരുന്നതിന് നമ്മുക്ക് കടമയുണ്ട്. ഉദാരതയുടെയല്ല, മറിച്ച് നീതിയുടെ കാര്യമെന്ന നിലയിൽതന്നെ ദാരിദ്ര്യം അവസാനിപ്പിക്കാനുള്ള ശ്രമങ്ങളിലേക്ക് സമൂഹത്തെയും ലോകരാഷ്ട്രങ്ങളെയും നയിക്കാൻ പ്രത്യാശയുടെ തീർത്ഥാടകർ എന്ന നിലയിൽ ക്രൈസ്തവ സാന്നിധ്യത്തിന് കഴിയണം. ആയുധങ്ങൾക്കായി ചെലവഴിക്കുന്ന പണം ദാരിദ്ര്യം അവസാനിപ്പിക്കാനും ദരിദ്രരാജ്യങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കാനും ഉപയോഗിക്കണമെന്ന് ആവശ്യപ്പെടാൻ നമുക്ക് കഴിയണം. ദരിദ്രർ, രോഗികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, കുടിയേറ്റക്കാർ, അഭയാർഥികൾ എന്നിങ്ങനെ പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാവരുടെയും മുന്നിൽ പ്രത്യാശയുടെ അടയാളങ്ങളാകാൻ ജൂബിലി നമ്മെ ക്ഷണിക്കുന്നു.

പ്രത്യാശയും ക്ഷമയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികം ആഘോഷിക്കുന്ന ഈ ജൂബിലി അവസരം, എല്ലാ സഭകൾക്കും കൂട്ടായ്മകൾക്കും ഐക്യത്തിലേക്കുള്ള യാത്രയിൽ മുന്നോട്ട് പോകാനുള്ള ഒരു ആഹ്വാനം കൂടിയാണ്. "നമ്മുടെ ആത്മാവിന്റെ ഉറപ്പുള്ളതും സുസ്ഥിരവുമായ ഒരു നങ്കൂര"മായി (ഹെബ്രാ 6:19) പ്രത്യാശയെ മുറുകെപിടിക്കാൻ നാം തയ്യാറാകണം.

പരിശുദ്ധ പിതാവ് ലെയോ 14-ാമൻ പാപ്പ 2025 ആഗസ്റ്റ് 3-നു റോമിൽ നടന്ന യുവജന ജൂബിലിക്ക് നല്കിയ വചനസന്ദേശത്തിൽ ഈ ആശയങ്ങളെ വ്യക്തമായി സംഗ്രഹിക്കുന്നുണ്ട്. "നമ്മുടെ പ്രത്യാശ" (1 തിമോ 1:1) ആയ ക്രിസ്തുവിനോട് ഐക്യപ്പെടുമ്പോൾ നാം ഓരോരുത്തരും അനുകമ്പയിലും ഉപവിയിലും ദയയിലും എളിമയിലും ക്ഷമയിലും സമാധാനത്തിലും വളരേണ്ടതായിട്ടുണ്ട്. കാരണം, പ്രത്യാശ പ്രകടമാക്കുന്നത് ദൈവസ്നേഹമാണ്. അതുകൊണ്ടാണ് പ്രത്യാശ നമ്മെ നിരാശപ്പെടുത്താത്തത്.

**ജൂബിലി സമാപനസമ്മേളനം**

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമാ 5:5) എന്ന സന്ദേശം ഒരിക്കൽക്കൂടി പങ്കുവെക്കുന്നതിനായി ജൂബിലി വർഷാചരണത്തിന്റെ

സമാപനസമ്മേളനം കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. ഈ സമ്മേളനം 2025 ഡിസംബർ 13, ശനിയാഴ്ച, കേരളസഭയിലെ എല്ലാ മെത്രാന്മാരുടെയും സാന്നിധ്യത്തിൽ ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിൽവച്ച് നടക്കും. എല്ലാ രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും സഭാസംഘടനകളിൽനിന്നുമുള്ള നിശ്ചയിക്കപ്പെട്ട പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

രാവിലെ പത്തുമണിക്ക് ആരംഭിക്കുന്ന പൊതുസമ്മേളനത്തെ തുടർന്ന് വൈദികർ, സന്യസ്തർ, അത്മായർ, യുവജനങ്ങൾ, വൈദിക വിദ്യാർത്ഥികൾ എന്നിങ്ങനെ വിവിധവിഭാഗങ്ങളായി തിരിഞ്ഞുള്ള പഠനവും ചർച്ചയും ഉണ്ടാകും. സമൂഹദിവ്യബലിയും തുടർന്നുള്ള സമാപന സമ്മേളനവും ഉൾപ്പെടെയുള്ള ജൂബിലിസമ്മേളനത്തിന്റെ കാര്യപരിപാടികൾ വൈകിട്ട് നാലുമണിയോടുകൂടി സമാപിക്കുന്നതാണ്.

സന്യാസസമൂഹങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഇടവകകളിൽനിന്നും മറ്റുമുള്ള പ്രതിനിധികളെ രൂപതാടിസ്ഥാനത്തിൽ മുൻകൂട്ടി നിശ്ചയിച്ച്, രൂപതാ കാര്യാലയങ്ങളിൽനിന്നും 2025 ഒക്ടോബർ 31-നുള്ളിൽ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി.ഒ.സി.) ഡയറക്ടറെ അറിയിക്കേണ്ടതാണ്.

ജൂബിലി സമ്മേളനത്തിന്റെ വിജയത്തിനായി ഏവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു. പ്രത്യാശയുടെ സുവർണ താരകമായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥവും നമുക്ക് അപേക്ഷിക്കാം. ഈ ജൂബിലിയാഘോഷം എല്ലാവരുടെയും ജീവിതത്തിൽ പ്രത്യാശയുടെ പുതുവഴി തുറക്കട്ടെ. സർവശക്തനായ ദൈവത്തിന്റെ സംരക്ഷണം ഏവർക്കും ലഭിക്കട്ടെ!

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, പി.ഒ.സി., കൊച്ചി – 682025

---

*NB:* ഈ സർക്കുലർ 2025 ഒക്ടോബർ 19-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം
## ഒക്ടോബർ 2025

**1. തലശ്ശേരി അതിരൂപതാ ആലോചനാ സമിതി അംഗങ്ങൾ**

2025–2030 വർഷങ്ങളിലേയ്ക്കുള്ള തലശ്ശേരി അതിരൂപതാ ആലോചനാസമിതി അംഗങ്ങളെ അഭിവന്ദ്യ പിതാവ് നിയമിച്ചു. ആലോചനാ സമിതി അംഗങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. മോൺ. ആന്റണി മുതുകുന്നേൽ
2. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി
3. മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ
4. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ
5. ഫാ. ജോസഫ് കാക്കരമറ്റത്തിൽ
6. ഫാ. ഫിലിപ്പ് കവിയിൽ
7. ഫാ. തോമസ് മേൽവെട്ടത്ത്
8. ഫാ. തോമസ് തെങ്ങുംപള്ളിൽ
9. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ
10. ഫാ. കുര്യാക്കോസ് കളരിക്കൽ
11. ഫാ. ജോർജ് കളപ്പുര
12. ഫാ. സ്കറിയ വടശ്ശേരിൽ

**2. തലശ്ശേരി അതിരൂപതാ ഫിനാൻസ് കൗൺസിൽ അംഗങ്ങൾ**

2025–2028 വർഷങ്ങളിലേയ്ക്കുള്ള തലശ്ശേരി അതിരൂപത ഫിനാൻസ് കൗൺസിൽ അംഗങ്ങളെ അഭിവന്ദ്യ പിതാവ് നിയമിച്ചു. ഫിനാൻസ് കൗൺസിൽ അംഗങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. മോൺ. ആന്റണി മുതുകുന്നേൽ
2. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി
3. മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ
4. ഫാ. ജോസഫ് കാക്കരമറ്റത്തിൽ
5. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ

6. ഫാ. ജോർജ് കാഞ്ഞിരക്കാട്ട്
7. ഫാ. ജോസഫ് ഈനാച്ചേരിൽ
8. ഡോ. സജിമോൻ പാറയ്ക്കൽ
9. മി. ഡെന്നി വട്ടക്കുന്നേൽ
10. ശ്രീമതി. ലിൻസി പ്ലാക്കിയിൽ

**3. പുതിയ നിയമനങ്ങൾ**

1. റവ. ഫാ. ജോസഫ് ആട്ടുക്കാരൻ RCJ - വികാരി, അതിരുമാവ്
2. റവ. ഫാ. സെബാസ്റ്റ്യൻ മാന്തറ CST - അസി. വികാരി, മേരിഗിരി

**4. സംരംഭകരുടെ യോഗം**

തലശ്ശേരി അതിരൂപതാംഗങ്ങളായ സംരംഭകരുടെ ഒരു സമ്മേളനം 2025 ഓക്ടോബർ 04ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽവച്ച് രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെ നടക്കുന്നതായിരിക്കും. ബിസിനസ്സ് മേഖലയിലുള്ള നമ്മുടെ അതിരൂപതാംഗങ്ങളുടെ കൂട്ടായ്മയും പരസ്പര സഹകരണവും ലക്ഷ്യം വച്ചുകൊണ്ടാണ് ഈ യോഗം സംഘടിപ്പിക്കുന്നത്.

**5. പെനുവേൽ - ബഹു. വൈദികരുടെ മാസധ്യാനം**

ഒക്ടോബർ മാസത്തിലെ ബഹു. വൈദികരുടെ മാസധ്യാനം പരിയാരം മദർഹോമിൽവച്ച് ഒക്ടോബർ 09 വ്യാഴാഴ്ച രാത്രി ജാഗരണ പ്രാർത്ഥനയോടെയാണ് നടത്തുന്നത്. ഒക്ടോബർ മാസം ഫൊറോനാ തലത്തിൽ മാസധ്യാനകൂട്ടായ്മ ഉണ്ടായിരിക്കുന്നതല്ല. ഒക്ടോബർ 09 വ്യാഴാഴ്ച രാത്രി 07 മണിക്ക് ആരംഭിച്ച് ഒക്ടോബർ 10 വെള്ളിയാഴ്ച പുലർച്ചെ 05 മണിക്ക് അവസാനിക്കും വിധത്തിലാണ് മാസധ്യാനകൂട്ടായ്മയും ജാഗരണ പ്രാർത്ഥനയും ക്രമീകരിച്ചിരിക്കുന്നത്. ബഹു. ഫൊറോനാ വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഓരോ ഫൊറോനയിൽ നിന്നും ബഹു. വൈദികർ മദർഹോമിൽ എത്തിച്ചേരുമല്ലോ.

**6. വിയാനി നിധി - ബെനഫാക്ടേഴ്സ് മീറ്റ്**

വിയാനി നിധിയിൽ സഹകരിക്കുന്ന ഉപകാരികളുടെ സംഗമം 2025 ഒക്ടോബർ 18 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെ ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് നടത്തുന്നു. ബഹു. വൈദികർ വിയാനി നിധിയിലെ ഉപകാരികളെ ഈ സമ്മേളനത്തെക്കുറിച്ച് അറിയിക്കുമല്ലോ.

**7. മിഷൻ ഞായർ**

ഒക്ടോബർ 19-ാം തീയതി ഞായറാഴ്ചയാണ് ഈ വർഷം മിഷൻ ഞായറായി ആചരിക്കുന്നത്. മിഷൻ ഞായറാഴ്ചത്തെ സ്തോത്ര

ക്കാഴ്ച ആഗോള മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാൻ അതിരൂപതാ കേന്ദ്രത്തിലേക്ക് അയയ്ക്കേണ്ടതാണ്.

**8. സൗഹൃദോത്സവം: ബഹു. വൈദികരുടെ കായികമത്സരങ്ങൾ**

ബഹു. വൈദികർക്കുവേണ്ടിയുള്ള കായികമത്സരങ്ങളുടെ ഭാഗമായി 2025 ഒക്ടോബർ 20 തിങ്കളാഴ്ച വോളിബോൾ, ഷട്ടിൽ മത്സരങ്ങൾ ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തുന്നു. നാലു റീജിയണിലെയും ടീം അംഗങ്ങൾ സമയത്തു എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. സാധിക്കുന്നിടത്തോളം വൈദികർ അന്നേ ദിവസം ചെമ്പേരിയിൽ എത്തിച്ചേരുകയും ടീം അംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

**9. ഉപരിപഠനം**

**റവ. ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത് :** റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ തത്വശാസ്ത്രത്തിൽ ഉപരിപഠനം ആരംഭിച്ച ബഹു. സെബാസ്റ്റ്യൻ തെക്കേടത്ത് അച്ചന് ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**10. അഭിനന്ദനങ്ങൾ**

**i) റവ. ഫാ. സ്കറിയ വടശ്ശേരിൽ :** ബഹു. സ്കറിയ വടശ്ശേരിൽ അച്ചൻ ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് "The Role of Learnability Quotient and Spiritual Intelligence on Employability Among the Educated in South India" എന്ന ടൈറ്റിലിൽ പ്രശംസനീയമാം വിധത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഡോക്ടറേറ്റിന്റെ ഭാഗമായി അദ്ദേഹം വികസിപ്പിച്ചെടുത്ത Learnability Quotient Psychometric Scale ന് ഭാരതസർക്കാരിന്റെ Copy right ഉം ഇൻഡ്യൻ പേറ്റന്റ് ഓഫീസിന്റെ പേറ്റന്റും ലഭിച്ചിട്ടുണ്ട്. പ്രിയപ്പെട്ട സോണി അച്ചന് അനുമോദനങ്ങളും ആശംസകളും നേരുന്നു.

**ii) റവ. ഫാ. ആന്റണി തെക്കേമുറിയിൽ :** ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്ക്കാരത്തിന് ബഹു. ആന്റണി തെക്കേമുറിയിൽ അച്ചൻ അർഹനായി. 2025 സെപ്റ്റംബർ 13 ന് ചങ്ങനാശ്ശേരിയിൽ വച്ചു നടന്ന ചടങ്ങിൽ ആർച്ച് ബിഷപ്പ് എമിരറ്റസ് മാർ ജോസഫ് പെരുന്തോട്ടം പിതാവിൽ നിന്നും ബഹു. ആന്റണി അച്ചൻ പുരസ്ക്കാരം ഏറ്റുവാങ്ങി. ബഹു. ആന്റണി അച്ചന് അനുമോദനങ്ങൾ നേരുന്നു.

**11. ആദരാഞ്ജലികൾ**

**ശ്രീ. എ. സി. ചാക്കോ എടാട്ട് (77):** ബഹു. തോമസ് എടാട്ട് അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. എ. സി. ചാക്കോ എടാട്ട് 2025 സെപ്റ്റംബർ 21ന് നിര്യാതനായി. മൃതസംസ്കാരശുശ്രൂഷകൾ 2025 സെപ്റ്റം

ബർ 24ന് ജോസ്മൗണ്ട് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ടോമിയച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**12. സ്നേഹസ്മൃതി**

1. റവ. ഫാ. ബർത്തലോമിയോ മഴുവഞ്ചേരി സി.എം.ഐ. - 01-10-2006
2. റവ. ഫാ. ജേക്കബ്ബ് ആലുങ്കൽ - 04-10-1994
3. റവ. ഫാ. സെബാസ്റ്റ്യൻ ജോസഫ് കാഞ്ഞിരക്കാട്ട് - 06-10-2017
4. റവ. ഫാ. ജോസഫ് കച്ചിറമറ്റം - 07-10-2001
5. റവ. ഫാ. ജോർജ് നരിപ്പാറ - 18-10-2023
6. റവ. ഫാ. തോമസ് പുറത്തെമുതുകാട്ടിൽ - 21-10-2013
7. റവ. ഫാ. സാബാസ് കുരുവിത്തടം സി.എം.ഐ. - 23-10-1982
8. റവ. ഫാ. മാത്യു കാനക്കാട്ട് - 24-10-2007
9. റവ. ഫാ. ജേക്കബ്ബ് നെടുമ്പിള്ളി - 26-10-2010
10. റവ. ഫാ. അഡ്രിയാൻ സി.എം.ഐ. - 26-10-1978
11. റവ. ഫാ. ഹൊർമീസ് പെരുമാലിൽ സി.എം.ഐ. - 28-10-1986
12. റവ. ഫാ. ജേക്കബ്ബ് കുന്നപ്പള്ളിൽ - 30-10-2002
13. റവ. ഫാ. ജോസഫ് മാണിക്കത്താഴെ - 27-10-2020

Prot. No. 455/2025

**Decretum Suspensionis**

Presbyter Archieparchiae Tellicherriensis, Joseph Nirappel sub suspensione a divinis est. Quare prohibetur munus, ministerium ac officium sacerdotale peragendi.

Emissum ex curia Archieparchiae Tellicherriensis die XXIX mensis Augusti anno MMXXV.

✠ **Joseph Pamplany**
*Archiepiscopus Tellicherriensis*

**Fr. Joseph Muttathukunnel**
*Cancellarius*

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# സാങ്താ മാതാ നേഴ്സിംഗ് കോളേജ് ഗുണ്ടൽപേട്ട്

തലശ്ശേരി അതിരൂപതയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന കർണ്ണാടകയിലെ ഗുണ്ടൽപ്പെട്ടിലുള്ള സാങ്താ മാതാ നേഴ്സിങ്ങ് കോളജിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം 2025 സെപ്റ്റംബർ 20 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. മൈസൂർ - ഗുണ്ടൽപ്പെട്ട ഹൈവേയുടെ സൈഡിൽ മൂന്ന് ഏക്കർ സ്ഥലത്ത് 45,000 ചതുരശ്ര അടി കെട്ടിടമാണ് കോളേജിനുവേണ്ടി നിർമ്മിച്ചത്. കേരളത്തിനു പുറത്തുള്ള തലശ്ശേരി അതിരൂപതയുടെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനമാണ് ഇതോടെ പൂർണ്ണമായ രീതിയിൽ പ്രവർത്തനമാരംഭിച്ചത്. പുതിയ ഹോസ്റ്റൽ കെട്ടിടത്തിന്റെ അടിസ്ഥാന ശിലയുടെ വെഞ്ചരിപ്പ് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് നിർവഹിച്ചു. വികാരി ജനറൽന്മാരായ മോൺ. ആന്റണി മുതുകുന്നേൽ, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, ചാൻസലർ ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, പ്രൊക്യുറേറ്റർ ഫാ. ജോസഫ് കാക്കരമറ്റത്തിൽ, ജുഡീഷ്യൽ വികാർ ഫാ. ജോസ് വെട്ടിക്കൽ, അതിരൂപതാ കേന്ദ്രത്തിലെ വൈദികർ, ബഹു. ഫൊറോനാ വികാരിമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ട്രസ്റ്റ് അംഗങ്ങളായ റവ. ഫാ. മാത്യു ആശാരിപറമ്പിൽ, ഫാ. ഫിലിപ്പ് കവിയിൽ, ഫാ. ജെയിംസ് ചെല്ലംകോട്ട്, ശ്രീ. ഡെന്നി വട്ടക്കുന്നേൽ എന്നിവരും അഡ്വ. സജീവ് ജോസഫ് എം. എൽ. എ, ഡോ. കെ. വെങ്കിടഗിരി (സിൻഡിക്കേറ്റ് മെമ്പർ, RGUHS), അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി മി. ജോർജ് തയ്യിൽ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

വീരാജ്പേട്ടയിലെ ഹെഗ്ളയിലാരംഭിച്ച നേഴ്സിംഗ് കോളേജ് കൂടുതൽ സൗകര്യമുള്ള ഗുണ്ടൽപേട്ടിലേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു. ഒരു പുതിയ വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്നതിന്റെ ബുദ്ധിമുട്ടുകളും പ്രതിസന്ധികളും അതിജീവിക്കുവാൻ സർവ്വശക്തനായ ദൈവം നമ്മുടെ അതിരൂപതയ്ക്ക് കൃപ നല്കി. നേഴ്സിംഗ് കോളേജ് എന്ന സ്വപ്നസാക്ഷാത്കാരത്തിന് കഠിനാധ്വാനം ചെയ്ത ധാരാളം വ്യക്തികളുമുണ്ട്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നിശ്ചയദാർഢ്യവും ആഴമായ ദൈവാശ്രയബോധവും നേഴ്സിംഗ് കോളേജ് യാഥാർത്ഥ്യമാക്കുന്നതിൽ നിർണ്ണായകമായി. കോളേജ് ഡയറക്ടർ

ബഹു. തോമസ് തയ്യിലച്ചന്റെ കഠിനാധ്വാനവും ആത്മാർപ്പണവും കോളേജിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നു. ഒരു സ്ഥാപനം തുടങ്ങുന്നതിന്റെ സർവ്വ ബുദ്ധിമുട്ടുകളും സന്തോഷത്തോടെ ഏറ്റെടുത്ത് തലശ്ശേരി അതിരൂപതയുടെ മികച്ചയൊരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തുടക്കക്കാരനാകുവാൻ ബഹു. സണ്ണിയച്ചന് കഴിഞ്ഞു. ബഹു. ജോജി കാക്കരമറ്റത്തിലച്ചനും ട്രസ്റ്റ് അംഗങ്ങളും പുതിയ നേഴ്സിംഗ് കോളേജിന്റെ പ്രവർത്തനങ്ങൾക്ക് കഠിനാധ്വാനം ചെയ്തു. അസി. ഡയറക്ടറായ ബഹു. ഡെന്നീസ് നെല്ലിത്താനം അച്ചന്റെയും സേവനങ്ങൾ നേഴ്സിംഗ് കോളേജിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ഊർജ്ജിതമാക്കി. പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ ട്രസ്റ്റ് അംഗമായ ബഹു. ഡെന്നി വട്ടക്കുന്നേൽ സാമ്പത്തിക സഹായം നല്കിയതാണ് വളരെപ്പെട്ടെന്ന് കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ ഇടയാക്കിയത്. കോളേജിന്റെ കാര്യങ്ങൾക്കായി ആത്മാർത്ഥമായി സഹകരിച്ച ട്രസ്റ്റ് മെമ്പർ ബഹു. മാത്യു ആശാരിപ്പറമ്പിലച്ചന്റെയും കോളേജിന്റെ ആദ്യകാലത്ത് സേവനം ചെയ്ത ബഹു. മാത്യു ചാക്യാരത്ത് അച്ചന്റെയും ശുശ്രൂഷകളെ നന്ദിയോടെ അനുസ്മരിക്കുന്നു. നമ്മുടെ മലയോര മേഖലയിലെ കുട്ടികൾക്ക് BSC നേഴ്സിങ്ങ് പഠിക്കുവാൻ മികച്ചയൊരു സ്ഥാപനമാണ് ദൈവം നമുക്ക് നല്കിയിരിക്കുന്നത്.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

## വിളക്കണ്ണൂർ ദിവ്യകാരുണ്യ അടയാള തീർത്ഥാടന കേന്ദ്രം

വിളക്കന്നൂർ ക്രിസ്തുരാജ തീർത്ഥാടന ദൈവാലയത്തിൽ ദിവ്യകാരുണ്യ അദ്ഭുത ഔദ്യോഗിക പ്രഖ്യാപനത്തിനു ശേഷമുള്ള പ്രഥമ വാർഷികവും ക്രിസ്തുരാജന്റെ തിരുനാളും.

**നവം. 13 മുതൽ നവംബർ 23 വരെ നവനാൾ പ്രാർത്ഥന**
**നവം. 15:** പ്രഥമ വാർഷികം 40 മണിക്കൂർ ആരാധന
**നവം. 16:** അഖിലകേരള പ്രഥമ ദിവ്യകാരുണ്യ ക്വിസ്
**നവം. 16 മുതൽ 19 വരെ :** ദിവ്യകാരുണ്യ കൺവൻഷൻ
**നവം. 21:** ഈശോയുടെ സ്വന്തം കാർലോ (കലാ സന്ധ്യ)
**നവം. 22:** ദിവ്യകാരുണ്യപ്രദക്ഷിണം
**നവം. 23:** ക്രിസ്തുരാജന്റെ തിരുനാൾ വിശ്വാസപ്രഘോഷണ റാലി
നേർച്ച ഭക്ഷണം

**വിശദവിവരങ്ങൾക്ക്:** Call: 9400062892, 9747534689, 9605305830, 9895322341, 9747464200, 9747464900, 9446603805



# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

ലോകസമാധാനത്തിനും കുടുംബങ്ങളുടെ നിലനിൽപ്പിനും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ 'കന്യകാമറിയത്തിന്റെ ജപമാല' (*Rosarium Virginis Mariae*) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. 'സുവിശേഷസംഗ്രഹം' എന്നു വിളിക്കപ്പെടുന്ന ഈ ഭക്തമുറ കേവലം ഒരു യാന്ത്രികപ്രാർത്ഥനയല്ല, മറിച്ച് തികച്ചും ധ്യാനാത്മകമാണെന്ന് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ മാസത്തിൽ വിശ്വാസപരിശീലകരായ നമുക്ക് ജപമാല നമസ്ക്കാരത്തിൽ ഭക്തിപൂർവ്വം പങ്കുചേരാം.

## 1. വിശ്വാസപരിശീലകർക്കുള്ള ധ്യാനം

വിശ്വാസപരിശീലകർക്കുള്ള ദ്വിദിന ധ്യാനം **"GRATIA DEI"** എന്ന പേരിൽ നവംബർ, ഡിസംബർ മാസങ്ങളിൽ ഫൊറോനാതലത്തിൽ നടത്തപ്പെടുന്നു. ശനിയാഴ്ച വൈകുന്നേരം 4 മണി മുതൽ 8 മണി വരെയും, ഞായറാഴ്ച രാവിലെ 9.30 മുതൽ 4 മണിവരെയും ആയിരിക്കും ധ്യാനം. അധ്യാപകർക്ക് ശനിയാഴ്ച ധ്യാനത്തിനുശേഷം വീട്ടിൽ പോയി ഞായറാഴ്ച രാവിലെ മടങ്ങിവരാവുന്നതാണ്. ആ ഞായറാഴ്ച ഓരോ ഇടവകയിലെയും സൺഡേസ്കൂൾ കുട്ടികൾക്ക് അതാത് ഇടവകയിലെ വികാരിയച്ചന്മാർ/ മറ്റാരെങ്കിലും പൊതുവായി ക്ലാസ് എടുത്തു നൽകേണ്ടതാണ്. ഓരോ ഫൊറോനയിലും ധ്യാനിപ്പിക്കാൻ അച്ചൻമാരുടെ നേതൃത്വത്തിലുള്ള ധ്യാന ടീം ഉണ്ടായിരിക്കും. മറ്റു തടസ്സങ്ങൾ ഇല്ലെങ്കിൽ ധ്യാനം പള്ളിയിൽ തന്നെ നടത്തുന്നത് ഉചിതമായിരുന്നു. അടുത്തടുത്തുള്ള മൂന്ന് ഫൊറോനകളിലായി ആയിരിക്കും ഒരു ആഴ്ച ഒരേസമയം ധ്യാനം നടക്കുന്നത്. ഇതിനായി മൂന്ന് ധ്യാനടീമുകൾ ഉണ്ടായിരിക്കും. അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് സാധിക്കുന്നിടത്തോളം ധ്യാനസ്ഥലങ്ങൾ സന്ദർശിക്കും. ധ്യാനത്തിന് ആവശ്യമായ മറ്റു ക്രമീകരണങ്ങൾ ഫൊറോനാകമ്മിറ്റി ഒരുക്കേണ്ടതാണ്. എല്ലാ ഇടവകകളിലെയും വിശ്വാസപരിശീലകർ

ഫൊറോനാകേന്ദ്രങ്ങളിൽ നടത്തപ്പെടുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കേണ്ടതാണ്. നവംബർ മാസത്തിലെ ധ്യാനങ്ങൾ

| | |
|---|---|
| നവംബർ 1-2 | പേരാവൂർ, എടൂർ, കുന്നോത്ത്. |
| നവംബർ 8-9 | നെല്ലിക്കാംപൊയിൽ, മണിക്കടവ്, പൈസക്കരി. |
| നവംബർ 15-16 | ചെമ്പേരി, ചെമ്പന്തൊട്ടി, വായാട്ടുപറമ്പ്. |
| നവംബർ 29-30 | ആലക്കോട്, മേരിഗിരി, ചെറുപുഴ. |

**2. അസൈൻമെന്റ് ക്ലാസ് XII**

പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **"ഭാരതത്തിന്റെ വളർച്ചയിൽ ക്രൈസ്തവ സമുദായത്തിന്റെ പങ്ക്"** എന്നതാണ്. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **ഒക്ടോബർ 15 ആണ്.** ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ, ഫൂട്ട്നോട്ട് എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

ആമുഖം : ഭാരതത്തിലെ ക്രൈസ്തവർ - ചരിത്രം (Summary)

അധ്യായം 1 : സാമൂഹികരംഗത്തെ സംഭാവനകൾ

2 : വിദ്യാഭ്യാസരംഗത്തെ സംഭാവനകൾ

3 : ആതുരസേവനരംഗത്തെ/കാർഷികരംഗത്തെ/വ്യാവസായികരംഗത്തെ സംഭാവനകൾ

**3. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)**

ഈ അധ്യയനവർഷം 12-ാം ക്ലാസിൽ റെഗുലറായി പഠിക്കുന്ന കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ ഒക്ടോബർ 15-നുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. ഹെഡ്മാസ്റ്റർമാർക്ക് തന്നിരിക്കുന്ന രജിസ്ട്രേഷൻ ഫോമിൽ **കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര്** എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തീയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. ആവശ്യമായ വിവരങ്ങൾ കുട്ടികളുടെ പക്കൽ നിന്നും ശേഖരിച്ചതിനുശേഷം ഫോം പൂരിപ്പിച്ച് കുട്ടികളെ കാണിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തിയിട്ടായിരിക്കണം രജിസ്ട്രേഷൻ ഫോമുകൾ ഓഫീസിലേക്ക് അയക്കേണ്ടത്. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. **സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കുന്നതായിരിക്കും.**

**നിർദ്ദേശങ്ങൾ**

a. *Internal Assesment* മാർക്ക് ഇപ്പോൾ ചേർക്കേണ്ടതില്ല. കുട്ടികൾക്ക് രജിസ്ട്രേഷൻ നമ്പർ ഓഫീസിൽ നിന്നും നൽകി ഫോം തിരികെ നൽകുന്നതാണ്. അപ്പോഴാണ് ഇന്റേണൽ മാർക്ക് ചേർക്കേണ്ടത് (പരമാവധി 25 മാർക്ക്). മാർക്ക് കണക്കാക്കുമ്പോൾ വിശ്വാസപരിശീലനത്തിൽ കുട്ടിയുടെ ഭാഗഭാഗിത്വം, ക്ലാസ്സ് ടെസ്റ്റുകളിൽ കുട്ടിയുടെ പങ്കാളിത്തം, മതബോധന മണിക്കൂറിലെ പങ്കാളിത്തം, വി. കുർബാനയിൽ കുട്ടിയുടെ ഭാഗഭാഗിത്വം etc... കണക്കിലെടുക്കേണ്ടതാണ്.

b. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകിയിരിക്കുന്നത് അപൂർണ്ണമാണെങ്കിൽ പരീക്ഷയെഴുതാൻ അനുവദിക്കുന്നതല്ല.

c. രജിസ്ട്രേഷൻ ഫോം ഇംഗ്ലീഷിലായിരിക്കണം പൂരിപ്പിക്കേണ്ടത്.

d. **ഒക്ടോബർ 15-നുള്ളിൽ** ഓഫീസിൽ ലഭിക്കത്തക്കവിധം രജിസ്ട്രേഷൻ ഫോം (സ്പീഡ് പോസ്റ്റ്/രജിസ്റ്റർ) അയക്കേണ്ടതാണ്.

**4. XII-ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ**

മുൻവർഷങ്ങളിൽ നടത്തിയ XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2025 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **ഒക്ടോബർ 15-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

**5. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്**

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **ഒക്ടോബർ 15-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കണം. അവർ അസൈൻമെന്റ് എഴുതേണ്ടതാണ്.

**6. കാറ്റക്കിസം ക്ലാസ്സ് സമയം**

ബഹു. വൈദികരുടെ ധ്യാനാവസരത്തിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് അറിയിച്ചതിൻപ്രകാരം എല്ലാ ഇടവകകളിലും കുട്ടികളുടെ ഞായറാഴ്ച കുർബാനക്കുശേഷം വിശ്വാസപരിശീലനം 1 ½ മണിക്കൂർ എങ്കിലും ഉണ്ടായിരിക്കണം. 45 മിനുട്ടുകൾ വീതമുള്ള രണ്ട് പിരീയഡുകളും 10 മിനുട്ട്

ഇടവേളയും ലഭിക്കത്തക്കവിധം സമയം ക്രമീകരിക്കേണ്ടതാണ്. അധ്യാപകർക്ക് പാഠങ്ങൾ പഠിപ്പിക്കാനാവശ്യമായ സമയം ലഭിക്കുന്നുണ്ടെന്ന് വികാരിയച്ചനും ഹെഡ്മാസ്റ്ററും ഉറപ്പുവരുത്തേണ്ടതാണ്. വേദപാഠ ക്ലാസ്സുകളുടെ സമയം അപഹരിച്ചുകൊണ്ട് മറ്റുപ്രോഗാമുകൾ നടത്താൻ പാടില്ല.

**ഫുൾഡേ ക്ലാസ്:** വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ്സ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

**7. എയ്ഞ്ചൽസ് നേഴ്സറി**

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും ഒന്നാം ക്ലാസ്സിന് മുമ്പുള്ള കുട്ടികൾക്കായി എയ്ഞ്ചൽ നഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

**8. ഏകദിന സെമിനാർ**

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ഏകദിന സെമിനാർ നടത്തിയ ഫൊറോനകൾ:** തളിപ്പറമ്പ്, പേരാവൂർ, കുന്നോത്ത്, തോമാപുരം, പനത്തടി, ചെമ്പേരി, ചെമ്പന്തൊട്ടി, ആലക്കോട്, വെള്ളരിക്കുണ്ട്, എടൂർ.

**9. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം**

2025-2026 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതുമാണ്. മറ്റു പൊതുപ്രോഗ്രാമുകൾ ഒഴിവാക്കി കുട്ടികളെ പൊതുവായും ക്ലാസ്സ് തലത്തിലും കാണുന്നതിന് ആവശ്യമായ സമയം നൽകേണ്ടതാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഒക്ടോബർ, നവംബർ മാസങ്ങളിലെ അതിരൂപതാ വിസിറ്റ്**

**ഒക്ടോബർ 5:** കരിക്കോട്ടക്കരി, മഞ്ഞളാംപുറം, അട്ടേങ്ങാനം, ആനപ്പന്തി, പറമ്പ, കുമ്പള, അൽഫോൻസഗിരി, നെല്ലിക്കുന്ന്, ജയഗിരി, പടുപ്പ്, അമ്മംകുളം, കാഞ്ഞിരടുക്കം, ഇരിട്ടി, ചട്ടമല. **ഒക്ടോബർ 12:** ഉരുപ്പുംകുറ്റി, ഓടന്തോട്, പരപ്പ, മാടത്തിൽ,ചുള്ളി, വായാട്ടുപറമ്പ്, വെണ്ണക്കല്ല്, കാർത്തികപുരം, മാനടുക്കം, പൊൻമല, ബാലേശുഗിരി, അറബി, പെരിങ്ങാല, ചാവറഗിരി. **ഒക്ടോബർ 19:** മട്ടന്നൂർ, ബളാൽ, എടക്കാനം, കരുവഞ്ചാൽ, മണ്ടളം, മാമ്പൊയിൽ, പൂപ്പറമ്പ്, തളിപ്പറമ്പ്, കോടോപ്പള്ളി, കടുമേനി. **ഒക്ടോബർ 26:** എടപ്പുഴ, കൊളക്കാട്, ബിരിക്കുളം, കുന്നോത്ത്,ആനമഞ്ഞൾ, മുള്ളേരിയ, ചേപ്പറമ്പ്, മണിക്കടവ്, പടിമരുത്, പുലിക്കുരുമ്പ, തലശ്ശേരി, എണ്ണപ്പാറ, കല്ലുവയൽ, വിമലശ്ശേരി, കമ്പല്ലൂർ. **നവംബർ 02:** കീഴ്പ്പള്ളി, നിർമ്മലഗിരി, കാലിച്ചാമരം, കിളിയന്തറ, കരുണാപുരം, പരപ്പ, കൊട്ടോടി, മേലേചൊവ്വ, നീലേശ്വരം, തിരൂർ, കാര്യപ്പള്ളി, കണ്ണിവയൽ. **നവംബർ 09:** പേരാവൂർ, ഭീമനടി, പേരട്ട, ബദിയടുക്ക, പാത്തൻപാറ, നെടുവാലൂർ, ഒറ്റത്തൈ, പനത്തടി, പൊട്ടൻപ്ലാവ്, കണ്ണൂർ, പെരിയ, തേർമല, കാവുംതല. **നവംബർ 16:** മാങ്ങോട്, പേരാവൂർ, പുന്നക്കുന്ന്, വാണിയപ്പാറ,നാട്ടക്കൽ, പെർള, കോട്ടൂർ, വിജയഗിരി, കള്ളാർ, കനകക്കുന്ന്, ഉദയപുരം, ഉളിക്കൽ, ചെറുപാറ, കുളിനീർ. **നവംബർ 23:** രാജമുടി, അങ്ങാടിക്കടവ്,കൊന്നക്കാട്, വെള്ളാട്, വിളക്കന്നൂർ, അരിവിളഞ്ഞപൊയിൽ, അടോട്ടുകായ, ദീപഗിരി, നെല്ലിയടുക്കം, പുറവയൽ, റയറോം, കുന്നുംകൈ. **നവംബർ 30:** എടൂർ, പൂളക്കുറ്റി, വെള്ളരിക്കുണ്ട്, കച്ചേരിക്കടവ്,പുഞ്ച, പൊയിനാച്ചി, തടിക്കടവ്, ശ്രീകണ്ഠാപുരം, ഉദയഗിരി, കരിവേടകം, ലിസിഗിരി, കോടോത്ത്, നെല്ലിക്കാംപൊയിൽ, മണ്ഡപം.

**ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ അതിരൂപത വിസിറ്റ്**

**ഓഗസ്റ്റ് 17:** കോളയാട്, രണ്ടാംകടവ്, **ഓഗസ്റ്റ് 24:** കണിച്ചാർ, കാലിച്ചാനടുക്കം, **ഓഗസ്റ്റ് 31:** ചെട്ടിയാംപറമ്പ്, ചരൾ, ചായോത്ത്, **സെപ്റ്റംബർ 14:** വെളിമാനം, നെടുംപുറംചാൽ, കനകപ്പള്ളി, പാലത്തിൻകടവ്, കുട്ടാപറമ്പ്, എളുകൊച്ചി, ചെമ്പേരി, ചീമേനി, **സെപ്റ്റംബർ 21:** ചെടിക്കുളം, ആര്യപ്പറമ്പ്, അട്ടക്കണ്ടം, മുടയരഞ്ഞി, വിജയപുരം, കോട്ടൂർവയൽ, നെല്ലിപ്പാറ, കനീലടുക്കം, കുടിയാൻമല, പയ്യന്നൂർ, പടന്നക്കാട്, **സെപ്റ്റംബർ 28:** മടപ്പുരച്ചാൽ, മാവുംചാൽ, കരയത്തുംചാൽ, ആലക്കോട്, പരിയാരം, കാഞ്ഞങ്ങാട്, പടിയൂർ.

**10. ആസ്പെക്ട് 2025–2026**

2025–2026 സമുദായശക്തീകരണ വർഷത്തോടനുബന്ധിച്ച് റവ. ഡോ. ജോസഫ് കാക്കരമറ്റം രചിച്ച്, തലശ്ശേരി കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് പബ്ലിഷ്ചെയ്യുന്ന പുസ്തകമാണ് ഈ വർഷം ആസ്പെക്ട് പരീക്ഷക്കായി അധ്യാപകർ പഠിക്കേണ്ടത്. നമ്മുടെ സഭയുടെ ചരിത്രവും, വളർച്ചയും, നാടിനു നൽകിയ സംഭാവനയുമൊക്കെ വിവരിക്കുന്ന ഈ അമൂല്യഗ്രന്ഥം

ഒക്ടോബർ മാസത്തിൽ പ്രസിദ്ധീകരിച്ച് എല്ലാ അധ്യാപകർക്കും ലഭ്യമാക്കുന്നതാണ്.

**11. ഗിരിദീപം**

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കുമല്ലോ. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

**12. ഓണപരീക്ഷ – നന്ദി:** ഈ വർഷത്തെ ഓണപരീക്ഷ സെപ്റ്റംബർ 07–ാം തീയതി എല്ലാ സൺഡേ സ്കൂളുകളിലും വളരെ ഭംഗിയായി നടത്തി. എല്ലാവിധ ക്രമീകരണങ്ങളും ചെയ്ത ബഹു. വൈദികർക്കും പ്രധാനാധ്യാപകർക്കും വിശ്വാസപരിശീലകർക്കും സഹകരിച്ച എല്ലാവർക്കും കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ നന്ദി.

**13. ഡീക്കൻസ് സ്വീകരണം**

നാലുവർഷക്കാലം അതിരൂപതയിലെ വിവിധ ഇടവകകളിൽ കുട്ടികൾക്ക് വിശ്വാസപരിശീലനം നല്കിയ കുന്നോത്ത് സെമിനാരിയിൽ നിന്നുള്ള 21 ഡീക്കൻമാർക്ക് കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ നന്ദിയും അഭിനന്ദനങ്ങളും. അഭിവന്ദ്യ പിതാവുമായുള്ള കൂടിക്കാഴ്ചയിൽ അതിരൂപതയിലെ വിശ്വാസപരിശീലനകാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തി. കുന്നോത്ത് സെമിനാരിയുടെ റെക്ടർ ഡോ. മാത്യു പട്ടമനയുടെ നേതൃത്വത്തിലുള്ള വൈദികരേയും അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. റവ. ഫാ. ആന്റണി കിടാരത്തിൽ സ്വാഗതം ആശംസിച്ചു.

**14. മിഷൻ ഞായർ ഒക്ടോബർ 19**

ആഗോളമിഷൻ ഞായറായ ഒക്ടോബർ 19–ാം തീയതി എല്ലാ സൺഡേ സ്കൂളുകളും മിഷൻദിനമായി ആഘോഷിക്കുമല്ലോ.

**15. മതാധ്യാപകദിനം – നവംബർ 4**

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ **നവംബർ 4**–നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും **നവംബർ 2–ാം** തീയതി ഞായറാഴ്ച മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ നല്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

**16. സീറോ മലബാർ പ്രതിഭാ അവാർഡ്**

ഓരോ രൂപതയിൽനിന്നും 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന - തിരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേകം പരിശീലനം നല്കിവരുന്നു.

**ഫൊറോനതല ക്യാമ്പ് :** ഫൊറോനതല ക്യാമ്പ് **ഒക്ടോബർ 02-ന്** ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ക്യാമ്പ് രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 3.30ന് സമാപിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ഉച്ചഭക്ഷണം എന്നിവ കൊണ്ടുവരേണ്ടതാണ്.

**അതിരൂപതാതല ക്യാമ്പ് :** ഫൊറോനതലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ അതിരൂപതാതല ക്യാമ്പ് **ഒക്ടോബർ 11-ാം** തീയതി തളിപ്പറമ്പ് സെന്റ് മേരീസ് പാരിഷ്ഹാളിൽവച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. വൈകുന്നേരം 3.30-ന് ക്യാമ്പ് അവസാനിക്കും. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട് ബുക്ക്, പേന എന്നിവ കൊണ്ടുവരേണ്ടതാണ്. ബഹു. ഫൊറോന പ്രസിഡന്റ് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ (2 ആൺകുട്ടികൾ, 2 പെൺകുട്ടികൾ) പേര്, ഇടവക, ഫോൺനമ്പർ എന്നിവ വാട്ട്സ് ആപ്പിൽ അന്നുതന്നെ ഇടേണ്ടതാണ്. ക്യാമ്പിന് 200 രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതാണ്.

**17. സോൾട്ട് 2025**

സൺഡേസ്കൂളിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ്സ് **സോൾട്ട്-2025** ഓഗസ്റ്റ് - നവംബർ മാസങ്ങളിൽ ഫൊറോനാതലത്തിൽ നടത്തുന്നതാണ്. ഫൊറോനാ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രോഗ്രാം സംഘടിപ്പിക്കേണ്ടത്. ഇതിനോടകം കുന്നോത്ത്, പൈസക്കരി, പനത്തടി ഫൊറോനകളിൽ സെപ്റ്റംബർമാസം സോൾട്ട് പ്രോഗ്രാം നടന്നു.

സോൾട്ട് സംഗമത്തിലെ വിവിധ ക്ലാസ്സുകൾ കുട്ടികൾ ഇന്ന് അഭിമുഖീകരിക്കുന്ന ആനുകാലിക പ്രതിസന്ധികളും വിഷയങ്ങളും ചർച്ച ചെയ്തു. ക്ലാസ്സുകൾ വളരെ ഹൃദ്യവും സരസവുമായി അവതരിപ്പിക്കുകയും ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്തു. പ്രോഗ്രാമുകൾ വളരെ ഭംഗിയായി ക്രമീകരിച്ച ഫൊറോന പ്രസിഡണ്ട് ശ്രീ. ടോം കുറുന്തോട്ടം, സെക്രട്ടറി ശ്രീ. ബിന്നി ജോസഫ് കൂട്ടുമല (കുന്നോത്ത്), പ്രസിഡണ്ട് ശ്രീ. എൻ.ബി. ജോസ് നെട്ടനാനിക്കൽ, സെക്രട്ടറി ശ്രീ. ഷാലു അഗസ്റ്റിൻ വടകര (പൈസക്കരി), പ്രസിഡണ്ട് ശ്രീ. പിയൂസ് പറേടം, സെക്രട്ടറി ശ്രീ. നിഷ റോസ് വടന (പനത്തടി) തുടങ്ങിയവർക്കും എല്ലാ ഹെഡ്മാസ്റ്റർമാർക്കും, അധ്യാപകർക്കും ഹൃദ്യമായ നന്ദി.

| തീയതി | ഫൊറോനകൾ |
|---|---|
| ഒക്ടോബർ 05 | മേരിഗിരി, ചെറുപുഴ |
| ഒക്ടോബർ 12 | കാസർഗോഡ്, കാഞ്ഞങ്ങാട് |
| ഒക്ടോബർ 19 | മാലോം, വെള്ളരിക്കുണ്ട് |
| ഒക്ടോബർ 20 | തോമാപുരം, വായാട്ടുപറമ്പ് |
| ഒക്ടോബർ 26 | തളിപ്പറമ്പ്, ആലക്കോട് |
| നവംബർ 02 | ചെമ്പേരി, നെല്ലിക്കാംപൊയിൽ |

**18. അഭിനന്ദനങ്ങൾ**

തലശ്ശേരി അതിരൂപതയിലെ കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ റിസോഴ്സ് ടീം അംഗമായ വിപിൻ മാറുകാട്ടുകുന്നേൽ & മരിയ പുളിക്കൽ നവദമ്പതികൾക്ക് അഭിനന്ദനങ്ങൾ.

**19. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2025–2026 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**20. ആദരാഞ്ജലികൾ**

പെരുമ്പടവ് സൺഡേസ്കൂളിലെ അധ്യാപകനായിരുന്ന ജോസ് ചേലക്കൽ സർ, പാണത്തൂർ സൺഡേസ്കൂൾ പ്രധാനാധ്യാപകനായിരുന്ന കുന്നക്കാട്ട് അബ്രാഹം സർ, അട്ടേങ്ങാനം സൺഡേസ്കൂളിലെ പ്രധാനാധ്യാപകൻ ബിനീഷ് ഇല്ലിയ്ക്കൽ സാറിന്റെ മാതാവ് ലീലാമ്മ ഇല്ലിക്കൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

**21. ഡയറക്ടറച്ചൻമാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ കടുമേനി, എടൂർ, പേരട്ട, പൈസക്കരി, പനത്തടി എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ രയറോം, വരക്കാട് എന്നീ സൺഡേ സ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**ബിരുദദാന ചടങ്ങ് – ഒക്ടോബർ 11**

ഈ വർഷം ബിരുദ – ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഒക്ടോബർ 11–ാം തീയതി ശനിയാഴ്ച രാവിലെ 9.30 മണിക്ക് തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു.

**ലോഗോസ് ബൈബിൾ ക്വിസ് – 2025**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 25–ാമത് ലോഗോസ് ബൈബിൾ ക്വിസ് സെപ്റ്റംബർ 28–ാം തീയതി ഞായറാഴ്ച ഇടവകാതലത്തിൽ നടത്തപ്പെട്ടു. ലോഗോസ് ക്വിസിന്റെ സംസ്ഥാനതല പരീക്ഷ നവംബർ 9–ാം തീയതിയും മെഗാ ഫൈനൽ നവംബർ 22, 23 എന്നീ തീയതികളിലുമായി നടത്തപ്പെടുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ലോഗോസ് പരീക്ഷ മൂല്യനിർണ്ണയം**

ഇടവകാതല പരീക്ഷ കഴിയുമ്പോൾ പ്രായവിഭാഗമനുസരിച്ച് ഉത്തരക്കടലാസുകൾ ശേഖരിച്ച് അതാത് ഇടവകകളിൽ മൂല്യനിർണ്ണയം നടത്തുക. പരീക്ഷപേപ്പർ മൂല്യനിർണ്ണയത്തിനുള്ള സ്ലൈഡുകൾ ഓരോ ഇടവകയിലെയും ആകെ രജിസ്ട്രേഷന് ആനുപാതികമായി നൽകുന്നതാണ്. വികാരിയച്ചൻ ചുമതലപ്പെടുത്തുന്നവർ ഹെഡ്മാസ്റ്ററുടെ മേൽനോട്ടത്തിൽ ഓരോ വിഭാഗത്തിന്റെയും ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തേണ്ടതാണ്. മൂല്യനിർണ്ണയം നടത്തുമ്പോൾ ഉത്തരസൂചിക ഉത്തരക്കടലാസിനു മുകളിൽ ശരിയായവിധം വച്ച് കറുപ്പിച്ച കോളങ്ങൾ എണ്ണുകയാണ് ചെയ്യേണ്ടത്. കട്ട് ചെയ്ത സൂചിക ഉത്തരക്കടലാസിന്റെ വലതുവശം വരുന്നവിധം ഉത്തരക്കടലാസിന്റെ മുകളിൽ വെച്ചാണ് എണ്ണേണ്ടത്. ഉത്തരക്കടലാസിൽ ഒന്നിൽ കൂടുതൽ കോളങ്ങൾ കറുപ്പിച്ചിട്ടുണ്ടെങ്കിൽ ആ ഉത്തരം പരിഗണിക്കേണ്ടതില്ല. ഓരോ വിഭാഗത്തിലും നിശ്ചിത ശതമാനത്തിനു മുകളിൽ മാർക്കു ലഭിച്ചവരുടെ

ഉത്തരക്കടലാസുകൾ മാത്രം ഫൊറോന കേന്ദ്രങ്ങളിൽ ഏൽപ്പിക്കുക. **'എ' വിഭാഗം 60% മാർക്കും അതിനുമുകളിലേക്കുമുള്ളവ, 'ബി,സി, ഡി,ഇ,എഫ്' വിഭാഗം 70% മാർക്കും അതിനുമുകളിലേക്കുമുള്ളവ.** ഉയർന്ന മാർക്കു നേടിയവരുടെ ഉത്തരക്കടലാസുകൾ ഫൊറോനയിൽ ഏൽപ്പിക്കേണ്ട തീയതി : **ഒക്ടോബർ 10 വെള്ളി,** രൂപതാതലത്തിൽ റിസൾട്ടുകൾ പ്രസിദ്ധീകരിക്കുന്ന തീയതി : **ഒക്ടോബർ 15 ബുധൻ.** ഏതെങ്കിലും വിധത്തിലുള്ള തർക്കങ്ങളും പരാതികളും ഒഴിവാക്കാനായി അതിരൂപതാതല സമ്മാനപ്രഖ്യാപനം വരെ എല്ലാ ഉത്തരക്കടലാസുകളും സൂക്ഷിക്കേണ്ടതാണ്.

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നല്കപ്പെടുന്നു.

**അഖില കേരളതലത്തിൽ** (ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 15,000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 10,000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 5,000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും
4-ാം സമ്മാനം 1,000 രൂപയും മെഡലും, സർട്ടിഫിക്കറ്റും (ഓരോ വിഭാഗത്തിലും 7 പേർക്കു വീതം)
5-ാം സമ്മാനം 500 രൂപയും മെഡലും എല്ലാവർക്കും ലഭിക്കുന്നതാണ്.

**രൂപതാതലത്തിൽ** (ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 2500 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 2000 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും
4-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും
5-ാം സമ്മാനം 100 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ, ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഒക്ടോബർമാസം അഖിലലോക മിഷൻ മധ്യസ്ഥയും സംഘടനയുടെ സ്വർഗീയ മധ്യസ്ഥയുമായ വി. കൊച്ചുത്രേസ്യായുടെ തിരുനാളും ജപമാല മാസാചരണവും, വി. ഫ്രാൻസിസ് അസീസ്സിയുടെ തിരുനാളും, മിഷൻ ഞായറും ആചരിക്കുന്ന മാസമാണല്ലോ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിശ്വാസം പ്രഘോഷിക്കുന്ന മിഷനറിമാർക്ക് വേണ്ടി  ഈ മാസം പ്രത്യേകം പ്രാർത്ഥിക്കാം.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | കാവൽമാലാഖ, വി. കൊച്ചുത്രേസ്യായുടെ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : | വി. കൊച്ചുത്രേസ്യാ, വി. ഫ്രാൻസീസ് അസ്സീസി, വി. അമ്മത്രേസ്യാ |
| പ്രാർത്ഥനാനിയോഗം | : | ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തകർക്കുവേണ്ടി |
| സുകൃതജപം | : | എന്റെ അമ്മേ എന്റെ ആശ്രയമേ. |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ബുധൻ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, മിഷൻമാസാരംഭം, ശാഖയിൽ പതാക ഉയർത്തുന്നു, അംഗത്വ നവീകരണം, അസാധാരണസമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം.

2 വ്യാഴം : കാവൽമാലാഖമാരുടെ തിരുനാൾ, അതിരൂപത കൗൺസിലും - വാർഷികവും

3 വെള്ളി : ചെറുപുഷ്പ മിഷൻലീഗ് 79-ാം സ്ഥാപക ദിനം, പതാക വന്ദനം

4 ശനി : വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ,

15 ബുധൻ : വി. അമ്മത്രേസ്യായുടെ തിരുനാൾ

19 ഞായർ : മിഷൻ ഞായർ - അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം, പ്രേഷിത റാലി.

20 തിങ്കൾ : അതിരൂപതാ മിഷൻ കലോത്സവം

31 വെള്ളി : മിഷൻ മാസസമാപനം, മിഷൻഗ്രാമങ്ങൾക്ക് 5 മാസത്തെ സുകൃതങ്ങൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ അയച്ചു കൊടുക്കുന്നു.

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, മിഷൻമാസാചരണ പദ്ധതികൾ, മിഷൻലീഗ് സ്ഥാപകദിനം, മിഷൻ ഞായർ, അതിരൂപതാ കലോത്സവം, അതിരൂപതാ കൗൺസിൽ - വാർഷികം.

**3. വി. കൊച്ചുത്രേസ്യായുടെ തിരുനാളും, സ്ഥാപകദിനവും, അംഗത്വ നവീകരണവും**

ഒക്ടോബർ 1-ാം തീയതി വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് അംഗത്വ നവീകരണം നടത്തുമല്ലോ. അതിരൂപതാതല അംഗത്വ നവീകരണവും സ്ഥാപക ദിനവും, വി. കൊച്ചുത്രേസ്യായുടെ തിരുനാളാഘോഷവും വെള്ളരിയാനം ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**4. മിഷൻമാസാചരണം - മിഷൻ ഞായർ**

ഒക്ടോബർ 1 മുതൽ 31 വരെ മിഷൻ മാസമായി ആചരിക്കുകയും ഓരോ ദിവസവും പ്രത്യേക നിയോഗങ്ങളോടെ മിഷൻ ഗ്രാമങ്ങൾക്കും മിഷൻ പ്രവർത്തനങ്ങൾക്കും മിഷനറിമാർക്കുവേണ്ടിയും പ്രാർത്ഥിക്കാൻ കുട്ടികളെ ഓർമ്മിപ്പിക്കുകയും ഒക്ടോബർ 19-ാം തീയതി മിഷൻ ഞായർ സാഘോഷം കൊണ്ടാടുകയും ചെയ്യുമല്ലോ. അതിരൂപതാതലം ജയഗിരി ശാഖയിൽ വച്ച് മിഷൻ ഞായർ ആചരിക്കുന്നതായിരിക്കും. കൂടാതെ സാധിക്കുമെങ്കിൽ കുട്ടികളിൽ മിഷൻ ചൈതന്യവും പ്രേഷിതതീക്ഷ്ണതയും ഉജ്ജ്വലിക്കത്തക്ക വിധം വി. കുർബ്ബാനയ്ക്കുശേഷം വി. കൊച്ചുത്രേസ്യായുടെ രൂപത്തിനുമുമ്പിൽ അനുദിനപ്രാർത്ഥന, മിഷൻ ഗ്രാമത്തിനുവേണ്ടി പ്രാർത്ഥന, പ്രാർത്ഥിക്കാൻ ലഭിച്ച മിഷൻ ഗ്രാമവുമായി സൗഹൃദബന്ധം തുടങ്ങിയവ നടത്തുകയും ചെയ്യുമല്ലോ. അതോടൊപ്പം **"ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്..."**എന്ന ഈ വർഷത്തെ മിഷൻ ലീഗിന്റെ ആപ്തവാക്യത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പരിപാടികൾ ശാഖാ - മേഖലാ തലത്തിലും വ്യക്തിപരമായും നടത്തുവാൻ വേണ്ട കർമ്മപദ്ധതികൾ നടപ്പാക്കുമല്ലോ.

**5. അതിരൂപതാ മിഷൻ കലോത്സവം**

ഈ വർഷത്തെ അതിരൂപതാ മിഷൻ കലോത്സവം ഒക്ടോബർ 20-ാം തീയതി തിങ്കളാഴ്ച ചെമ്പേരി നിർമ്മല ഹയർസെക്കന്ററി സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 ന് രജിസ്ട്രേഷനോടെ മത്സരങ്ങൾ ആരംഭിക്കും. മത്സരത്തിന് അംഗത്വകാർഡും ബാഡ്ജും നിർബന്ധമാണ്.

**മിഷൻ കലോത്സവത്തിൽ മേഖലകൾ പങ്കെടുക്കാൻ വരുമ്പോൾ താഴെ പറയുന്നകാര്യങ്ങൾ ശ്രദ്ധിക്കുക**

- എല്ലാ മേഖലാ ഡയറക്ടർമാരും വൈസ്ഡയറക്ടർമാരും ടീം അംഗങ്ങളോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.

- എല്ലാ മേഖലക്കും ഒരു ടീം മാനേജർ ഉണ്ടായിരിക്കണം. ടീം മാനേജർ ആയിരിക്കണം ടീം അംഗങ്ങൾക്കുവേണ്ടി സ്റ്റേജ് മാസ്റ്ററോടോ, ഓഫീസുമായോ ബന്ധപ്പെടേണ്ടത്. ചെസ് നമ്പർ ടീം അംഗങ്ങൾക്കുവേണ്ടി ക്രമീകരിച്ച് കൊടുക്കേണ്ടത് ടീം മാനേജർ ആയിരിക്കണം.
- പരിപാടിയെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ടീം മാനേജർ രേഖാമൂലം 250 രൂപ ഫീസ് സഹിതം പ്രസ്തുത മത്സരം കഴിഞ്ഞ് 30 മിനിറ്റിനകം ഡയറക്ടർക്ക് നൽകുക. ഡയറക്ടർ, ജൂറി ഓഫ് അപ്പീലുമായി ആലോചിച്ച് ന്യായമായ തീരുമാനമെടുത്ത് അറിയിക്കുന്നതാണ്. മത്സര നടത്തിപ്പിനെക്കുറിച്ച് മാത്രമായിരിക്കണം പരാതി നൽകേണ്ടത്.
- ചാൻസ് നമ്പർ കൈയ്യിൽ കിട്ടിയശേഷം ഏതെങ്കിലും സാഹചര്യത്തിൽ മത്സരാർത്ഥിക്ക് സ്റ്റേജിലെത്താൻ സാധിക്കുന്നില്ലെങ്കിൽ ടീം മാനേജർ തക്കകാരണം ബോധിപ്പിച്ചാൽ ഏറ്റവും ഒടുവിലായി അടുത്ത ചാൻസ് നൽകുന്നതായിരിക്കും.

**6. അതിരൂപതാ കൗൺസിലും വാർഷികവും**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതയുടെ 66-ാം വാർഷികവും കൗൺസിലും എടൂർ ഓഡിറ്റോറിയത്തിൽ വച്ച് ഈ വരുന്ന ഒക്ടോബർ 2-ാം തീയതി വ്യാഴാഴ്ച അതിരൂപതാ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ അഭിവന്ദ്യ പിതാവിന്റെയും ദേശീയ - സംസ്ഥാന ഭാരവാഹികളുടെയും മഹനീയ സാന്നിധ്യത്തിൽ നടത്തപ്പെടുന്നു. കഴിഞ്ഞ പ്രവർത്തന വർഷം അതിരൂപതാതലത്തിൽ മികച്ച പ്രകടനം കാഴ്ച വെച്ച ശാഖകൾക്കും മേഖലകൾക്കുമുള്ള മെമന്റോയും ക്യാഷ് അവാർഡും വിവിധ അവാർഡുകളും കൗൺസിൽ വാർഷികസമ്മേളനത്തിൽ വച്ച് നൽകുന്നതായിരിക്കും. ഈ ആഘോഷ പരിപാടികളിൽ മുഴുവൻ ശാഖാ മേഖലാ ഭാരവാഹികളും വൈസ്ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപ വീതം കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ.

**പ്രോഗ്രാം**

8.30 am രജിസ്ട്രേഷൻ, 9.10 am വി. കുർബ്ബാന, 9.45 am പതാക ഉയർത്തൽ, 10.10 am അതിരൂപത കൗൺസിൽ, 12.30 pm ഉച്ചഭക്ഷണം, 1.30 pm വാർഷികം - പൊതുസമ്മേളനം, അവാർഡ് ദാനം, മിഷൻജ്യോതി പ്രകാശനം, ബെസ്റ്റ് ശാഖാ - മേഖല സമ്മാനദാനം, 3.15 pm പ്രേഷിത റാലി. പ്രോഗ്രാമിന് മാറ്റ് കൂട്ടുവാൻ വിവിധകലാപരിപാടികൾ ഉണ്ടായിരിക്കും.

**7. കൈയ്യെഴുത്ത് മാസിക**

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകാണുമെന്ന് കരുതുന്നു. ഈ വർഷത്തെ പഠനവിഷയമായ **"ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്..."** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉണ്ടായിരിക്കണം. മേഖലകളിൽ ഒന്നാം സ്ഥാനം കിട്ടുന്ന കൈയ്യെഴുത്ത്

മാസിക ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ജനുവരി 26 ആയിരിക്കും. (കൈയ്യെഴുത്ത് മാസിക നിർമ്മാണത്തെക്കുറിച്ചുള്ള നിബന്ധനകൾ മാർഗ്ഗരേഖ പേജ് 57, 58 കാണുക.)

**8. പ്രബന്ധരചനാ മത്സരം**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി അതിരൂപതാ തലത്തിൽ 18 വയസ്സിൽ താഴെ പ്രായമുള്ള മിഷൻലീഗ് അംഗങ്ങൾക്കായി പ്രബന്ധരചനാ മത്സരം നടത്തുന്നു. പ്രബന്ധം സമർപ്പിക്കാനുള്ള അവസാന തീയതി നവംബർ 30. പ്രബന്ധരചനാ മത്സരത്തെക്കുറിച്ചുള്ള നിബന്ധനകൾ മാർഗ്ഗരേഖ പേജ് 60, സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 42 എന്നിവ കാണുക.

**9. ആൽബം**

**"ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്..."** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലയിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ആൽബനിർമ്മാണത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 41, മാർഗ്ഗരേഖ പേജ് 61 കാണുക.

**10. ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലീം**

5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കുന്നവർ ക്ലിക്ക് ഷോട്ട് പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 41 മാർഗ്ഗരേഖ പേജ് 59 എന്നിവ കാണുക).

**11. പൂമ്പാറ്റ ആംഗ്യപ്പാട്ട്**

5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരത്തിൽ പങ്കെടുക്കുന്നവർ ആംഗ്യപ്പാട്ട് പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 41 - 42, മാർഗ്ഗരേഖ പേജ് 59, 60 എന്നിവ കാണുക.

**12. അതിരൂപതാ വിഹിതങ്ങൾ**

ഈ വർഷത്തെ വാർഷിക വിഹിതവും (500 രൂപ) അംഗത്വഫീസും (അഞ്ചാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള എല്ലാ അംഗങ്ങൾക്കും 5 രൂപ വീതം) അടയ്ക്കാനുള്ളവരും കഴിഞ്ഞവർഷത്തെ കുടിശ്ശിക അടയ്ക്കാനുള്ളവരും എത്രയും പെട്ടന്ന് അടച്ച് സഹകരിക്കുമല്ലോ.

**13. മിഷൻകലണ്ടർ**

ഈ വർഷത്തെ മിഷൻ കലണ്ടർ ഒക്ടോബർ ആദ്യത്തെ ആഴ്ച ശാഖ

കൾ നൽകിയ എണ്ണമനുസരിച്ച് മേഖലകളിൽ എത്തിക്കുന്നതും മേഖല കൾ അവരുടെ നേതൃത്വത്തിൽ ശാഖകളിൽ എത്തിക്കുന്നതുമായിരിക്കും. ഒരു മിഷൻ കലണ്ടറിന്റെ തുക 10 രൂപയാണ് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**14. മിഷൻ പച്ചക്കറിത്തോട്ടം**

മിഷൻ പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ ഒക്ടോബർ 30 ന് മുമ്പ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം. പേര് രജിസ്റ്റർ ചെയ്യാത്തവരെ മത്സരത്തിന് പരിഗണിക്കുന്നതല്ല. പച്ചക്കറി ത്തോട്ടമത്സരങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ സെപ്റ്റംബർ മാസത്തെ ഗിരി ദീപം പേജ് 40, മാർഗ്ഗരേഖ പേജ് 60 എന്നിവ കാണുക.

**15. ഒക്ടോബർ മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ**

അതിരൂപതാ ഭാരവാഹികൾ ഒക്ടോബർ മാസം തളിപ്പറമ്പ് (ഒക്ടോ ബർ-5), വായാട്ടുപ്പറമ്പ് (ഒക്ടോബർ - 12), ആലക്കോട് (ഒക്ടോബർ-19), മേരിഗിരി (ഒക്ടോബർ - 26) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കു ന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**16. അഭിനന്ദനങ്ങൾ**

സംസ്ഥാന സമിതി നൽകിവരുന്ന 2025 - 2026 പ്രവർത്തന വർഷത്തെ ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്ക്കാരത്തിന് റവ. ഫാ. ആന്റണി തെക്കേ മുറി അർഹനായി. പ്രിയപ്പെട്ട അച്ചന് അതിരൂപതാ കുടുംബത്തിന്റെ അഭി നന്ദനങ്ങൾ.

**17. ശ്രീ ജെയ്സൺ മർക്കോസ് പ്രേഷിത അവാർഡ്**

ഏറ്റവും നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന മേഖലാ പ്രസിഡണ്ടു മാർക്ക് എല്ലാ വർഷവും നൽകിവരുന്ന ശ്രീ. ജെയ്സൺ മർക്കോസ് പ്രേഷിത അവാർഡിന് 2024-2025 പ്രവർത്തന വർഷത്തിൽ നെല്ലിക്കാംപൊ യിൽ മേഖലാ പ്രസിഡന്റ് ആയിരുന്ന ശ്രീ. ഷാജി പള്ളുരുത്തി അർഹ നായി. സാറിന് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**സെമിനാറുകൾ, ക്ലാസ്സുകൾ**

- 10-09-2025 ന് വരക്കാട് ശാഖയിൽ ഡയറക്ടർ സെമിനാർ നടത്തി.
- 14-09-2025 ന് റയറോം ശാഖയിൽ ഡയറക്ടർ സെമിനാർ നടത്തി.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ മധ്യസ്ഥം പ്രത്യേകം യാചിക്കേണ്ട മാസമല്ലോ ഈ മാസം. അമ്മയുടെ സംരക്ഷണവും അനുഗ്രഹവും ലഭിക്കുവാനായി കൂടുതൽ ജപമാലചൊല്ലി പ്രാർത്ഥിക്കുവാൻ കൊച്ചുകൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ.

അനുസ്മരിക്കുന്ന തിരുനാൾ : **വി. കൊച്ചുത്രേസ്യായുടെ തിരുനാൾ**

അനുസ്മരിക്കുന്ന വിശുദ്ധർ : **വി. അമ്മത്രേസ്യാ, കാവൽ മാലാഖ**

പ്രാർത്ഥനാനിയോഗം : എല്ലാ അമ്മമാർക്കും വേണ്ടി

സുകൃതംജപം : ഈശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു.

വചനം : നിങ്ങൾ എന്നിൽ വസിക്കുവിൻ ഞാൻ നിങ്ങളിലും വസിക്കും (വി. യോഹ. 15:4)

*പ്രവൃത്തി* : 10 ദിവസത്തെ വി. കുർബാനയിലും കൊന്തനമസ്ക്കാരത്തിലും കുട്ടികളെ പങ്കെടുപ്പിക്കുക; ജപമാലചൊല്ലാൻ കുട്ടികളെ പഠിപ്പിക്കുക.

മനഃപാഠമാക്കുക : **ജപമാല കാണാതെ ചൊല്ലാൻ കുട്ടികളെ പഠിപ്പിക്കുക.**

എയ്ഞ്ചൽസ് ബീറ്റ്സ് : ശാഖാ തലത്തിൽ വചനം പറയൽ മത്സരം നടത്തുക.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ബുധൻ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ,

2 വ്യാഴം : കാവൽമാലാഖമാരുടെ തിരുനാൾ

4 ശനി : വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ

15 ബുധൻ : വി. അമ്മത്രേസ്യായുടെ തിരുനാൾ

19 ഞായർ : മിഷൻ ഞായർ

31 വെള്ളി : ജപമാലമാസ സമാപനം

**2. ഈശോയെപ്പോലെ ആലോചനയിൽ വളരാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ ആലോചനയിൽ വളരാം

എന്ന മൂന്നാം അധ്യായം പഠിക്കാം. ഈശോ ഏതൊരു തീരുമാനത്തിനു മുമ്പും പരിശുദ്ധാത്മാവിനോട് ആലോചന ചോദിച്ചിരുന്നു. നന്മ ചെയ്യുവാനുള്ള ആഗ്രഹം നമ്മിൽ ഉടലെടുക്കുന്നത് പരിശുദ്ധാത്മാവ് നല്കുന്ന ശക്തി കൊണ്ടാണ്. പരിശുദ്ധാത്മാവിന്റെ ഈ ദാനം നമുക്കും സ്വന്തമാക്കാം.

**3. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ആലോചനയിൽ വളരാം എന്ന മൂന്നാം അധ്യായത്തിലെ പേജ് 17 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ഒക്ടോബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**4. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ആലോചനയിൽ വളരാം എന്ന മൂന്നാം അധ്യായത്തിലെ പേജ് 18 ലെ നിങ്ങൾക്കറിയാമോ? എന്ന ചിത്രം പൂരിപ്പിച്ച് നല്ല 3 എണ്ണം ഒക്ടോബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**5. ശാഖാ സന്ദർശനങ്ങൾ**

**ഒക്ടോബർ മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ**

അതിരൂപതാ ഭാരവാഹികൾ ഒക്ടോബർ മാസം തളിപ്പറമ്പ് (ഒക്ടോബർ-5), വായാട്ടുപ്പറമ്പ് (ഒക്ടോബർ-12), ആലക്കോട് (ഒക്ടോബർ-19), മേരിഗിരി (ഒക്ടോബർ-26) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. തിരുബാലസഖ്യം ആനിമേറ്റേഴ്സ് അന്നേ ദിവസം തിരുബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**6. നിറംകൊടുക്കാമോ? സെപ്റ്റംബർ മാസത്തെ വിജയികൾ**

I സാറാ ബാബു - ബളാൽ

II ഗ്ലോറിയ ബാബു - കണിച്ചാർ

III ഇവാന ബിനോയി മഞ്ഞളി - പടിയൂർ

**7. നിങ്ങൾക്കറിയാമോ ? സെപ്റ്റംബർ മാസത്തെ വിജയികൾ**

I ഏബൽ ചേലേത്താഴത്ത് - ബദിയടുക്ക

II ജൊഹാൻ ജോബി - അടോട്ടുകയ

III ടെസ മരിയ ഷൈജു - വെമ്പുവ

## എയ്ഞ്ചൽസ് ഫെസ്റ്റ് 2025 - 26 (കലോത്സവം)

### പൊതുവായ നിർദ്ദേശങ്ങൾ

1) മത്സര ഇനങ്ങൾ - പ്രസംഗം, സംഗീതം, കഥ, വചനം തിരുവചനം, ജറുസലേം ക്വിസ്, ആംഗ്യപ്പാട്ട്.
2) പ്രസംഗം, സംഗീതം, കഥ, വചനം തിരുവചനം എന്നീ ഇനങ്ങൾ വ്യക്തിഗതമായിരിക്കും.
3) ജറുസലേം ക്വിസ്, ആംഗ്യപ്പാട്ട് എന്നീ ഇനങ്ങൾ ഗ്രൂപ്പ് ആയിരിക്കും.
4) ഒരു കുട്ടിക്ക് ഒരു വ്യക്തിഗത ഇനത്തിലും ഒരു ഗ്രൂപ്പ് ഇനത്തിലും പങ്കെടുക്കാവുന്നതാണ്.
5) 50 കുട്ടികളിൽ താഴെയുള്ള ശാഖകൾക്ക് ഒരു കുട്ടിക്ക് 2 വ്യക്തിഗത ഇനത്തിലും 1 ഗ്രൂപ്പ് ഇനത്തിലും പങ്കെടുക്കാവുന്നതാണ്.
6) മേഖലാ മത്സരത്തിൽ വ്യക്തിഗത ഇനത്തിൽ ഒന്നാം സ്ഥാനം കിട്ടുന്ന ആൺകുട്ടിക്കും, പെൺകുട്ടിക്കും അതുപോലെ തന്നെ ഗ്രൂപ്പിനത്തിൽ ഒന്നാം സ്ഥാനം കിട്ടുന്ന ടീമിനും അതിരൂപതാമത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
7) ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന മേഖലകൾക്ക് ട്രോഫിയും ക്യാഷ് അവാർഡും നൽകുന്നതായിരിക്കും.
8) മേഖലാ വിജയികളായവരുടെ ലിസ്റ്റ് അതിരൂപതയിൽ നിന്ന് നൽകുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് ഡിസംബർ 30 ന് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.
9) എന്തെങ്കിലും സംശയം ഉള്ളവർക്ക് അതിരൂപതാ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.
10) അതിരൂപതാ എയ്ഞ്ചൽസ് ഫെസ്റ്റ് 2026 ജനുവരി 10 ശനിയാഴ്ച ആയിരിക്കും. സ്ഥലവും, സമയവും മറ്റ് കാര്യങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

### പ്രസംഗം

- പ്രസംഗം സമയം - 4 മിനുട്ട്
- വിഷയം - പരിശുദ്ധാത്മാവിൽ നിറഞ്ഞ ക്രിസ്തീയ ജീവിതം
- വിഷയാധിഷ്ഠിതമായിരിക്കണം, ആശയ സ്ഫുടത, അക്ഷര സ്ഫുടത, ഭാഷാശുദ്ധി, സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ്, സന്ദർഭോചിത ശബ്ദനിയന്ത്രണം തുടങ്ങിയവ പരിഗണിക്കന്നതായിരിക്കും.
- ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേക മത്സരമായിരിക്കും.

### സംഗീതം

- ക്രിസ്തീയ ഭക്തിഗാനങ്ങളേ ആലപിക്കാവൂ. സിനിമാഗാനം അനുവദനീയമല്ല.

- പാട്ടിന്റെ പല്ലവി, അനുപല്ലവി, വീണ്ടും പല്ലവി പാടി അവസാനിപ്പിക്കുന്നു.
- അവതരണം, താളം, ശ്രുതി, ലയം തുടങ്ങിയവ പ്രത്യേകം പരിഗണിക്കപ്പെടും.
- കരോക്കെ, മൈക്ക്, മറ്റ് മ്യൂസിക് ഇൻസ്ട്രമെൻസ് ഇവ അനുവദനീയമല്ല.
- ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേക മത്സരമായിരിക്കും. കാണാതെ പഠിച്ച് പാടേണ്ടതാണ്.
- ക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമല്ല. സെമി ക്ലാസിക്കൽ ഗാനങ്ങളാകാം. ഹമ്മിംഗ് ആകാം. സ്വരങ്ങൾ പാടില്ല.

**കഥ**

- ഏതെങ്കിലും വിശുദ്ധരുടെ ജീവിതത്തെയോ, ബൈബിൾ കഥാപാത്രത്തെയോ ആസ്പദമാക്കിയുള്ളതായിരിക്കണം.
- സമയം – 4 മിനുട്ട്
- വിഷയാവതരണം, ആംഗ്യം, ഭാവം, മോഡുലേഷൻ, സന്ദേശം തുടങ്ങിയവ പ്രത്യേകം പരിഗണിക്കുന്നതായിരിക്കും.
- ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേക മത്സരമായിരിക്കും.

**വചനം തിരുവചനം**

- വർക്ക്ബുക്കിൽ ഓരോ അദ്ധ്യായത്തിലും കൊടുത്തിരിക്കുന്ന വചനമാണ് പഠിക്കേണ്ടത്.
- സമയം 3 മിനിറ്റ്
- ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേക മത്സരമായിരിക്കും.
- ക്വിസ് മാസ്റ്റർ പദം പറയുമ്പോൾ മത്സരാർത്ഥി വചനം മുഴുവനും പറയുകയും ബൈബിളിലെ ഏത് പുസ്തകത്തിൽ നിന്നാണെന്ന് കൂടി പറയുകയും വേണം.
- ശരിയുത്തരം പറഞ്ഞാൽ 1 മാർക്ക് ഭാഗികമായി പറഞ്ഞാൽ മാർക്കില്ല.
- ഉദാ: ക്വിസ് മാസ്റ്റർ കരുണ, സ്നേഹം എന്നിങ്ങനെ പദം പറയുമ്പോൾ മത്സരാർത്ഥി ഈ പദം കൂട്ടി വരുന്ന വചനം മുഴവനും പുസ്തകവും പറയുക.

**ജറുസലേം ക്വിസ്സ്**

- **പഠനഭാഗം :** വി. മത്തായി 12,13,14,15 അദ്ധ്യായങ്ങൾ
  വി. മർക്കോസ് 12,13 അദ്ധ്യായങ്ങൾ
  വി. ലൂക്കാ 11,12,13,14 അദ്ധ്യായങ്ങൾ
  വി. യോഹന്നാൻ 11,12,13,14 അദ്ധ്യായങ്ങൾ

കൂടാതെ വി. മത്തായി, വി. മർക്കോസ്, വിലൂക്കാ, വി.യോഹന്നാൻ എന്നീ സുവിശേഷങ്ങളുടെ ആമുഖം.

- 2 പേർ അടങ്ങിയ ടീം (ആൺ പെൺ വിത്യാസം ഇല്ല)
- ഒരു ഇടവകയ്ക്ക് ഒരു ടീം മാത്രം. രണ്ടു പേരും കൂടി ആലോചിച്ച് ഒരാൾ ഉത്തരം എഴുതുന്നു.
- പ്രൊജക്ടറിൽ ചോദ്യങ്ങൾ കാണിക്കുന്നതായിരിക്കും. അതോടൊപ്പം കുട്ടികൾക്ക് നൽകുന്ന പ്രിന്റ് ചെയ്ത ചോദ്യപേപ്പറിൽ തന്നെയായി രിക്കും ഉത്തരം എഴുതേണ്ടത്.
- വ്യത്യസ്ത ചോദ്യശൈലികൾ - ഒറ്റവാക്കിൽ ഉത്തരം എഴുതുക, പൂരി പ്പിക്കുക, ബ്രായ്ക്കറ്റിൽ നിന്നും തിരഞ്ഞെടുത്ത് എഴുതുക, ശരിയോ തെറ്റോ കണ്ടെത്തുക തുടങ്ങിയ രീതിയിൽ ആയിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.

<u>ആംഗ്യപ്പാട്ട്</u>

- പാട്ട് ബൈബിൾ അധിഷ്ഠിതമായതോ, ക്രിസ്തീയ ആശയങ്ങൾ ഉൾക്കൊള്ളുന്നതോ ആയിരിക്കണം. ഉപമ, സംഭവം, അദ്ഭുതം തുടങ്ങി യവയുടെ ആവിഷ്ക്കാരമോ, ആശയവിപുലീകരണമോ ആകാം.
- മുഴുവൻ സമയവും ലൈനിൽ നിന്ന് കളിക്കണം. ആവശ്യമനുസരിച്ച് മിന്നോട്ടോ, പിറകോട്ടോ, വട്ടം കറങ്ങുകയോ ആകാം, എന്നാൽ ഗ്രൂപ്പ് ഡാൻസ് പോലെ ആകരുത്.
- **8** പേർ അടങ്ങിയ ടീം 5 പേരിൽ കുറയാൻ പാടില്ല. ആൺ കുട്ടികളും പെൺകുട്ടികളും ഉണ്ടായിരിക്കണം (ഒരു കുട്ടിയെങ്കിലും നിർബന്ധമാണ്)
- മേക്കപ്പ് പ്രത്യേകം പരിഗണിക്കുന്നതല്ല. ആൺകുട്ടികൾക്കും, പെൺകു ട്ടികൾക്കും ഒരുപോലുള്ള ഇഷ്ടമുള്ള ഡ്രസ് ധരിക്കാം.
- സമയം - ഒരുപാട്ടിന്റെ സമയം (പലപാട്ടുകൾ മാറിമാറി പാടേണ്ടതില്ല)
- പാട്ട്, താളം, ആംഗ്യം, ഒരുമ, ആശയം, അവതരണം തുടങ്ങിയവ പ്രത്യേകം പരിഗണിക്കപ്പെടും.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"അവന്റെ അസ്ഥികളിൽ യുവത്വം തുളുമ്പി നിൽക്കുന്നു." (ജോബ് 20:11).

സ്നേഹമുള്ള ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ജപമാല പ്രാർത്ഥനകളുടെ പുണ്യമാസമായ ഒക്ടോബർ മാസത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. പരിശുദ്ധ അമ്മയോട് ചേർന്ന് ജപമാല ഭക്തിയിൽ വളരാനും പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനും ശ്രദ്ധിക്കുമല്ലോ.

**യൂണിറ്റുകൾ/ മേഖലകൾ ശ്രദ്ധിക്കാൻ**

ഒക്ടോബർ 01 - വി. കൊച്ചുത്രേസ്യയുടെ തിരുനാൾ
ഒക്ടോബർ 02 - കാവൽമാലാഖയുടെ തിരുനാൾ
- ഗാന്ധി ജയന്തി
ഒക്ടോബർ 04 - വി. ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാൾ
ഒക്ടോബർ 07 - ജപമാല രാജ്ഞിയുടെ തിരുനാൾ
ഒക്ടോബർ 22 - വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ തിരുനാൾ

**ജപമാലസന്ധ്യ**

കെസിവൈഎം തലശ്ശരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ വിവിധ ഫൊറോന കേന്ദ്രങ്ങളിലായി ഒക്ടോബർ മാസത്തിൽ പരി. അമ്മയോടൊത്ത് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ഓൺലൈൻ ജപമാലസന്ധ്യ നടത്തപ്പെടുന്നതാണ്.

**ഒക്ടോബർ 2 - ഗാന്ധി ജയന്തി**

ഒക്ടോബർ 2 - ഗാന്ധി ജയന്തി ദിനവുമായി ബന്ധപ്പെട്ട് തലശ്ശരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിലെ പൊതുമൈതാനങ്ങൾ ഫൊറോന, യുണിറ്റ് സമിതികൾ വൃത്തിയാക്കേണ്ടതാണ്.

**യുവോത്സവം**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയിലെ 19 ഫൊറോന കേന്ദ്രങ്ങളിൽ ഒക്ടോബർ 01 ന് രാവിലെ 10 മണി മുതൽ

രചനാ മത്സരം നടത്തപ്പെടുന്നതാണ്. ഫൊറോന സമിതി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**സംസ്ഥാനതല ജാഥ ഉദ്ഘാടനം**

കേരള സമൂഹത്തിന്റെ വികസനവും വിവിധ വിഭാഗങ്ങളുടെ അവകാശ സംരക്ഷണവും യുവജന മുന്നേറ്റവുമായി ബന്ധപ്പെട്ട സന്ദേശങ്ങളുയർത്തിപ്പിടിച്ച് കെസിവൈഎം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കാസർഗോഡ് നിന്നും തിരുവനന്തപുരം വരെ നടത്തുന്ന കേരള നവീകരണ യാത്രയ്ക്ക് വെള്ളരിക്കുണ്ടിൽ ആവേശകരമായ തുടക്കം കുറിച്ചു. കണ്ണൂർ രൂപത സഹായമെത്രാൻ മാർ ഡെന്നീസ് കുറുപ്പശ്ശേരി ജാഥ ക്യാപ്റ്റനായ കെസിവൈഎം സംസ്ഥാന പ്രസിഡന്റ് എബിൻ കണിവയലിന് പതാക കൈമാറി ജാഥ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി വിപിൻ ജോസഫ് വിഷയാവതരണം നടത്തി. അതിരൂപത പ്രസിഡന്റ് അബിൻ വടക്കേക്കര അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ഡിറ്റോ കൂള, സംസ്ഥാന സെക്രട്ടറി ജോബിൻ ജോസ്, വെള്ളരിക്കുണ്ട് ഫൊറോന വികാരി റവ. ഡോ. ജോൺസൺ അന്ത്യാകുളം അതിരൂപത ഡയറക്ടർ ഫാ. മാത്യു മുക്കുഴി, അതിരൂപത ജനറൽ സെക്രട്ടറി അമൽ പേഴുംകാട്ടിൽ എന്നിവർ പ്രസംഗിച്ചു.

**യുവോദയം - Student Union Leaders Meet**

കലാലയങ്ങളിലെ വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പിൽ മേജർ, മൈനർ സീറ്റുകളിൽ വിജയിച്ച തലശ്ശേരി അതിരൂപത അംഗങ്ങളായ യുവജനങ്ങളുടെ സംഗമം ഓഗസ്റ്റ് 31 ഞായറാഴ്ച വൈകുന്നേരം 03 മണിക്ക് ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ചു നടത്തി.

**കാരുണ്യവാരം**

ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 05 വരെ കാരുണ്യവാരമായി ആചരിച്ചു. യൂണിറ്റുകളുടെയും ഫൊറോനകളുടെയും നേതൃത്വത്തിൽ അഗതിമന്ദിരം സന്ദർശനം നടത്തുകയും ചെയ്തു.

**സംയുക്ത സിൻഡിക്കേറ്റ് സമ്മേളനം**

തലശ്ശേരി അതിരൂപത 2025-26 സമിതിയുടെ സംയുക്ത സിൻഡിക്കേറ്റ് സമ്മേളനം ആലക്കോട് മേരിമാതാ കോളേജിൽ വച്ചു നടത്തപ്പെട്ടു. അതിരൂപത പ്രസിഡന്റ് അബിൻ വടക്കേക്കരയുടെ അധ്യക്ഷതയിൽ ഫാ. മാത്യു മുക്കുഴി ഉദ്ഘാടനം ചെയ്തു. സംഘടനയുടെ ഒരു വർഷത്തേക്കുള്ള പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ആതിഥേയത്വം വ്യത്യസ്ത ഫൊറോനകളെ ചുമതലപ്പെടുത്തുകയും ചെയ്തു.

**അഭിനന്ദനങ്ങൾ**

തലശ്ശേരി അതിരൂപതാ സമിതിയുടെ 2025-2026 വർഷത്തെ ഡയറ

ക്ടേഴ്സ് പ്രതിനിധിയായി ഫാ. ജോസഫ് കുരിശുംമൂട്ടിലിനെയും (മണിക്ക ടവ് ഫൊറോന), വൈസ് ഡയറക്ടേഴ്സ് പ്രതിനിധിയായി സി. ജയ റോസ് CMC യെയും (എടൂർ ഫൊറോന), ലേ ആനിമേറ്റർ പ്രതിനിധിയായി ഷിബി വലിയവീട്ടിലിനെയും (മേരിഗിരി ഫൊറേന) സംയുക്ത സിൻഡിക്കേറ്റ് സമ്മേ ളനത്തിൽ വച്ചു തിരഞ്ഞെടുത്തു.

**നിറവോണം**

ടൗണിലെ തെരുവോരങ്ങളിൽ കഴിയുന്ന എൺപതോളം നിരാലം ബർക്കൊപ്പം കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത സമിതി 'നിറവോണം' എന്ന പേരിൽ ഓണസദ്യയും കളികളും ഓണസമ്മാ നങ്ങളുമായി ഓണാഘോഷം സംഘടിപ്പിച്ചു.

**പ്രഥമ യൂത്ത് അസംബ്ലി**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ പ്രഥമ യൂത്ത് അസംബ്ലി സെപ്റ്റംബർ 05, 06, 07 തീയതികളിൽ തലശ്ശേരി സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂളിൽ വച്ചു നടന്നു. വിവിധ ഇടവകക ളിൽ നിന്നായി ഏകദേശം 140 യുവജനങ്ങൾ പങ്കെടുത്തു. തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി യൂത്ത് അസംബ്ലി ഉദ്ഘാടനം ചെയ്തു. ചാണ്ടി ഉമ്മൻ എംഎൽഎ, ടോം കുര്യാ ക്കോസ്, ഡോ. ജോസഫ് കാക്കരമറ്റത്തിൽ, ഡോ. ടോം ഓലിക്കരോട്ട്, ഫാ. സാബു കുമ്പുക്കൽ, ഡോ. ഫിലിപ്പ് കവിയിൽ, വിക്ടർ ആദം, സി. ഡോ. ഡിവിന MSMI എന്നിവർ വിവിധ സെഷനുകളിലൂടെ യുവജനങ്ങളുമായി സംവദിച്ചു. പ്രഥമ യൂത്ത് അസംബ്ലി വിജയമാക്കാൻ സഹായിച്ച ബഹു. അച്ചൻമാർക്കും ഫൊറോന പ്രസിഡന്റുമാർക്കും പങ്കെടുത്ത എല്ലാ യുവജ നങ്ങൾക്കും തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**ആരംഭ് 2k25 - പ്രവർത്തനവർഷ ഉദ്ഘാടനം, കർമ്മപദ്ധതി പ്രകാശ നം, ലോഗോ പ്രകാശനം**

കെസിവൈഎം എസ്എംവൈഎം 2025-26 സമിതിയുടെ പ്രവർത്തന വർഷ ഉദ്ഘാടനം **ആരംഭ് 2k25** തലശ്ശേരി സാൻജോസ് മെട്രോപ്പോളി റ്റൻ സ്കൂളിൽ വച്ചു സെപ്റ്റംബർ 07-ാം തീയതി നടന്നു. ആർച്ചു ബിഷപ്പ് എമരിറ്റസ് മാർ ജോർജ് വലിയമറ്റം ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. അതിരൂപതാ പ്രസിഡന്റ് അബിൻ വടക്കേക്കര അധ്യക്ഷപദവും ഡയറക്ടർ ഫാ. അഖിൽ മുക്കുഴി ആമുഖപ്രഭാഷണവും നടത്തി. സമിതിയുടെ പ്രവർത്തന ലോഗോ ആർച്ചു ബിഷപ്പ് എമരിറ്റസ് മാർ ജോർജ് വലിയമറ്റം പ്രകാശനം ചെയ്തു. **'ചിറക്'** എന്നതാണ് ഈ വർഷത്തെ പ്രവർത്തന ലോഗോ. **'കരുതലാണ് കരുത്ത്'** എന്നതാണ് പ്രവർത്തന വർഷത്തിന്റെ

തീം. ആർച്ചു ബിഷപ്പ് എമരിറ്റസ് മാർ ജോർജ് വലിയമറ്റം അതിരൂപതാ പ്രസിഡന്റ് അബിൻ വടക്കേക്കരക്ക് കർമ്മപദ്ധതി കൈമാറി പ്രകാശനം ചെയ്യുകയും ചെയ്തു.

**കെസിവൈഎം 2024-25 സമിതിക്ക് ആദരം**

2024 -25 സമിതിയെ മുന്നോട്ട് നയിച്ച പ്രസിഡന്റ് ശ്രീ. ജോയൽ പുതുപ്പറമ്പിലിന്റ നേതൃത്വത്തിലുള്ള അതിരൂപത സമിതിക്ക് മെമെന്റോ നൽകി ആദരിച്ചു.

**ഫൊറോന പ്രസിഡന്റുമാർക്ക് ആദരം**

2024-25 സമിതിയിൽ ഫൊറോന പ്രസിഡന്റുമാരായി സേവനം ചെയ്ത യുവജന നേതാക്കളെ മെമെന്റോ നൽകി ആദരിച്ചു.

**SECOND SUNDAY YOUTH SUNDAY**

ഇടവകയിലെ മുൻകാല രൂപത/സംസ്ഥാന ഭാരവാഹികളെയും യുവജന പ്രായപരിധി കഴിഞ്ഞിട്ടും ചേർന്നു നിന്നു പ്രവർത്തിക്കുന്ന യുവജന നേതാക്കളെയും യൂണിറ്റുകളുടെ നേതൃത്വത്തിൽ ആദരിച്ചു.

**പ്രയാൺ - ഫൊറോന വിസിറ്റ്**

കുന്നോത്ത്, നെല്ലിക്കാംപൊയിൽ, പനത്തടി, കാഞ്ഞങ്ങാട്, കാസർഗോഡ് ഫൊറോനകളിലെ വിസിറ്റ് പൂർത്തീകരിച്ചു.

**വിവാഹമംഗളാശംസകൾ**

വിവാഹജീവിതത്തിന്റെ പുതുവഴികളിലേക്ക് പ്രവേശിച്ച കെസിവൈഎം സംസ്ഥാന സെക്രട്ടറി വിപിൻ മാറുകാട്ടുകുന്നേലിനും വധു മരിയ്ക്കും കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത മുൻ സെക്രട്ടറി സോജോ ചക്കാലക്കലിനും വധു അഞ്ജുവിനും തലശ്ശേരി അതിരൂപത മുൻ വൈസ് പ്രസിഡന്റ് അലിഡക്കും കാഞ്ഞങ്ങാട് മുൻ ഫൊറോന പ്രസിഡന്റ് അബിൻ ഷാജുവിനും തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ പ്രാർത്ഥനാപൂർവ്വകമായ ആശംസകൾ.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

ഈശോയിൽ പ്രിയപ്പെട്ടവരെ,

ഒക്ടോബർ മാസം ഒരുപാട് പ്രത്യേകതകൾ നിറഞ്ഞതാണ്. പ്രേഷിതപ്രവർത്തനങ്ങളുടെ ആഗോള മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യ, കാവൽ മാലാഖമാർ, സമാധാന പ്രവാചകനായ വി. ഫ്രാൻസീസ് അസ്സീസ്സി, വേദപാരംഗതയായ അമ്മത്രേസ്യ, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ, സുവിശേഷകനായ ലൂക്ക, കുടുംബങ്ങളുടെ പാപ്പയായ വി. ജോൺ പോൾ രണ്ടാമൻ, അപ്പസ്തോലന്മാരായ വി. ശിമയോൻ, വി. യൂദാതദേവൂസ് എന്നിങ്ങനെ അനവധി പുണ്യജീവിതങ്ങളെ ആഘോഷിക്കുന്ന മാസം. പരിശുദ്ധ അമ്മയോട് സവിശേഷമായ ഭക്തിയും വണക്കവും പ്രദർശിപ്പിച്ചിരുന്നവരാണ് ഇവരെല്ലാവരും. ജപമാല മാസമായി കൊണ്ടാടുന്ന ഒക്ടോബറിൽ ഈ പുണ്യാത്മാക്കളെ മാതൃകയാക്കി നമുക്കും അമ്മയുടെ മാദ്ധ്യസ്ഥ്യം കൂടുതലായി തേടി പ്രാർത്ഥിക്കാം. ജോൺ 23-ാം പാപ്പയുടെ വീക്ഷണത്തിൽ കുടുംബാംഗങ്ങൾ എല്ലാവരും ഒത്തൊരുമിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുമ്പോൾ സമാധാനം രുചിച്ചറിയാനും മനസ്സുകളുടെ പൊരുത്തം അനുഭവിക്കാനും പ്രത്യേകമായി സാധിക്കും. വ്യക്തി ജീവിതത്തിലും കുടുംബങ്ങളിലും കൂട്ടായ്മകളിലും നമുക്ക് ജപമാല മുറുകെപ്പിടിച്ച് പ്രാർത്ഥിക്കാം.

## I. കുടുംബകൂട്ടായ്മ

പ്രിയപ്പെട്ടവരെ 09-09-2025 ന് അഭിവന്ദ്യ പിതാവിന്റെയും പെരിയ ബഹു. ജനറാളച്ചന്മാരുടേയും നേതൃത്വത്തിൽ സന്ദേശഭവനിൽ വച്ച് കുടുംബകൂട്ടായ്മയുടെ അതിരൂപതാ - ഫൊറോനാ തല നേതാക്കളുടെ മീറ്റിംഗ് നടത്തി. പ്രസ്തുത യോഗത്തിൽ വച്ച് കുടുംബകൂട്ടായ്മയുടെ ത്രിതല എക്സിക്യുട്ടീവ് സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ തീരുമാനിച്ചു.

**1. ഇടവക എക്സിക്യുട്ടീവ്:** വികാരിയച്ചൻ (പ്രസിഡന്റ്), കോർഡിനേറ്റർ (കൺവീനർ), മദർ സുപ്പീരിയർ, പാരിഷ് കൗൺസിൽ സെക്രട്ടറി, മാതൃവേദി പ്രസിഡന്റ്, (വലിയ ഇടവകകളിൽ സോണൽ പ്രസിഡന്റുമാർ).

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (പാരിഷ് കൗൺസിൽ യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഇടവകയിലെ കുടുംബ കൂട്ടായ്മകളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ കൂട്ടായ്മകളുടേയും നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**2. ഫൊറോന എക്സിക്യൂട്ടീവ്:** ഫൊറോന വികാരിയച്ചൻ (പ്രസിഡന്റ്), ഫൊറോന കൗൺസിൽ പ്രസിഡന്റ് (കൺവീനർ), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ആനിമേറ്റർ, ഫൊറോന കൗൺസിൽ സെക്രട്ടറി, മാതൃവേദി മേഖല പ്രസിഡന്റ്.

പ്രത്യേക ക്ഷണിതാക്കൾ: എല്ലാ ഇടവകകളിലേയും കോർഡിനേറ്റർമാർ

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (വൈദികരുടെ മാസധ്യാന യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഫൊറോനയിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. മുഴുവൻ ഇടവകളിലേയും കുടുംബകൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നല്കുക.

3. അതിരൂപതാ എക്സിക്യൂട്ടീവ്, സംഘടന ചുമതലയുള്ള വികാരി ജനറാൾ, അതിരൂപതാ ഡയറക്ടർ, അതിരൂപതാ ആനിമേറ്റർ, അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി, മാതൃവേദി അതിരൂപതാ പ്രസിഡന്റ്.

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ സമ്മേളിച്ച് അതിരൂപതയിലെ മുഴുവൻ കുടുംബ കൂട്ടായ്മകളുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് അതിൽ ഫൊറോന കൗൺസിൽ പ്രസിഡന്റുമാർ, ഫൊറോന കൗൺസിൽ സെക്രട്ടറിമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ ഫൊറോനയിലെയും കുടുംബ കൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**മറ്റ് തീരുമാനങ്ങൾ**

- പ്രതിമാസ ചർച്ചാ വിഷയങ്ങളിൽ അതിരൂപതയുടെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തുക.
- കുടുംബകൂട്ടായ്മകളിൽ പുരുഷപ്രാതിനിധ്യം ഉറപ്പുവരുത്തുക.
- ചർച്ചാ വിഷയങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി ഒരു

റിസോഴ്സ് ടീമിനെ ഇടവകാതലത്തിൽ പരിശീലിപ്പിച്ചെടുക്കുക.

- കുടുംബങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അനുയോജ്യരായ ആളുകളെ ഉൾപ്പെടുത്തി ഒരു അനുരഞ്ജന സമിതി രൂപീകരിക്കുക.
- പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നിയതമായ ഫോം അതിരൂപതാ തലത്തിൽ രൂപപ്പെടുത്തി ഇടവകളിലേക്ക് അയച്ചു കൊടുക്കുക
- ജപമാലയ്ക്ക് മുടക്കം വരുത്താത്ത രീതിയിൽ കൂട്ടായ്മകളിലെ പ്രാർത്ഥനകൾ ക്രമീകരിക്കുക.
- വചനം പഠിക്കാനും അത് കൂട്ടായ്മകളിൽ പങ്കുവയ്ക്കാനും അവസരങ്ങൾ ഉണ്ടാക്കുക.
- സ്നേഹവിരുന്നിനായുള്ള ക്രമീകരണങ്ങൾ ആർക്കും ഭാരമാവാത്ത രീതിയിൽ സംഘടിപ്പിക്കുക.
- കൂട്ടായ്മകളുടെ വാർഷികം സമുചിതമായി നടത്തുക.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

സെപ്റ്റംബർ 18–20 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 153 ഓളം പേർ സംബന്ധിച്ചു.

**Time Schedule**

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com എന്ന** വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. **എം.പി.സിയുടെ ഫീസ് 2,000 രൂപയായിരിക്കും.** Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1400 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| **MPC - 2025** | | | |
|---|---|---|---|
| October | 16-18 | (Thusday - Saturday) | Thalassery |
| November | 13-15 | (Thusday - Saturday) | Padannakkad |
| December | 18-20 | (Thusday - Saturday) | Thalassery |

**എം.പി.സി ഓൺലൈൻ കൂട്ടായ്മ**

ആഗസ്റ്റ് 28 ന് മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി) കഴിഞ്ഞു പോയവരുടെ ഒരു ഓൺലൈൻ കൂട്ടായ്മ നടത്തി. വിവിധ ബാച്ചുകളിൽ നിന്നായി 92 പേർ ഈ മീറ്റിംഗിൽ പങ്കെടുത്തു. സി. മെറ്റിൽഡ CHF അവർക്ക് ക്ലാസ്സ് എടുത്തു. കുടുംബജീവിതം മനോഹരമായി കെട്ടിപ്പടുക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വിശദീകരിച്ചു.

## III. മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

സെപ്റ്റംബർ 9ന് അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് സന്ദേശഭവനിൽ വച്ച് നടത്തി. 'നസ്രാണി ഫെസ്റ്റ് 2025' കലാമത്സരങ്ങളെക്കുറിച്ചുള്ള ചർച്ച നടത്തി അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

### (b) മാതൃസംഗമം / മേഖലാ വാർഷികം

ആഗസ്റ്റ് 26, 30 തീയതികളിലായി പനത്തടി, വെള്ളരിക്കുണ്ട് മേഖലകളുടെ വാർഷികാഘോഷം നടത്തി. പനത്തടി മേരിക്വീൻ മാതൃവേദിയുടെ വാർഷികാഘോഷം വി. ബലിയോടുകൂടെ പനത്തടി സെന്റ് ജോസഫ് പള്ളിയിൽ വച്ചും, വെള്ളരിക്കുണ്ട് മേഖലയുടെ വെള്ളരിക്കുണ്ട് ഫൊറോന പള്ളിയിൽ വച്ചും നടത്തി. അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഫൊറോന വികാരിമാർ അനുഗ്രഹപ്രഭാഷണം നടത്തി. നസ്രാണി ഫെസ്റ്റ് നടത്തി. ഓരോ യൂണിറ്റിന്റേയും മനോഹരമായ കലാപരിപാടികൾ വാർഷികാഘോഷത്തിന് മാറ്റ് കൂട്ടി. ഉച്ചഭക്ഷണത്തോടെ പ്രോഗ്രാം സമാപിച്ചു.

### (c) പേരാവൂർ മേഖല വാർഷികവും ഓണാഘോഷവും

സെപ്റ്റംബർ 1ന് സെന്റ് മോനിക്ക പേരാവൂർ മേഖല മാതൃവേദിയുടെ വാർഷികാഘോഷവും ഓണാഘോഷവും സമുചിതമായ രീതിയിൽ ചെട്ടിയാംപറമ്പ് യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. ഫൊറോന വികാരി ആഘോഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. ശ്രീമതി സിസ്സി ആന്റണി അധ്യക്ഷപദം അലങ്കരിച്ചു. അതിരൂപതാ ഡയറക്ടർ മുഖ്യപ്രഭാഷണം നടത്തി. രൂപത ആനിമേറ്റർ, രൂപത സെക്രട്ടറി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. രൂപത ടീം അംഗങ്ങൾ സന്നിഹിതരായിരുന്നു. വിവിധ യൂണിറ്റുകളുടെ കലാപരിപാടികൾ ഈ ആഘോഷത്തിന് മാറ്റ് കൂട്ടി.

### (d) സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് സമുദായ ശക്തീകരണ ജ്വാല ആഗസ്റ്റ് 28, 30, സെപ്റ്റംബർ 11 തീയതികളിലായി പൈസക്കരി മേഖലയുടേത് ചുണ്ടപ്പറമ്പ് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വച്ചും, വെള്ളരിക്കുണ്ട് മേഖലയുടേത് വെള്ളരിക്കുണ്ട് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ വച്ചും മണിക്കടവ് മേഖലയുടെ മുണ്ടാനൂർ സെന്റ് അൽഫോൻസ ദൈവാലയത്തിൽ വച്ചും നടത്തി. ജപമാല, പതാക ഉയർത്തൽ, റാലി എന്നി

വയ്ക്കുശേഷം പ്രാർത്ഥനാ ഗാനത്തോടെ പ്രോഗ്രാം ആരംഭിച്ചു. പൈസക്കരി ഫൊറോന വികാരി വെരി റവ. ഫാ. നോബിൾ ഓണംകുളം, വെള്ളരിക്കുണ്ട് ഫൊറോന വികാരി വെരി റവ. ഫാ. ജോൺസൺ അന്ത്യാങ്കുളം, മണിക്കടവ് ഫൊറോന വികാരി വെരി റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ എന്നിവർ ജ്വാല ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. പൈസക്കരി മേഖലയിൽ അതിരൂപതാ പ്രസിഡന്റും, വെള്ളരിക്കുണ്ട് മേഖലയിൽ അതിരൂപതാ വൈസ് പ്രസിഡന്റും മുഖ്യപ്രഭാഷണവും ആനിമേറ്റേഴ്സ് ആശംസകളും അർപ്പിച്ചു. "മാർത്തോമ്മാ നസ്രാണി സമുദായത്തിന്റെ ചരിത്രവും ശക്തിയും പ്രസക്തിയും" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടറച്ചൻ ക്ലാസ് എടുത്തു. തുടർന്ന് സംഗീതം, റമ്പാൻ പാട്ട്, മോണോ ആക്ട് തുടങ്ങിയ പരിപാടികളും അമ്മമാർ മനോഹരമായി സംഘടിപ്പിച്ചു. പരമ്പരാഗത ക്രിസ്തീയ വേഷമായ ചട്ടയും മുണ്ടും ധരിച്ചുവന്ന അമ്മമാരുടെ സാന്നിധ്യം പ്രത്യേകതയായി. തനത് ക്രിസ്തീയ ഭക്ഷണ വിഭവങ്ങളായ വട്ടയപ്പം, അച്ചപ്പം, കുഴലപ്പം, അവലോസുണ്ട എന്നിവ അമ്മമാർ ഉണ്ടാക്കികൊണ്ടുവരികയും എല്ലാവരും പങ്കിട്ട് കഴിക്കുകയും ചെയ്തു. മേഖലാ ഭാരവാഹികളുടേയും, യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യം പ്രോഗ്രാമിന്റെ വിജയത്തിന് കാരണമായി.

## (e) മത്സരം

**1. 'ഏയ് ഇതു കണ്ടോ' ഫോട്ടോഗ്രാഫി മത്സരം :**

ആഗോള ഫോട്ടോഗ്രാഫി ദിനത്തിൽ അമ്മമാരുടെ ഫോട്ടോഗ്രാഫി മികവ് വർദ്ധിപ്പിക്കാനായി അതിരൂപത മാതൃവേദി സംഘടിപ്പിച്ച മത്സരത്തിൽ 100 ഓളം അമ്മമാർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സ്ഥാനം - ജെസ്ലിൻ നെടുമരുതുംചാലിൽ (പറമ്പ) രണ്ടാം സ്ഥാനം - സൗമ്യ ചെമ്മനാംതടത്തിൽ (ചുണ്ടപ്പറമ്പ്), മൂന്നാം സ്ഥാനം - സോണിയ കൊച്ചുമുറിയിൽ (തിരുമേനി).

## (f) ഒക്ടോബർ മാസത്തെ മാർഗ്ഗരേഖ

1 - **ജ്വാല @ പേരാവൂർ**
കൊച്ചുത്രേസ്യയുടെ തിരുനാൾ

2 - **ജ്വാല @ കുന്നോത്ത്**
കാവൽ മാലാഖമാരുടെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കുക. ഗാന്ധി ജയന്തി - പരിസര ശുചീകരണം ഉചിതമായി നടത്തുക.

3 - മേഖല കലാമത്സര വിജയികളുടെ ലിസ്റ്റ് അതിരൂപതയിൽ ഏൽപ്പിക്കേണ്ട അവസാന തീയതി.

4 - **ജ്വാല @ ചെമ്പന്തൊട്ടി**
ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ - സമാധാന പ്രാർത്ഥന ചൊല്ലുക.

7 – ജപമാല രാജ്ഞിയുടെ തിരുനാൾ ദിനത്തിൽ മാതൃവേദി സംഘടന യ്ക്കുവേണ്ടി ഒരു ജപമാല ചൊല്ലി പ്രാർത്ഥിക്കുക.

10 – മാനസികാരോഗ്യദിനത്തിൽ – webinar -ൽ പങ്കുചേരുക.

11 – അന്താരാഷ്ട്ര പെൺകുട്ടികളുടെ ദിനം
**അതിരൂപതാ കലോത്സവം @ ചെമ്പേരി.** ക്രിസ്തീയ സമുദായത്തി ന്റെ തനത് കലകൾ ഉൾപ്പെടുത്തിയ കലാമത്സരങ്ങൾ നടത്തുന്നു. പ്രസംഗം, സംഗീതം, കവിത, മോണോആക്ട്, ക്വിസ് എന്നീ വ്യക്തിഗത ഇനങ്ങൾ. റമ്പാൻപാട്ട്, മാർഗ്ഗംകളി, ക്രിസ്തീയ കോൽക്കളി, ക്രിസ്തീയ സമുദായത്തിന്റെ സാമൂഹ്യസംഭാവനകളെ വ്യക്തമാക്കുന്ന നിശ്ചല ദൃശ്യം എന്നീ ഗ്രൂപ്പ് ഇനങ്ങൾ.

12 – ലോകകാഴ്ച്ച ദിനം – നേത്ര പരിശോധനാ ക്യാമ്പുകൾ നടത്തുക.

13 – ഒക്ടോബർ 13 മുതൽ 31 വരെ ഓരോ മേഖലയും ജപമാല മാസത്തിൽ പരിശുദ്ധ അമ്മയ്ക്ക് ആദരമേകുന്ന സുന്ദരമായ സ്തുതിഗീതം ആല പിക്കുന്ന മനോഹരമായ ഒരു വീഡിയോ അയച്ചു നല്കുക. മേഖലാ ഭാരവാഹികൾ യൂണിറ്റ് പ്രസിഡന്റുമായി കൂടിയാലോചന നടത്തി ഏതെങ്കിലും ഒരു യൂണിറ്റിനെ പ്രോഗ്രാം ചുമതലപ്പെടുത്തുക. മേഖ ലയ്ക്ക് പ്രോഗ്രാമിന് തന്നിരിക്കുന്ന ദിനത്തിന്റെ തലേന്ന് വീഡിയോ അതിരൂപതാ ഡയറക്ടർക്ക് അയച്ചു നല്കുക. (മാർഗ്ഗരേഖ പേജ് 27 കാണുക.)

15 – അമ്മത്രേസ്യായുടെ തിരുനാൾ ദിനം – മാഹിപള്ളിയിലേക്ക് തീർത്ഥാടനം.

16 – വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ. ലോക ഭക്ഷ്യദിനം

18 – വി. ലൂക്കായുടെ തിരുനാൾ

22 – വി. ജോൺപോൾ രണ്ടാമന്റെ തിരുനാൾദിനം – ദാമ്പത്യപ്രശ്നം അനു ഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.

28 – വി. ശിമയോന്റെയും, യൂദാതദേവൂസിന്റെയും തിരുനാൾ സമുചിതമായി ആചരിക്കുക. വി. മത്തായിയുടെ സുവിശേഷം 10:1–10 വായിക്കുക. യൂദാ തദേവൂസിന്റെ നൊവേന ചൊല്ലി പ്രാർത്ഥിക്കുക.

**പ്രത്യേക പ്രവർത്തനങ്ങൾ**

- ചട്ടയും മുണ്ടും ധരിച്ചവരുടെ സംഗമ ഫോട്ടോ മത്സരം (ഇടവകയുടെ വലിപ്പം അനുസരിച്ചായിരിക്കും വിധി നിർണ്ണയം നടത്തുക).
- വിധവകളും വിഭാര്യരുമായവരുടെ പ്രത്യേക സംഗമങ്ങൾ മേഖലാതല ത്തിൽ നടത്തി അവർക്കായി ഉപകാരപ്രദമായ സെമിനാറുകൾ സംഘടി പ്പിക്കുക. ഗവൺമെന്റ് ആനുകൂല്യങ്ങളെക്കുറിച്ച് അവബോധം നല്കുക. സ്വയം തൊഴിൽ പരിശീലനവും അത്യാവശ്യമായ സഹായങ്ങളും നല്കുക.

### (g) പാലക്കാട് മാതൃദിനാഘോഷം

പാലക്കാട് രൂപത മാതൃവേദിയുടെ മാതൃദിനാഘോഷ പരിപാടിയിൽ ക്ലാസ് എടുക്കുന്നതിനായി ഡയറക്ടർ, ആനിമേറ്റർ, ബ്രദർ എന്നിവർ പോകു കയുണ്ടായി. സിഎച്ച്എഫ് മേരിയൻ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിക്കു

കയും വി. ബലിയർപ്പിച്ച് സന്ദേശം നല്കുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു. പാലക്കാട് ബിഷപ്സ് ഹൗസ് സന്ദർശിക്കുകയും അഭിവന്ദ്യ പിതാക്കന്മാരെ കാണുകയും ചെയ്തു. ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ മുൻ വർഷങ്ങളിൽ ശുശ്രൂഷ ചെയ്ത ആനിമേറ്റർമാരെ (സി. ജീസ് മാത്യു, സി. ലിയ റോസ്) സന്ദർശിക്കുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു. ഫാ. ജോബി കോവാട്ട് അമ്മമാർക്ക് ക്ലാസ് നല്കുകയും സി. ലിന്റ ആശംസകൾ നേരുകയും ചെയ്തു. 348 പേർ ഈ മാതൃദിനാഘോഷത്തിൽ പങ്കെടുത്തു.

**IV. നവോമി കൂട്ടായ്മ ഓൺലൈൻ മീറ്റിംഗ്**

മോനിക്ക പുണ്യവതിയുടെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതയിലെ 19 ഫൊറോനകളിൽ നിന്നുമായി തെരഞ്ഞെടുത്ത വിധവകളുടെ ഒരു ഓൺലൈൻ മീറ്റിംഗ് ആഗസ്റ്റ് 27 ന് നടത്തി. വിധവകളായി കഴിയുന്നവരെ സഭ പ്രത്യേകം പരിഗണിക്കുന്നു. അവരുടെ കൂട്ടായ്മ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നു. പുനർ വിവാഹത്തിനുള്ള സാധ്യതകൾ ക്രമീകരിക്കുന്നു. സർക്കാർ നല്കുന്ന വിവിധ ആനുകൂല്യങ്ങളെക്കുറിച്ച് അവബോധം നല്കുന്നു. പിഒസിയിൽ വച്ച് നവോമി കൂട്ടായ്മയിൽ പങ്കെടുത്ത ശ്രീമതി ഡിംപിൾ, ശ്രീമതി ഡെയ്സി, ശ്രീമതി പുഷ്പ എന്നിവർ അവരുടെ അനുഭവങ്ങൾ പങ്കുവച്ചു.

ഈ കൂട്ടായ്മ ഒന്നു കൂടി ശക്തിപ്പെടുത്താൻ 5 പേരടങ്ങുന്ന ടീം രൂപീകരിച്ചു. ശ്രീമതി ഡിംപിൾ കൂട്ടുങ്കൽ, ശ്രീമതി പുഷ്പ വെള്ളപ്പാടത്ത്, ശ്രീമതി ഡെയ്സി മണ്ണാനയിൽ, ശ്രീമതി ഷിജി തോപ്പുകാലായിൽ, ശ്രീമതി ഷീജ കുറ്റിയാത്ത് എന്നിവരെ തെരഞ്ഞെടുത്തു. സി. ലിന്റ ഏവർക്കും നന്ദി പറഞ്ഞ് മീറ്റിംഗ് അവസാനിപ്പിച്ചു.

**V. പ്രാർത്ഥനാ കൂട്ടായ്മ കുടുംബസംഗമം**

പേരാവൂർ മേഖലയിലെ പ്രാർത്ഥനാ കൂട്ടായ്മയിലെ അംഗങ്ങൾ കുടുംബത്തോടൊപ്പം പേരാവൂർ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ ഒന്നിച്ചുകൂടി. ആരാധന, ക്ലാസ്സ്, വി. ബലി, കുമ്പസാരം എന്നിവ ഉണ്ടായിരുന്നു. ഡയറക്ടറച്ചൻ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് അച്ചന്റെ ക്ലാസ്സും ഉണ്ടായിരുന്നു.

**VI. അമല പ്രോലൈഫ്:** ആഗസ്റ്റ് 19ന് പൂപ്പറമ്പ് മരിയ ഭവനിൽ വച്ച് പ്രോലൈഫ് കോർ ടീം അംഗങ്ങളുടെ മീറ്റിംഗ് നടത്തി. 25 ഓളം പേർ പങ്കെടുത്തു. അവിടെയുള്ള അന്തേവാസികൾക്ക് ഉച്ചഭക്ഷണം നല്കി. തുടർന്ന് കോർ ടീം അംഗങ്ങൾ ആരാധനയിൽ സമയം ചെലവഴിച്ചു. ജീവോത്സവത്തെക്കുറിച്ച് സംസാരിക്കുകയും സ്പോൺസർമാരെ കണ്ടെത്തുന്നതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്തു. ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞ് മീറ്റിംഗ് അവസാനിപ്പിച്ചു.

**VII. സഖറിയാസ് കൺവെൻഷൻ**

കുടിയാന്മല ഇടവകയിൽ വച്ച് ആഗസ്റ്റ് 19,20,21 തീയതികളിൽ സഖറി

യാസ് കൺവെൻഷൻ നടത്തി. കുടിയാന്മല ഇടവകയിൽ നിന്നും അടുത്തുള്ള മറ്റ് ഇടവകകളിൽ നിന്നുമായി 310 പേർ ഈ സ്നേഹസംഗമത്തിൽ പങ്കെടുത്തു. ഡയറക്ടർ സംബന്ധിക്കുകയും അവർക്ക് കുർബ്ബാനയർപ്പിച്ച് ക്ലാസ്സ് നല്കുകയും ചെയ്തു. സഖറിയാസ് ടീം കൺവെൻഷൻ നയിച്ചു. കുടിയാന്മല ഇടവക വികാരി റവ. ഫാ. പോൾ വള്ളോപ്പിള്ളി വേണ്ടതായ എല്ലാ ക്രമീകരണങ്ങളും നല്കി. മാതൃവേദി കുടിയാന്മല ആനിമേറ്ററും കുടിയാന്മല യൂണിറ്റ് ഭാരവാഹികളും ഈ മൂന്നു ദിനങ്ങളിൽ അവരോടൊപ്പം ഉണ്ടാവുകയും വേണ്ടതായ സഹായങ്ങൾ നല്കുകയും ചെയ്തു. പങ്കെടുത്തവർക്കും സഹായിച്ചവർക്കും പ്രത്യേകം നന്ദി.

Phone : 9400206974, 8078122191.

**VIII. സീറോമലബാർ മാട്രിമോണി**

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തു കൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.

Phone : 9400206974, 8078122191

## IX. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191

**X. പ്രോലൈഫ് മാര്യേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**XI. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

## Corporate Language Advancement Programm (CLAP)

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെയും പഠനം നടത്തുന്ന വിദ്യാർത്ഥികളുടെയും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി **(CLAP)** എന്ന പ്രോഗ്രാം സ്കൂളുകളിൽ ആരംഭിച്ചിരിക്കുന്നു.

അധ്യാപകർക്ക് പഠനത്തിനുള്ള സിലബസും, പാഠഭാഗങ്ങളും മോഡൽ ചോദ്യങ്ങളും ഒക്ടോബർ ലക്കം സദ്ഗമയ മാസികയിൽ കൊടുത്തിട്ടുണ്ട്. വിദ്യാർത്ഥികൾക്കുള്ള സിലബസും, പാഠഭാഗങ്ങളും ഓരോ സ്കൂളിലെയും മെന്റർമാർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. പഠനം ആരംഭിച്ചു എന്ന് കരുതുന്നു. വിജയാശംസകൾ.....

**ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് കണ്ണൂർ കലക്ട്രേറ്റ് ഉപരോധം**

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് കാത്തോലിക്കസഭയ്ക്കു കീഴിലെ എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപകരോട് സർക്കാർ കാണിക്കുന്ന നീതി നിഷേധത്തിനെതിരെ കേരള കാത്തോലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും കണ്ണൂർ, കോട്ടയം, തലശ്ശേരി അതിരൂപത വിദ്യാഭ്യാസ ഏജൻസികളുടെയും സംയുക്താഭിമുഖ്യത്തിൽ കണ്ണൂർ കളക്ട്രേറ്റിനു മുന്നിൽ നടത്തിയ ധർണ്ണ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു.

കോശി കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടാതെ സർക്കാർ അടയിരിക്കുന്നത് അന്യായമാണ്. എയ്ഡഡ് മാനേജ്മെന്റുകളെ അയിത്തം കല്പിച്ച് തിന്മയുടെ വക്താക്കളായി അവതരിപ്പിക്കുന്നു. ഇതര സമുദായങ്ങളിൽ നിന്നു ഭിന്നമായി ക്രൈസ്തവ മാനേജ്മെന്റുകളുടെ അധ്യാപകർക്കു മാത്രം ഭിന്നശേഷി സംവരണത്തിന്റെ പേരിൽ ശമ്പളം നൽകാതെ ഏഴുവർഷമായി തടഞ്ഞുവച്ചിരിക്കുന്നു. ഈ അന്യായം കണ്ടില്ലെന്നു നടിക്കാനാകില്ലെന്നും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി തന്റെ ഉദ്ഘാടനപ്രസംഗത്തിൽ അടിവരയിട്ട് സംസാരിച്ചു.

കണ്ണൂർ, കോട്ടയം, തലശ്ശേരി അതിരൂപത വിദ്യാഭ്യാസ ഏജൻസിക ളുടെ ആഭിമുഖ്യത്തിൽ അറുന്നൂറിൽ അധികം അധ്യാപക അനധ്യാപകർ പങ്കെടുത്തു. കണ്ണൂർ രൂപത സഹായമെത്രാൻ ഡോ. ഡെന്നീസ് കുറുപ്പശ്ശേരി, തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ ഡോ. സോണി വടശ്ശേരിൽ, കണ്ണൂർ രൂപത കോർപ്പറേറ്റ് മാനേജർ മോൺ. ക്ലാരൻസ് പാലിയത്ത്, കോട്ടയം അതിരൂപത ശ്രീപുരം പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോയി കട്ടിയാങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു. ടീച്ചേഴ്സ് ഗിൽഡ് തലശ്ശേരി അതിരൂപത പ്രസിഡന്റ് ജിനിൽ മർക്കോസ്, കണ്ണൂർ രൂപത പ്രസിഡന്റ് ബിജു ഓളാട്ടുപുറം, തലശ്ശേരി അതിരൂപത സെക്രട്ടറി റോബിൻസ് എം ഐസക്, സംസ്ഥാന സമിതി അംഗങ്ങളായ മാത്യു ജോസഫ്, റിൻസി അബ്രാഹം, നോർത്ത് സോൺ വൈസ് പ്രസിഡണ്ട് ജിമ്മി സൈമൺ, തലശ്ശേരി അതിരൂപത ട്രഷറർ ജോയ്സ് സക്കറിയാസ്, ബീന ജേക്കബ്, പ്രിയ മാത്യു, അഞ്ജന സാഗർ, ജോമി ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

**മാസ്റ്റർ മൈൻഡ് 2K25 പൊതുവിജ്ഞാന പരീക്ഷ**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും കാത്തോലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും നേതൃത്വത്തിൽ നമ്മുടെ വിദ്യാലയങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന പൊതുവിജ്ഞാന പരിശീലന പദ്ധതിയായ മാസ്റ്റർമെൻഡ് **2K25** ഈ വർഷവും പുതുമകളോടെ വീണ്ടും അവതരിപ്പിക്കുകയാണ്. വിദ്യാർത്ഥികളെ മത്സര പരീക്ഷകളിൽ മികവുള്ളവരാക്കാനും വിവിധ സ്കോളർഷിപ്പ് പരീക്ഷകൾ (LSS, USS, NMMS, NTSE) പിഎസ്സി, യുപിഎസ്സി പരീക്ഷകൾ (IAS, IPS, IFS....) ഇവയിൽ മികച്ച വിജയം കൈവരിക്കാനും പ്രാപ്തരാക്കുക എന്നതാണ് ഈ പഠനപദ്ധതിയുടെ ലക്ഷ്യം. പഠനത്തിന് ആവശ്യമായ പുസ്തകങ്ങൾ സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്. കുട്ടികൾക്ക് ലഭ്യമാക്കാൻ സ്കൂൾ കോർഡിനേറ്റർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികളെ സ്കൂൾതലത്തിൽ തിരഞ്ഞെടുക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം. അല്ലെങ്കിൽ കുട്ടികളിൽ നിന്നും മാതാപിതാക്കളിൽ നിന്നും പരാതികൾ ഉണ്ടാവും.

എൽ.പി വിഭാഗം (3, 4 ക്ലാസുകൾ)
യുപി വിഭാഗം (5, 6, 7 ക്ലാസുകൾ)
എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗം (8,9,10,11,12 ക്ലാസുകൾ)

എന്നിങ്ങനെ മൂന്ന് പൊതുവിജ്ഞാന പുസ്തകങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നതാണ്. 3 മുതൽ 12 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് പൊതുവിജ്ഞാന പരീക്ഷ നടത്തുന്നത്. പരീക്ഷ സംബന്ധിച്ച നിർദ്ദേശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. സ്കറിയ വടശ്ശേരിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**PLACEMENT NEWS - SEPTEMBER 2025**

- ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ IT കമ്പനിയായ Kaovr Technologies നിരവധി ഒഴിവുകളിലേയ്ക്കായി TOCH ENGINEERING കോളേജിൽ വെച്ച് Pool Campus Recruitment നടത്തുകയുണ്ടായി. സെപ്റ്റംബർ 18 തീയതിയിൽ നടത്തിയ Recruitment ൽ വിമൽജ്യോതിയിൽ നിന്നും 25 കുട്ടികൾ പങ്കെടുത്തു. 4 വിദ്യാർത്ഥികൾ അവസാന റൗണ്ടിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. പ്രതിവർഷം 8 ലക്ഷം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.

  UAE ആസ്ഥാനമായി പ്രവർത്തിക്കുന്ന AL-NAKHEEL ELECTRONICS, Saudi Arabia, Oman, Qatar എന്നിവടങ്ങളിലേയ്ക്കുള്ള ഒഴിവുകളി ലേയ്ക്കായി Campus Recruitment നടത്തി. Electrical, Electronics ബ്രാഞ്ചുകളിൽ നിന്നായി 20 വിദ്യാർത്ഥികളെ Second Round ലേയ്ക്ക് തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ടവരുടെ Second & Third Round Interviews കോഴ്സ് പുർത്തിയായശേഷം June 2026 ൽ നടത്തുന്നതായിരിക്കും.

  പ്രമുഖ Training കമ്പനിയായ Technologies, Bangalore CSR Project ന്റെ ഭാഗമായി നടത്തുന്ന Free Training & Placement Program ലേയ്ക്ക് കുടികളെ തിരഞ്ഞെടുക്കുന്നതിനുള്ള Selection Process നടത്തുന്നു. വിമൽജ്യോതിയിൽ നിന്നും 200 ലധികം വിദ്യാർത്ഥികൾ ഇതിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടുന്ന വിദ്യാർ ത്ഥികൾക്ക് ഒരു ലക്ഷം രൂപയിലധികം Training Fee ഉള്ള course കൾ സൗജ്യന്യമായി ലഭ്യമാക്കുകയും Placement Assistance നൽകുകയും ചെയ്യുന്നു.

  ബിസിനസ്സുകൾക്കാവശ്യമായ Cloud Software Suite & CRM എന്നിവയിലെ leading കമ്പനിയായ Zotto Corporatun September

24-ാം തീയതി Coimbatore ൽ ഉള്ള Sree Krishna College of Engineering And Technologies ൽ വെച്ച് നടത്തപ്പെടുന്ന Pool Campus Recruitment-ൽ വിമൽ ജ്യോതിയിൽ നിന്നും 20 വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. Selection Process, October ആദ്യവാരത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രതിവർഷം 6 ലക്ഷം രൂപ മുതൽ 8.5 ലക്ഷം രൂപ വരെ ശമ്പളം വാഗ്ദാനം ചെയ്യുന്നു.

വിദേശ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ Santamonica, September 29 തീയതി, 'Higher Studies Opportunity in Germany & UK' എന്ന വിഷയത്തിൽ ഒരു Seminar നടത്തുന്നു. വിമൽജ്യോതിയിൽ നിന്നും 100 ൽ അധികം വിദ്യാർത്ഥികൾ പ്രസ്തുത Seminar-ൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

## മരിയൻ പിൽഗ്രിം മിനിസ്ട്രി

തലശ്ശേരി അതിരൂപതയുടെ പിൽഗ്രിം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ 2025 ഒക്ടോബർ 9 മുതൽ 11 ദിവസത്തേക്ക് ജോർദാൻ, പാലസ്തീൻ, ഇസ്രായേൽ, ഈജിപ്ത് എന്നീ 4 രാജ്യങ്ങളിലൂടെ ഈശോമിശിഹായുടെ മനുഷ്യാവതാര രക്ഷാകര രഹസ്യങ്ങൾ സംഭവിച്ച സ്ഥലങ്ങളിലൂടെ വിശുദ്ധനാട് യാത്ര ക്രമീകരിക്കുന്നു. 2025 നവംബർ 2 മുതൽ 16 ദിവസത്തേക്ക് യൂറോപ്പ് യാത്രയും ക്രമീകരിക്കുന്നു (ഇറ്റലി, വത്തിക്കാൻ, സ്വിറ്റ്സർലൻഡ്, ജർമ്മനി, ഫ്രാൻസ്, സ്പെയിൻ, പോർച്ചുഗൽ).

- വിശദവിവരങ്ങൾക്കും ബുക്കിങ്ങിനുമായി 7306266198 (ഫാ. ജോർജ് വെള്ളരിങ്ങാട്ട്) എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
- യൂറോപ്പ് യാത്രയുടെ ബുക്കിംഗ് ഒക്ടോബർ 10 നും അവസാനിക്കുന്നു.
- ജൂബിലി വർഷത്തിൽ തീർത്ഥാടനങ്ങളിൽ പങ്കെടുക്കുവാൻ സ്വാഗതം ചെയ്തുകൊണ്ട്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**ഡയറക്ടർ, മരിയൻ പിൽഗ്രിം മിനിസ്ട്രി, തലശ്ശേരി അതിരൂപത**

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**NIRF റാങ്കിംഗിൽ നിർമലഗിരി കോളേജ് (ഓട്ടോണമസ്) 101–150 ബാൻഡിൽ**

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (NIRF) പുറത്തിറക്കിയ ഏറ്റവും പുതിയ റാങ്കിംഗിൽ (2025) കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഏക ഓട്ടോണമസ് കോളേജായ നിർമലഗിരി കോളേജ് മികച്ച നേട്ടം കൈവരിച്ചു. രാജ്യത്തെ മികച്ച കോളേജുകളുടെ പട്ടികയിൽ 101–150 ബാൻഡിലാണ് കോളേജ് ഈ വർഷവും ഇടം നേടിയത്. പതിനാലായിരത്തോളം കോളേജുകളുമായി മത്സരിച്ചാണ് നിർമ്മലഗിരി കോളേജ് ഈ നേട്ടം കൈവരിച്ചത്. 2018 മുതൽ എൻ.ഐ.ആർ.എഫ്. ഉയർന്ന റാങ്കിംഗിൽ കോളേജ് ഇടം നേടിയിട്ടുണ്ട്.

- കോളേജിന്റെ അക്കാദമിക് മികവ്, ഗവേഷണ നേട്ടങ്ങൾ, പഠന സൗകര്യങ്ങൾ, പ്ലേസ്മെന്റ് സാധ്യതകൾ, സാമൂഹിക പ്രതിബദ്ധത തുടങ്ങിയ വിവിധ മാനദണ്ഡങ്ങളിലെ മികച്ച പ്രവർത്തനങ്ങളെ മുൻനിർത്തിയാണ് റാങ്കിംഗ്. വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനുള്ള സ്ഥാപനത്തിന്റെ നിരന്തരമായ ശ്രമങ്ങളെയാണ് റാങ്കിംഗ് അംഗീകരിക്കുന്നത്.
- ഈ നേട്ടം സ്ഥാപനത്തിലെ അധ്യാപകർക്കും അഡ്മിനിട്രേറ്റീവ് അംഗങ്ങൾക്കും വിദ്യാർത്ഥികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും, മാനേജ് മെന്റിനും അഭിമാനകരമാണെന്ന് കോളേജ് പ്രിൻസിപ്പാൾ ഡോ. സിസ്റ്റർ സെലിൻ മാത്യു സി അറിയിച്ചു. കൂടുതൽ മികച്ച നേട്ടങ്ങൾ കൈവരി ക്കുന്നതിന് ഈ അംഗീകാരം പ്രചോദനമാകുമെന്നും പ്രിൻസിപ്പാൾ കൂട്ടിച്ചേർത്തു.

**പുതിയ ലിഫ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചു**

കോളേജ് മാനേജ്മെന്റും പിടിഎയും സംയുക്തമായി നിർമ്മിച്ച പുതിയ ലിഫ്റ്റിന്റെ പ്രവർത്തനോദ്ഘാടനം കോളേജ് ബർസാർ റവ. ഫാ. തോമസ്

കൊച്ചുകരോട്ട് നിർവഹിച്ചു. ചടങ്ങിൽ പ്രിൻസിപ്പാൾ സിസ്റ്റർ ഡോ. സെലിൻ മാത്യു സി., പിടിഎ വൈസ് പ്രസിഡണ്ട് മിസ്റ്റർ സുരേഷ്, പിടിഎ സെക്രട്ടറി ഡോ. അൻപിൻ രാജ, ട്രഷറർ അസി. പ്രൊഫസർ റോഷിൻ തോമസ് എന്നിവർ സംസാരിച്ചു.

**കോളേജ് യൂണിയൻ ഭാരവാഹികളുടെ സ്ഥാനാരോഹണം**

2025-26 അധ്യയന വർഷത്തിൽ കോളേജ് യൂണിയൻ ഭാരവാഹികൾ പ്രിൻസിപ്പൽ സിസ്റ്റർ ഡോ. സെലിൻ മാത്യു സി ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞ ചൊല്ലി സ്ഥാനമേറ്റു.

**ഓണാഘോഷം സംഘടിപ്പിച്ചു**

നിർമലഗിരി കോളേജ് സ്റ്റാഫ് അസോസിയേഷന്റെ നേതൃത്വത്തിൽ അധ്യാപകരുടെ ഓണാഘോഷം സംഘടിപ്പിച്ചു. വിവിധ കലാമത്സരങ്ങൾ ഓണാഘോഷത്തോടനുബന്ധിച്ച് അരങ്ങേറുകയുണ്ടായി.

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ കോളേജിലെ മുഴുവൻ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഓണസദ്യയും വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു.

**ദേശീയ പോഷകാഹാര വാരാചരണം സംഘടിപ്പിച്ചു**

ഹോം സയൻസ് വിഭാഗത്തിന്റെയും എൻ.സി.സി.യുടെയും സംയുക്താഭിമുഖ്യത്തിൽ ദേശീയ പോഷകാഹാര വാരാചരണത്തിന്റെ ഭാഗമായി കോളേജിൽ ആരോഗ്യകര പാചക പ്രദർശനം സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. സിസ്റ്റർ സെലിൻ മാത്യു സി. ഉദ്ഘാടനം ചെയ്തു.

പ്രദർശനത്തിനുശേഷം ആരോഗ്യ പരിപാലന ബോധവൽക്കരണ ക്ലാസ്സും നടത്തി. വ്യത്യസ്ഥതരത്തിലുള്ള ആരോഗ്യകരമായ പാചകരീതികളും പോഷകാഹാര ബോധവത്കരണ പ്രവർത്തനങ്ങളും പരിചയപ്പെടുത്തിയ ഈ പരിപാടി വിദ്യാർത്ഥികളിലും അധ്യാപകരിലും സമീകൃത പോഷണത്തെക്കുറിച്ചും ആരോഗ്യകരമായ ഭക്ഷണരീതികളെക്കുറിച്ചുമുള്ള അവബോധം വളർത്താൻ ഉപകരിക്കുന്നതായിരുന്നു.

ഹോം സയൻസ് വകുപ്പ് അധ്യക്ഷ അസി. പ്രൊഫ. ദീപ്തി ലിസ്ബത്ത് കെ, ലഫ്. കമാൻഡർ ഡോ. കമില്ലോ ജോസഫ്, ഡോ. എവിസ് ട്രീസാ എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു.

**നിർമലഗിരി കോളേജിന് മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ്**

കേരള ഹയർ എജ്യുക്കേഷൻ ഏർപ്പെടുത്തിയ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ് (എക്സലൻഷ്യ 2025) നിർമലഗിരി കോളേജിന് ലഭിച്ചു. NAAC അക്രഡിറ്റേഷനിൽ A++ കരസ്ഥമാക്കിയ, എൻ.ഐ.ആർ.എഫ്. റാങ്കിങ്ങിൽ 101-150 ബ്രാൻഡിൽപെട്ട നിർമ്മലഗിരി കോളേജിനെ കേരള ഹയർ

എജ്യുക്കേഷൻ വകുപ്പ് മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ് നൽകി ആദരിച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദുവിൽ നിന്ന് ഐക്യു.എ.സി കോർഡിനേറ്റർ റവ. ഡോ. മാർട്ടിൻ ജോസഫ് അവാർഡ് ഏറ്റുവാങ്ങി.

**സേവാ പർവ് 2025 – ബീച്ച് ക്ലീനിംഗ് നടത്തി**

അന്താരാഷ്ട്ര തീരദേശ വൃത്തിയാക്കൽ ദിനത്തോടനുബന്ധിച്ച് നിർമലഗിരി കോളേജ് എൻസിസി കേഡറ്റുകൾ (9 കെ ഗേൾസ്) ഡിടിപിസി കണ്ണൂരുമായി സഹകരിച്ച് അഴീക്കോട് ചാൽ ബീച്ച് ക്ലീൻ ചെയ്തു. 36 കേഡറ്റുകൾ പങ്കെടുത്തു. ഹിസ്റ്ററി വിഭാഗം അധ്യക്ഷ അസി. പ്രൊഫ. രേഷ്മ ടോം പരിപാടികൾ നിയന്ത്രിച്ചു.

**പുതിയ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് അംഗങ്ങൾ**

കോളേജിൽ മിസ്റ്റർ അമൽ സ്കറിയ, മിസിസ് സ്റ്റെൻസി തോമസ് എന്നിവർ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫംഗങ്ങളായി ചുമതലയേറ്റു.

പി ആർ ഒ
നിർമലഗിരി കോളേജ്

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

### റിപ്പോർട്ട് - സെപ്റ്റംബർ 2025

**അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് 12-09-25 വെള്ളിയാഴ്ച ആലക്കോട് സെന്റ് മേരിസ് ഫൊറോന പള്ളി ഹാളിൽ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ഗ്ലോബൽ പ്രസിഡണ്ട് പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു.

ഒക്ടോബർ 13ന് കാസർകോഡ് ജില്ലയിലെ പനത്തടി ഫോറോനാ യിൽ പാണത്തൂർ ടൗണിൽ ആരംഭിച്ച് ഒക്ടോബർ 24ന് തിരുവനന്ത പുരത്ത് സമാപിക്കുന്ന കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് നയിക്കുന്ന അവകാശ സംരക്ഷണ യാത്രയെക്കുറിച്ച് രാജീവ് കൊച്ചുപറമ്പിൽ വിശദീകരിച്ചു. നീതി ഔദാര്യമല്ല അവകാശ മാണ് എന്നതാണ് ഈ യാത്രയുടെ മുദ്രാവാക്യം.

മതേതരത്വവും രാജ്യത്തിന്റെ ഭരണഘടനയും സംരക്ഷിക്കുക, ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ച് നടപ്പി ലാക്കുക, വന്യമൃഗ ശല്യവും ഭൂപ്രശ്നങ്ങളും അവസാനിപ്പിക്കുക, റബ്ബർ, നെല്ല് ഉൾപ്പെടുന്ന കാർഷിക ഉൽപന്നങ്ങളുടെ വില തകർച്ച യ്ക്ക് പരിഹാരം കാണുക, വിദ്യാഭ്യാസ - ന്യൂനപക്ഷ രംഗങ്ങളിലെ അവഗണനകൾ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയി ച്ചാണ് യാത്ര നടത്തുന്നത്.

ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ മുഖ്യഭാഷണം നടത്തി. യോഗത്തിൽ ഗ്ലോബൽ ട്രഷറർ അഡ്വ. ടോണി ജോസഫ് പുഞ്ചകുന്നേൽ, ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, അതി രൂപതട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ, ഗ്ലോബൽ സെക്രട്ടറി മാരായ ഷീജ കാറുകളം, പീയൂസ് പറയിടം, ആലക്കോട് ഫൊറോന ഡയറക്ടർ ഫാ. ജിബിൻ വട്ടംകാട്ടേൽ, ഐ.സി. മേരി, ഗ്ലോബൽ വർക്കിംഗ് കമ്മിറ്റിയംഗം ബെന്നി പുതിയപുറം, സെബാസ്റ്റ്യൻ ജാതികുളം, ബേബി കോയിക്കൽ എന്നിവർ സംസാരിച്ചു.

**തീരുമാനങ്ങൾ**

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തുന്ന അവകാശ സംരക്ഷണ യാത്ര വിജയിപ്പിക്കുന്നതിനായി കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എല്ലാവരും ഉൾപ്പെടുന്ന സ്വാഗതസംഘം രൂപീകരിച്ചു.

കാസർഗോഡ് പനത്തടി ഫൊറോനായിലെ പാണത്തൂരിൽ ഒക്ടോബർ 13ന് വൈകുന്നേരം 3.30 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്യുന്ന അവകാശ സംരക്ഷണ യാത്രയ്ക്ക് 14-ാം തീയതി തോമാപുരം, മേരിഗിരി, ചെമ്പേരി, ഉളിക്കൽ, പേരാവൂർ എന്നിവിടങ്ങളിൽ സ്വീകരണം നൽകുന്നതിന് തീരുമാനിച്ചു.

സ്വീകരണം നൽകുന്ന മേഖലകളിൽ സമീപപ്രദേശങ്ങൾ ഉള്ള ഫൊറോനകൾ ഉൾപ്പെടുത്തിക്കൊണ്ട് സ്വാഗതസംഘം രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലും സാമൂഹികസേവന പരിസര ശുചിത്വ പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചു.

**സംഘടനാ പ്രവർത്തനങ്ങൾ**

മണ്ടളം യൂണിറ്റ് ജനറൽബോഡി യോഗം പ്രസിഡന്റ് സണ്ണി വഴക്കുഴയുടെ അധ്യക്ഷതയിൽ ഡയറക്ടർ റവ. ഫാ. മാത്യു വേങ്ങക്കുന്നേൽ ഉദ്ഘാടനം ചെയ്തു. അതിരൂപത വൈസ് പ്രസിഡണ്ട് ഷിനോ പാറക്കൽ, ഫൊറോനാ പ്രസിഡൻ് ജോസഫ് മാത്യു കൈതമറ്റം എന്നിവർ സംസാരിച്ചു.

കത്തോലിക്ക കോൺഗ്രസ് പനത്തടി ഫൊറോന എക്സിക്യൂട്ടീവ് യോഗം ഫൊറോനാ ഡയറക്ടർ ഫാ. നോബിൾ പന്തലാടിക്കൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് ജോണി തോലമ്പുഴ അധ്യക്ഷത വഹിച്ച യോഗത്തിൽ ഗ്ലോബൽ സെക്രട്ടറി പീയൂസ് പറയിടം, ജോയി കേച്ചേരി, ജോസ് തൈപ്പറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി നയിക്കുന്ന അവകാശ സംരക്ഷണ യാത്രയുടെ സംഘാടകസമിതി യോഗം 27-09-25 ശനിയാഴ്ച ഉച്ചകഴിഞ്ഞ് പാണത്തൂർ വച്ച് നടത്തുവാൻ തീരുമാനിച്ചു.

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി നയിക്കുന്ന ഒക്ടോബർ 13ന് കാസർഗോഡ് നിന്ന് ആരംഭിച്ച് 24ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ സമാപിക്കുന്ന അവകാശ സംരക്ഷണയാത്രയ്ക്ക് തലശ്ശേരി അതിരൂപതയിൽ പാണത്തൂർ തോമാപുരം, മേരിഗിരി, ചെമ്പേരി, ഉളിക്കൽ, പേരാവൂർ എന്നീ 6 കേന്ദ്രങ്ങളിൽ സ്വീകരണം നൽകും.

സ്വീകരണ കേന്ദ്രമായ പേരാവൂരിൽ 20-09-25 ശനിയാഴ്ച ആർച്ച് പ്രീസ്റ്റ് വെരി റവ. ഫാ. മാത്യു തെക്കേമുറിയുടെ അധ്യക്ഷതയിൽ ഗ്ലോബൽ

ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ സംഘാടകസമിതി രൂപീകരണയോഗം ഉദ്ഘാടനം ചെയ്തു.

ഫൊറോന ഡയറക്ടർ റവ. ഫാ. തോമസ് പട്ടാംകുളം മുഖ്യഭാഷണം നടത്തിയ യോഗത്തിൽ കത്തോലിക്ക കോൺഗ്രസ് അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ, വൈസ് പ്രസിഡന്റ് ബെന്നിച്ചൻ മഠത്തിനകം, ഗ്ലോബൽ വർക്കിംഗ് കമ്മിറ്റിയംഗം ബെന്നി പുതിയപുറം, ജോബി കുര്യൻ, ഫൊറോന പ്രസിഡന്റു മാരായ ജോർജ് കാനാട്ട്, മാത്യു വള്ളംകോട്ട്, ജെയിംസ് പാറയിൽ, ഒ. മാത്യു സർ എന്നിവർ സംസാരിച്ചു.

ജോർജ് കാനാട്ട് ജനറൽ കൺവീനറായും ഫാ. മാത്യു തെക്കേമുറി, ഫാ. തോമസ് വടക്കേമുറി, ഫാ. സെബാസ്റ്റ്യൻ മുക്കിലക്കാട്ട് എന്നിവർ രക്ഷാ ധികാരിമാരായും ഫാ. തോമസ് പട്ടാംകുളം ചെയർമാനായും മാത്യു വള്ളംകോട്ട്, ജെയിംസ് പാറയിൽ എന്നിവർ കൺവീനർമാരായും 101 അംഗ സംഘാടകസമിതി രൂപീകരിച്ചു.

മറ്റ് സ്വീകരണ കേന്ദ്രങ്ങളായ പാണത്തൂരിൽ ഇരുപത്തിയേഴാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 നും 29-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് നാലുമണിക്ക് ചെമ്പേരിയിലും ആറുമണിക്ക് ഉളിക്കലിലും മുപ്പതാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് തോമാപുരത്തും 5 മണിക്ക് മേരിഗിരിയിലും സംഘാടകസമിതി രൂപീകരണ യോഗം നടത്തും.

**തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ ശില്പശാല**

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ ആഭി മുഖ്യത്തിൽ ഓഗസ്റ്റ് 30 ശനിയാഴ്ച ചെമ്പേരി നിർമ്മല ഹയർ സെക്കൻഡറി ജൂബിലി ഹാളിൽവച്ച് യൂണിറ്റ് ഭാരവാഹികൾക്കും ഫൊറോന ഭാരവാഹി കൾക്കും അതിരൂപതാ ഭാരവാഹികൾക്കുമായി കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽസമിതി നയിച്ച ശില്പശാല നടത്തി.

ശനിയാഴ്ച രാവിലെ 9 മണിക്ക് നിർമ്മലാ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ പതാക ഉയർത്തിക്കൊണ്ട് ശില്പശാലയ്ക്ക് ആരംഭം കുറിച്ചു.

തുടർന്ന് ശില്പശാലയ്ക്ക് ആശംസകൾ നേർന്നുകൊണ്ട് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ചെമ്പേരി ലൂർദ് മാതാ ബസലിക്ക റെക്ടർ വെരി. റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, ഫൊറോന ഡയറക്ടർ ഫാ. പോൾ വള്ളോപ്പിള്ളി, ഫൊറോന പ്രസിഡന്റ് ബിജു മണ്ഡപത്തിൽ എന്നിവർ സംസാരിച്ചു.

തുടർന്ന് ആദ്യ സെഷനിൽ തലശ്ശേരി അതിരൂപത ചാൻസലർ പെരിയ ബഹു. ഡോ. ജോസഫ് മുട്ടത്തുകന്നേൽ സഭയും സമുദായ സംഘടനയും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നടത്തി.

രാവിലെ 10.30 ന് ഗ്ലോബൽ ഭാരവാഹികൾക്ക് നൽകിയ സ്വീകരണ ത്തിനുശേഷം ഗ്ലോബൽ പ്രസിഡണ്ട് പ്രൊഫസർ രാജീവ് കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ഒഴുകയിൽ, തിരുവനന്തപുരത്തുനിന്ന് പീറ്റർ സാർ എന്നിവർ ക്ലാസുകൾ നയിച്ചു. ഉച്ചഭക്ഷണത്തിനുശേഷം ഫാ. ഫിലിപ്പ് കവിയിൽ ഗ്ലോബൽ വൈസ് പ്രസിഡണ്ടുമാരായ ട്രീസാ ബാസ്റ്റ്യൻ, ബെന്നി ആന്റണി എന്നിവർ സംഘടനാ പ്രവർത്തനങ്ങളെ കുറിച്ച് ക്ലാസ് എടുത്തു.

പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനം ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഗ്ലോബൽ പ്രസിഡണ്ട് രാജീവ് കൊച്ചുപറമ്പിൽ അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം ഗ്ലോബൽ യൂത്ത് കോഡിനേറ്റർ സിജോ കണ്ണേഴം എന്നിവർ സംസാരിച്ചു.

ശില്പശാലയിൽ പങ്കെടുത്ത അംഗങ്ങളെ നാല് ഗ്രൂപ്പുകളായി തിരിച്ച് നടത്തിയ ചർച്ചയ്ക്ക് നേതാക്കളായ ജോണി തോലമ്പുഴ, തോമസ് ഒഴുകയിൽ, ബെന്നിച്ചൻ മഠത്തിനകം, ഷാജിമോൻ കളപ്പുരയിൽ എന്നിവർ നേതൃത്വം വഹിച്ചു.

അതിരൂപത വൈസ് പ്രസിഡണ്ടുമാരായ ഷിനോ പാറക്കൽ, ഐ.സി മേരി, ടോമി കണയങ്കൽ ഗ്ലോബൽ സെക്രട്ടറിമാരായ അഡ്വക്കേറ്റ് ഷീജ സെബാസ്റ്റ്യൻ, പിയൂസ് പറയിടം, അതിരൂപത സെക്രട്ടറിമാരായ ജോബി കുര്യൻ, വർഗീസ് പള്ളിച്ചിറ, സൈജോ ജോസഫ് വട്ടക്കാവുങ്കൽ, ഡേവിസ് ആലങ്ങാടൻ, ജോർജ് ജോസഫ് വലിയ മർത്താങ്കൽ, മാർട്ടിൻ കൊട്ടാരം, ഷീബ തെക്കേടത്ത്, ജോസഫ് കൊച്ചുകുന്നത്ത്പറമ്പിൽ, സെബാസ്റ്റ്യൻ ജാതികുളം, ഷിജിത്ത് കുഴിവേലിൽ, ഫൊറോന പ്രസിഡണ്ടുമാരായ ജോർജ് കാനാട്ട്, ജോസ് പുത്തൻപുര, മാത്യു വള്ളംകോട്ട്, അഡ്വക്കേറ്റ് ബിജു ഒറ്റപ്ലാക്കൽ, തോമസ് വർഗീസ്, ബെന്നി ചേരിക്കത്തടത്തിൽ, ജോസഫ് മാത്യു കൈതമറ്റം, ജോളി എള്ളരിഞ്ഞിയിൽ, ബേബി കോയിക്കൽ, സാജു പടിഞ്ഞാറെട്ട്, സാജു പുത്തൻപുര, സജി കാഞ്ഞങ്ങാട്

ചെമ്പേരി യൂണിറ്റ് പ്രസിഡണ്ട് ഷാജു വടക്കേൽ കത്തോലിക്കാ കോൺഗ്രസ് ചെമ്പേരി ഫൊറോന ഭാരവാഹികൾ, വിവിധ യൂണിറ്റിലെ കമ്മിറ്റി അംഗങ്ങൾ, പ്രവർത്തകർ തുടങ്ങിയവർ ശില്പശാലയുടെ വിജയത്തിനായി പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു.

ശില്പശാലയുടെ വിജയത്തിനായി സാമ്പത്തികമായി അകമഴിഞ്ഞ് സഹായിച്ച, സമ്മേളനഹാളും അടിസ്ഥാനസൗകര്യങ്ങളും ഒരുക്കിതന്ന ചെമ്പേരി ലൂർദ് മാതാ റെക്ടർ സ്നേഹ ബഹു. റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, ശില്പശാലയുടെ നടത്തിപ്പിനായി സാമ്പത്തിക സഹായം നൽകിയ എടൂർ ഫൊറോന വികാരി പെരിയ ബഹു. ഫാ. തോമസ് വടക്കേമുറി, ചെമ്പന്തൊട്ടി ഫൊറോന പ്രസിഡണ്ട് ജോസഫ് മാത്യു കൈതമറ്റം, മണിക്കടവ് ഫൊറോന പ്രസിഡണ്ട് ബിജു ഒറ്റപ്ലാക്കൽ, അഡ്വ. സിബി പേഴുംകാട്ടിൽ എന്നിവർക്ക് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ കമ്മറ്റിയുടെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

**പൊതു പ്രവർത്തനങ്ങൾ**

വായാട്ടുപറമ്പ് കത്തോലിക്ക കോൺഗ്രസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെന്റ് ജോസഫ് പാരീഷ് ഹാളിൽ വച്ച് ആരോഗ്യ ഇൻഷുറൻസ് ബോധവൽക്കരണ സെമിനാർ നടത്തി.

തലശ്ശേരി അതിരൂപതയുടെ പ്രഥമ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ഓർമ്മയ്ക്കായി സംസ്ഥാന സർക്കാർ ചെമ്പന്തൊട്ടിയിൽ സ്ഥാപിച്ച മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി സ്മാരക മ്യൂസിയത്തിന്റെ ഉദ്ഘാടന ചടങ്ങിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് എന്നിവർ സംസാരിച്ചു.

കത്തോലിക്കാ കോൺഗ്രസിന്റെ അതിരൂപതാ ഭാരവാഹികൾ, വിവിധ ഫൊറോന ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ, പ്രവർത്തകർ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

കത്തോലിക്കാ കോൺഗ്രസ് കോട്ടൂർ യൂണിറ്റ് പ്രസംഗം മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി.

കത്തോലിക്ക കോൺഗ്രസ് മുളപ്ര യൂണിറ്റിന്റെ നേതൃത്വത്തിൽ ഓണാഘോഷ പരിപാടികൾ നടത്തി.

സെപ്റ്റംബർ 5 അധ്യാപക ദിനത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ വിവിധ യൂണിറ്റുകൾ അധ്യാപകരെ ആദരിച്ചു.

കത്തോലിക്കാ കോൺഗ്രസ് മാമ്പൊയിൽ യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രസംഗമത്സരം നടത്തി.

യൂണിറ്റ് പ്രസിഡണ്ട് ബ്രൂസിലി മൂഴിയിൽ അധ്യക്ഷത വഹിച്ച യോഗം രൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് മൈലമൂട്ടിൽ സമ്മാന വിതരണം നടത്തി.

വിജയികൾക്ക് ഒന്നാം സമ്മാനം 5001 രൂപയും രണ്ടാം സമ്മാനം 3001 രൂപയും മൂന്നാം സമ്മാനം 2001 രൂപയും ട്രോഫിയും വിതരണം ചെയ്തു. രൂപത വൈസ് പ്രസിഡണ്ട് ടോമി കണയങ്കൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

തലശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ മാർപാപ്പയുടെ നിർദ്ദേശം അനുസരിച്ച് ലോക സമാധാനത്തിനായി എല്ലാ യൂണിറ്റുകളിലും ഓഗസ്റ്റ് 22 വെള്ളിയാഴ്ച ഉപവാസ പ്രാർത്ഥന ദിനം ആചരിച്ചു.

**ചികിത്സാസഹായം**

തലശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസിന്റെയും ജീവകാരുണ്യ പ്രവർത്തന ഗ്രൂപ്പായ ഹാർട്ട് ലിംഗ്സിന്റെയും നേതൃത്വത്തിൽ ഡയാലിസിസ് ചെയ്തുകൊണ്ടിരിക്കുന്ന കോഴിച്ചാൽ ഇടവക അംഗമായ യുവാവിന് അടിയന്തരമായി കണ്ണൂർ ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ ചെയ്യേണ്ടി വന്ന ഓപ്പറേഷന് കത്തോലിക്കാ കോൺഗ്രസ് വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി സഹായത്തിനായി മെസ്സേജ് നൽകുകയും 35 മണിക്കൂർ കൊണ്ട് 2,03000 രൂപ (രണ്ടു ലക്ഷത്തിമൂവായിരം) ആ യുവാവിന്റെ അക്കൗണ്ടിലേക്ക് എത്തിക്കുവാനും സാധിച്ചു.

**അനുശോചനങ്ങൾ**

തൃശ്ശൂർ അതിരൂപതയുടെ മുൻ അധ്യക്ഷനും അവിഭക്ത തലശ്ശേരി അതിരൂപത അംഗവുമായിരുന്ന അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ അനുശോചനം അർപ്പിച്ചു.

കത്തോലിക്കാ കോൺഗ്രസ് വായാട്ടുപറമ്പ് ഫൊറോനാ സെക്രട്ടറി ഷാജു ജോസഫിന്റെ പിതാവിന്റെ നിര്യാണത്തിൽ രൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ നേതൃത്വത്തിൽ അതിരൂപത ഭാരവാഹികൾ ഭവനത്തിൽ ചെന്ന് ആദരാഞ്ജലികൾ അർപ്പിച്ചു.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ഓണാഘോഷം ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ**

ആലക്കോട് കൂട്ടായ്മയിൽ ഏഴാം തീയതി ഞായറാഴ്ച ഓണാഘോഷം സംഘടിപ്പിച്ചു. വിശുദ്ധ കുർബാനയ്ക്ക് മുമ്പായി അംഗങ്ങൾ പൂക്കളം ഒരുക്കി. ആഘോഷമായ വിശുദ്ധ കുർബാനയ്ക്കുശേഷം വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. കലം തല്ലി പൊട്ടിക്കൽ മത്സരത്തോടെ മത്സര ഇനങ്ങൾ സമാപിച്ചു. ഓണസദ്യയോടുകൂടി ആഘോഷങ്ങൾ അവസാനിച്ചു. ഓണാഘോഷത്തിന് നേതൃത്വം നൽകിയ പ്രസിഡന്റ് ശ്രീ. സനീഷ്, ശ്രീ. ആന്റണി എന്നിവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**ബാംഗ്ലൂർ മിഷൻ**

ബാംഗ്ലൂർ മിഷനിൽ 14-ാം തീയതി ഞായറാഴ്ച വിശുദ്ധ ബലിയും, ബൈബിൾ ക്ലാസും, ഓണാഘോഷവും നടത്തി.

**ശാലോം ടെലിവിഷൻ**

ജപമാല മാസത്തിൽ ആംഗ്യഭാഷയിൽ ജപമാല അർപ്പണത്തിനായി പെരുമണ്ണാമുഴി ശാലോം മീഡിയ സെന്ററിൽ ശ്രീ. അനീഷ്, ശ്രീ. ആൻറണി, വീണ മാർട്ടിൻ, ഡൽമി പ്രശാന്ത്, ഷൈബി വിനോദ് എന്നിവരോട് ചേർന്ന് ജപമാല റെക്കോർഡിങ് നടത്തി. ആംഗ്യഭാഷ ജപമാലയ്ക്ക് അവസരം നൽകിയ ശാലോം ടെലിവിഷനും, മീഡിയ കോഡിനേറ്റർ ശ്രീ. റോയിക്കും പ്രത്യേകമായി നന്ദി.

**ബേത്സഥാ മീറ്റ്**

തലശ്ശേരി അതിരൂപത ഭിന്നശേഷി ശുശ്രൂഷ വിഭാഗമായ ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ ഭിന്നശേഷിക്കാരായ വിശ്വാസികളുടെ കൂട്ടായ്മയാണ് ബേത്സഥാ മീറ്റ്. പേരാവൂർ ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നുള്ള ഭിന്നശേഷിക്കാരായ വിശ്വാസികളുടെ സംഗമം സെപ്റ്റംബർ 23 ചൊവ്വാഴ്ച പേരാവൂർ ആർക്കി എപ്പിസ്കോപ്പിൽ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ലോക ആംഗ്യ ഭാഷാദിനമായ അന്നേ ദിനത്തിൽ ആദം മിനിസ്ട്രി ഡയറക്ടർ ഫാ. പ്രിയേഷ് കളിരിമുറിയിൽ ആംഗ്യഭാഷയോടു കൂടിയ വിശുദ്ധ ബലിക്ക് നേതൃത്വം നൽകി. ഫൊറോന വികാരി മാത്യു തെക്കേമുറിയിൽ

വചനസന്ദേശം നൽകി. തുടർന്ന് നടന്ന സമ്മേളനത്തിൽ തലശ്ശേരി അതിരൂപത മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ഔദ്യോഗികമായി ബേത്സഥാ മീറ്റ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഭിന്നശേഷി സമൂഹത്തോട് അതിരൂപതയ്ക്ക് ഉള്ള കരുതലിനെ കുറിച്ച് അവർക്ക് നൽകുന്ന പ്രാധാന്യത്തെക്കുറിച്ച് അഭിവന്ദ്യ പിതാവ് സംസാരിച്ചു. ഏതു സാഹചര്യത്തിലും ദൈവം നൽകിയ പ്രിയപ്പെട്ടവരെ സന്തോഷ ത്തോടെ പരിചരിക്കുന്ന, കാത്തുസൂക്ഷിക്കുന്ന മാതാപിതാക്കൾ, സഹോദ രങ്ങൾ എന്നിവർക്കൊപ്പം സഭയും. വിശ്വാസ സമൂഹവും എപ്പോഴും ഉണ്ടാകു മെന്ന് അഭിവന്ദ്യ പിതാവ് ഉറപ്പുനൽകി.

ഭിന്നശേഷി കൂട്ടായ്മയിൽ എത്തിച്ചേർന്ന 75 ഓളം ആളുകളെ അഭിവന്ദ്യ പിതാവ് വ്യക്തിപരമായി ആശീർവദിക്കുകയും, അനുഗ്രഹിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. തിരുഹൃദയസന്യാസസമൂഹം അസിസ്റ്റന്റ് പ്രൊവിൻഷ്യൽ റവ. സി. എൽസി ജോർജ്, ശ്രീമതി അന്നമ്മ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

തുടർന്ന് ഭിന്നശേഷിക്കാർ, പേരാവൂർ ഇടവകയിലെ കുട്ടികൾ, തിരുഹൃദയ സന്യാസിനിമാർ എന്നിവർ കലാപരിപാടികൾ അവതരിപ്പിച്ചു. സമ്മേളനത്തിന് ബഹു. ഫൊറോന വികാരിയച്ചൻ മാത്യു തെക്കേമുറിയിൽ സ്വാഗതവും, മിനിസ്ട്രി ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ നന്ദിയും അർപ്പിച്ചു. സ്നേഹവിരുന്നിലൂടെ പ്രോഗ്രാം അവസാനിച്ചു.

**നന്ദിയുടെ ഒരു വാക്ക്**

പേരാവൂർ സെന്റ് ജോസഫ് ആർക്കി എപ്പിസ്കോപ്പിൽ ദൈവാലയത്തിൽ നടത്തപ്പെട്ട ബേത്സഥാ മീറ്റ് വിജയപ്രദമാക്കുവാൻ സഹകരിച്ച ഫൊറോന യിലെ ബഹു. വൈദികർ, സിസ്റ്റേഴ്സ്, കോഡിനേറ്റേഴ്സ്, കൈകാരന്മാർ, എന്നിവർക്കും പ്രത്യേകമായി ഫൊറോന വികാരി പെരിയ ബഹു. ഫാ. മാത്യു തെക്കേമുറിയിൽ, അസിസ്റ്റന്റ് വികാരി ഫാ. പോൾ കണ്ടത്തിൽ ബഹു. തിരുഹൃദയ സിസ്റ്റേഴ്സ്, കെസിവൈഎം പ്രവർത്തകർ, മാതൃവേദി അമ്മമാർ, ശ്രീ. ജോർജ് ചിറയത്ത്, മെൽബിൻ പാനികുളം, അമ്പിൻ ചിരപറമ്പിൽ എന്നിവർക്ക് ആദം മിനിസ്റ്ററിയുടെ അഭിനന്ദനങ്ങൾ നന്ദിയും സ്നേഹപൂർവ്വം അറിയിക്കുന്നു.

**ലോക ബധിര വാരാചാരണം**

ലോക ബധിര വാരാചരണത്തോടെ അനുബന്ധിച്ച് വയനാട് മിഷനിലെ അംഗങ്ങൾക്കായി ബത്തേരി പൂമല ബധിര വിദ്യാലയത്തിൽ വച്ച് വിശുദ്ധ കുർബാനയും വാരാചരണ പരിപാടികളും 28-ാം തീയതി ഞായറാഴ്ച നടത്തി.

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, പതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**കുടുംബങ്ങളെ കണ്ണീരിലാഴ്ത്തിയും നാടിനെ നശിപ്പിച്ചും സർക്കാർ ലാഭം കൊയ്യുന്നു: തലശ്ശേരി അതിരൂപത ലഹരി വിരുദ്ധ സമിതി**

കുടുംബങ്ങളെ കണ്ണീരിലാഴ്ത്തിയും നാടിനെ നശിപ്പിച്ചുമാണ് സർക്കാർ മദ്യ വിൽപനയിലൂടെ അമിതലാഭം കൊയ്യുന്നതെന്ന് തലശ്ശേരി അതിരൂപത ലഹരി വിരുദ്ധ സമിതിയുടെയും മുക്തി ശ്രീയുടെ യും സംയുക്തയോഗം അഭിപ്രായപ്പെട്ടു. ഈ ഓണകാലത്ത് മുൻ വർഷ ങ്ങളെക്കാൾ റിക്കാർഡ് മദ്യ വിൽപന എന്ന വാർത്ത ആശങ്കാജനക മെന്ന് യോഗം വിലയിരുത്തി. സന്തോഷത്തിന്റെയും സമാധാനത്തിന്റെ യും ഒരുമയുടെയും ഉത്സവമായ ഓണം ഭിന്നതയുടെയും അക്രമത്തി ന്റെയും അസ്വസ്ഥതയുടെതും ആക്കി മാറ്റുകയാണ് തകൃതിയായ മദ്യവിൽപനയിലൂടെ സർക്കാർ ചെയ്യുന്നതെന്ന് യോഗം കുറ്റപ്പെടുത്തി. ഓണനാളുകളിലെ അക്രമ പരമ്പരകളുടെ മുഖ്യകാരണം മദ്യമാണെ ന്നും അവയെല്ലാം നിയന്ത്രണമില്ലാത്ത മദ്യവില്പനയിലൂടെ സർക്കാർ സ്പോൺസേർഡ് കുറ്റകൃത്യങ്ങളാണെന്നും യോഗം ചൂണ്ടിക്കാട്ടി. ഉളിക്കൽ ഉണ്ണിമിശിഹാ ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ വെച്ചു നടന്ന യോഗം തലശ്ശേരി അതിരൂപത ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഒക്ടോബർ 2 ന് ഗാന്ധിജയന്തി ദിനത്തിൽ ബദിയടുക്കയിൽ വെച്ച് ഏകദിന സത്യാഗ്രഹവും പൊതു സമ്മേളനവും നടത്തുവാനും ഡിസംബർ 20 ന് തളിപ്പറമ്പിൽ അഭിവന്ദ്യ പിതാവ് വിളിച്ചു ചേർക്കുന്ന അതിരൂപതാ ലഹരി വിരുദ്ധ കൺവെൻഷൻ വൻ വിജയമാക്കുവാനും യോഗം തീരുമാനിച്ചു. പ്രസ്തുത പരിപാടികളുടെ വിജയത്തിനായി വിവിധ കമ്മറ്റികൾ രൂപികരിച്ചു. ലഹരി വിരുദ്ധ സമിതിയുടെ അതിരൂപതാ പ്രസിഡണ്ട് റ്റോമി വെട്ടിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. മുക്തിശ്രീ അതിരൂപത പ്രസിഡണ്ട് ശ്രീമതി ഷിനോ പാറയ്ക്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. സോളി രാമച്ചനാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. വിൻസന്റ് മുണ്ടാട്ടുചുണ്ടയിൽ, സോയി പുറവക്കാട്ട്, ദേവസ്യ തൈപ്പറമ്പിൽ, മേരിക്കുട്ടി പാലക്കലോടി എന്നിവർ സംസാരിച്ചു. മോളി കൈനിയിൽ എല്ലാവർക്കും നന്ദി പറഞ്ഞു. അദ്ധ്യാപക ദിനത്തിന്റെ ഓർമ്മയിൽ അധ്യാപകരെ യോഗം ആദരിച്ചു.

**ലഹരി വിരുദ്ധ ബോധവത്കരണ സെമിനാർ:** മേരിഗിരി യൂണിറ്റിലെ കെ.സി.ബി.സി മദ്യ-ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ബോധവത്കരണ സെമിനാർ നടത്തി. യൂണിറ്റ് പ്രസിഡണ്ടും അതിരൂപതാ വൈസ് പ്രസിഡണ്ടുമായ ജോസ് ചാരച്ചേരിൽ സ്വാഗതം പറഞ്ഞു. ഫൊറോനാ വികാരി വെരി റവ. ഫാ. അബ്രാഹം മഠത്തിമ്യാലിൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. എരമം മധു ഉദ്ഘാടനം നടത്തി. മുഖ്യപ്രഭാഷണം ആലക്കോട് കോപ്പറേറ്റിവ് ഹോസ്പിറ്റൽ ഡയറക്ടർ ശ്രീ. കെ. രാമചന്ദ്രൻ നടത്തി. ചെറുപുഴ സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ കെ. സി. രതീഷ് ക്ലാസ്സ് നയിച്ചു. ധാരാളം ആളുകൾ പങ്കെടുത്തു. മദ്യ-ലഹരി വിരുദ്ധ സമിതിയുടെ അതിരൂപത വൈസ് പ്രസിഡണ്ട് തങ്കച്ചൻ കൊല്ലക്കൊമ്പിൽ ആശംസ അർപ്പിച്ചു. മേരിഗിരി യൂണിറ്റിനും നിസ്സാർത്ഥവും തീക്ഷ്ണവുമായ നേതൃത്വം നൽകുന്ന ജോസ് ചാരച്ചേരിക്കും അഭിനന്ദനങ്ങൾ.

**ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ ഏകദിന ഉപവാസവും പൊതു സമ്മേളനവും ബദിയടുക്കയിൽ**

മദ്യത്തിനെതിരെ ജീവിതകാലം മുഴുവൻ പൊരുതിയ രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിയുടെ ജന്മദിനത്തിൽ ബദിയടുക്ക ടൗണിൽവെച്ച് ഏകദിന ഉപവാസവും പൊതുസമ്മേളനവും നടക്കുന്നു. സീറോ മലബാർ സഭാവക്താവ് റവ. ഫാ. ടോം ഓലിക്കരോട്ട് അന്നേ ദിവസം രാവിലെ ഉപവാസസമരം ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് മതസൗഹാർദ്ദ സമ്മേളനം നടക്കും. വൈകിട്ട് പൊതുസമ്മേളനം ആരംഭിക്കും. മുക്തിശ്രീ അതിരൂപതാ പ്രസിഡണ്ട് ആമുഖഭാഷണം നടത്തും. മദ്യലഹരി വിരുദ്ധ സമിതി അതിരൂപതാ പ്രസിഡണ്ട് ടോമി വെട്ടിക്കാട്ടിൽ അദ്ധ്യക്ഷത വഹിക്കും. നെല്ലിക്കുന്ന് എം.എൽ.എ. ഉദ്ഘാടനം നിർവഹിക്കും. അതിരൂപത ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ മുഖ്യഭാഷണം നടത്തും. മദ്യ-ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും അതിരൂപതാ സമിതി ഭാരവാഹികൾ സംസാരിക്കും. 'പരേതന് പറയാനുള്ളത്' എന്ന തെരുവു നാടകവും അരങ്ങേറും. ഇരു സമിതികളുടെയും മുൻ ഡയറക്ടർ കൂടിയായ വികാരി റവ. ഫാ. ചാക്കോ കുടിപ്പറമ്പിലിന്റെ നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങൾ നടത്തി വരുന്നു.

**അതിരൂപതാ ലഹരി വിരുദ്ധ കൺവെൻഷൻ:** ഡിസംബർ 20 ന് തളിപ്പറമ്പിൽ തലശ്ശേരി അതിരൂപതയിലെ മുഴുവൻ ഇടവകകളിലെയും പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഡിസംബർ 20ന് തളിപ്പറമ്പിൽ വെച്ച് വിശാലമായ ഒരു ലഹരി വിരുദ്ധ കൺവെൻഷൻ അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശ പ്രകാരം വിളിച്ചു ചേർക്കപ്പെടുന്നു. അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുന്ന പ്രസ്തുത സമ്മേളനത്തിൽ സംസ്ഥാന ഭാരവാഹികൾ പങ്കെടു ക്കുന്നതാണ്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. ലഹരി മുക്ത സമൂഹത്തിനായി ഒരേ മനസ്സോടെ പോരാടാമെന്ന് ഓർമ്മിച്ചുക്കൊണ്ട്

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി.എസ്.എസ്.എസ്.**

**അനുശോചനം**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രാരംഭഘട്ടത്തിൽ ഡയറക്ടർ ആയിരുന്ന് TSSS-ന് ദിശാബോധവും മാർഗ്ഗനിർദ്ദേശങ്ങളും നൽകി സമർപ്പണബോധത്തോടുകൂടി നയിച്ച ഇടയശ്രേഷ്ഠൻ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന് TSSS കുടുംബാംഗങ്ങളുടെ പ്രണാമം. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കുവേണ്ടി അസി. ഡയറക്ടർ ഫാ. ആൽബിൻ തെങ്ങുംപള്ളിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. തോമസ് ജോൺ എന്നിവർ അഭിവന്ദ്യ തൂങ്കുഴി പിതാവിന് അന്തിമോപചാരമർപ്പിച്ചു.

**ജനകീയസംഘ നേതൃസംഘമവും വാർഷിക പൊതുയോഗവും**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജനകീയസംഘ നേതൃസംഗമവും 59-ാമത് വാർഷിക പൊതുയോഗവും ചെമ്പേരി മദർ തെരേസ പാരിഷ് ഹാളിൽവച്ച് സംഘടിപ്പിച്ചു. TSSS അതിരൂപത പ്രസിഡണ്ട് ശ്രീ. ജോഷി കുന്നത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങ് തലശ്ശേരി അതിരൂപത പ്രോട്ടോസിഞ്ചെല്ലൂസും TSSS പ്രസിഡണ്ടുമായ മോൺ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് ചടങ്ങിൽ സ്വാഗതവും, TSSS അസി. ഡയറക്ടർ ഫാ. ആൽബിൻ തെങ്ങുംപള്ളിൽ ആമുഖപ്രഭാഷണം നടത്തുകയും ചെയ്തു. TSSS റീജിയണൽ ഡയറക്ടർ അച്ചന്മാരും TSSS മേഖലാ പ്രസിഡണ്ടുമാരും ചടങ്ങിന് ആശംസകൾ നേർന്നു. TSSS അതിരൂപത സെക്രട്ടറി ശ്രീമതി ബിന്ദു കരിമ്പനാക്കുഴിയിൽ പൊതുയോഗത്തിന് നന്ദിയർപ്പിച്ചു സംസാരിച്ചു. ജനകീയസംഘ നേതാക്കളുമായി കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ചർച്ച സംഘടിപ്പിക്കുകയും ചെയ്തു. പൊതുയോഗത്തിനുശേഷം കേരള ലേബർ മൂവ്മെന്റ് (KLM) മുൻ സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബാബു തണ്ണിക്കോട്ടിന്റെ നേതൃത്വത്തിൽ അസംഘടിതമേഖലയിലെ തൊഴിലാളികൾക്കായി KLM നടപ്പിൽ വരുത്തിയ ക്ഷേമപെൻഷനുകളെക്കുറിച്ച് ക്ലാസ് നയിച്ചു.

**TSSS 59-ാം വാർഷിക പൊതുസമ്മേളനം**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 59-ാം വാർഷികാഘോഷവും പൊതുസമ്മേളനവും ചെമ്പേരിയിൽ സംഘടിപ്പിച്ചു.

തലശ്ശേരി അതിരൂപത പ്രോട്ടോസിഞ്ചെല്ലൂസും TSSS പ്രസിഡണ്ടുമായ മോൺ. ആന്റണി മുതുകുന്നേൽ അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം തലശ്ശേരി അതിരൂപത ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി നിർവ്വഹിച്ചു. TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് ചടങ്ങിന് സ്വാഗതമരുളുകയും, ഒരു വർഷത്തെ റിപ്പോർട്ട് അവതരിപ്പിക്കുകയും അടുത്ത വർഷത്തെ കർമ്മപദ്ധതികൾ സദസ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. തലശ്ശേരി അതിരൂപത ചാൻസിലർ വെരി. റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ, എ.കെ.സി.സി. ഗ്ലോബൽ ഡയറക്ടർ വെരി. റവ. ഡോ. ഫിലിപ്പ് കവിയിൽ എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായി. ചെമ്പേരി ലൂർദ്ദ്മാതാ ബസലിക്ക റെക്ടർ വെരി. റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, വെള്ളരിക്കുണ്ട് ഫൊറോന വികാരിയും, TSSS റീജിയണൽ ഡയറക്ടറുമായ വെരി. റവ. ഡോ. ജോൺസൺ അന്ത്യാംകുളം, TSSS അതിരൂപത പ്രസിഡണ്ട് ശ്രീ. ജോഷി കുന്നത്ത് എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. TSSS അസി. ഡയറക്ടർ ഫാ. ആൽബിൻ തെങ്ങുംപള്ളിൽ പൊതുസമ്മേളനത്തിന് നന്ദിയർപ്പിച്ചു.

60-ാം വാർഷികത്തോടനുബന്ധിച്ച് പത്ത് കോടി രൂപയുടെ പദ്ധതി പ്രഖ്യാപനങ്ങൾ ചടങ്ങിൽവച്ച് നടത്തി. 150 പേർക്ക് തൊഴിൽ പരിശീലനം, 12000 വൃക്ഷത്തൈകൾ നടലും പരിപാലിക്കലും, 25 സ്കൂളുകളിൽ ഔഷധസസ്യത്തോട്ടം നട്ടുപരിപാലിക്കൽ, 300 കിണർ റീചാർജിങ് യൂണിറ്റുകൾ, 60 മഴവെള്ളസംഭരണികൾ, ചെക്കുഡാമുകൾ ഉൾപ്പെടെയുള്ളവയാണ് സൊസൈറ്റിയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രഖ്യാപിച്ചത്. മികച്ച ക്രെഡിറ്റ് യൂണിയൻ, മഹിളാ സേവാ സംഘം, ഗ്രാമിക യൂണിറ്റ്, ബെസ്റ്റ് എസ്.എച്ച്.ജി. തുടങ്ങിയവയ്ക്കുള്ള അവാർഡ് വിതരണം, ഉപന്യാസ മത്സര വിജയികൾ, ബെസ്റ്റ് പ്രസിഡണ്ട്, ബെസ്റ്റ് സെക്രട്ടറി, തെരഞ്ഞെടുക്കപ്പെട്ട പ്രധാനപ്പെട്ട വ്യക്തിത്വങ്ങൾ എന്നിവരെ ആദരിക്കൽ, മികച്ച യൂണിറ്റുകൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം എന്നിവയും ചടങ്ങിൽ സംഘടിപ്പിച്ചു.

**കാവൽപ്ലസ് പ്രൊജക്ട്**

കാസർഗോഡ് ജില്ലയിലെ ബാലക്ഷേമ സമിതി മുമ്പാകെ എത്തുന്ന ശ്രദ്ധയും കരുതലും ആവശ്യമുള്ള കുട്ടികൾക്ക് മാനസിക സാമൂഹിക ശ്രദ്ധയും സംരക്ഷണവും നൽകുന്നതിനായി ഗവൺമെന്റ് വനിത ശിശുവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന കാവൽപ്ലസ് പ്രൊജക്ടിലേക്ക് കേസ് വർക്കർ തസ്തികയിലേക്ക് ഇന്റർവ്യൂ സംഘടിപ്പിക്കുകയും, സി.ഡബ്ല്യു.സി. ചെയർപേഴ്സൺ അഡ്വ. രേണുക ദേവി തങ്കച്ചി, ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഷൈനി ഐസക്, TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് എന്നിവർ ഇന്റർവ്യൂവിന് നേതൃത്വം നൽകുകയും ചെയ്തു. കൗൺസിലിംഗ്, ജീവിത നൈപുണ്യ വിദ്യാഭ്യാസം, കുടുംബത്തിന് വേണ്ടുന്ന മാനസിക സാമൂഹിക സേവനങ്ങൾ എന്നിവ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഈ പദ്ധതി വഴി നൽകി വരുന്നു. നിലവിൽ മൂന്ന് എം.എസ്.ഡബ്ല്യു. ബിരുദധാരികൾ ഇവിടെ സേവനം ചെയ്തുവരുന്നു.

**Artificial Intelligence – ദ്വിദിന സെമിനാർ**

2025 സെപ്റ്റംബർ 17, 18 തീയതികളിലായി മരിയൻ കോളേജ് കുട്ടിക്കാനത്ത് സംഘടിപ്പിച്ച സാമൂഹ്യസേവന മേഖലയിൽ നിർമ്മിത സാങ്കേതിക വിദ്യ (Artificial Intelligence) ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിക്കുന്ന സെമിനാറിൽ TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, പ്രോഗ്രാം ഓഫീസർ ശ്രീ. ഷോൺ എന്നിവർ പങ്കെടുത്തു. പ്രൊജക്ടുകൾ തയ്യാറാക്കുന്നതിലും അവ കൈകാര്യം ചെയ്യുന്നതിലും നിർമ്മിത സാങ്കേതിക വിദ്യയുടെ ആവശ്യകതയെക്കുറിച്ച് പ്രസ്തുത സെമിനാറിൽ ചർച്ചകൾ നടത്തി.

**പ്രതിമാസ പ്രവർത്തനം**

2025 ഒക്ടോബർ മാസത്തിൽ നടത്തേണ്ട പ്രവർത്തനം ചുവടെ ചേർക്കുന്നു.

**ഒക്ടോബർ 02**
**ഗാന്ധിജയന്തി (Gandhi Jayanti)**

* **ശുചീകരണയജ്ഞം**
  ഗാന്ധിജയന്തിയോടനുബന്ധിച്ച് മേഖലാ/യൂണിറ്റ് ഓഫീസും പരിസരവും വൃത്തിയാക്കി ശുചീകരണയജ്ഞത്തിൽ പങ്കാളികളാവുക.

**കാൻസർ പരിശോധനാക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണ വിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടത്തി വരുന്ന സൗജന്യ കാൻസർ പരിശോധനാക്യാമ്പ് 2025 സെപ്റ്റംബർ മാസം 11-ാം തീയതി വ്യാഴാഴ്ച നെല്ലിക്കാംപൊയിൽ മേഖലാ ഓഫീസിൽവച്ച് നടത്തി. അടുത്ത മാസത്തെ ക്യാമ്പ് **2025 ഒക്ടോബർ 06 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ ചിറ്റാരിക്കാൽ (തോമാപുരം) മേഖലാ ഓഫീസിൽ** വച്ച് നടത്തപ്പെടുന്നു. പ്രസ്തുത ക്യാമ്പിൽ പങ്കെടുക്കുന്നതിനായി ചിറ്റാരിക്കാൽ മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടേണ്ടതാണ്.

**മാനസികാരോഗ്യ മെഡിക്കൽക്യാമ്പ്**

മാനസികമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ചെമ്പേരിയിൽ സംഘടിപ്പിക്കുന്ന മെഡിക്കൽക്യാമ്പ് 23 വർഷങ്ങൾ തുടർച്ചയായി നടത്തി വരുന്നു. കൂത്തുപറമ്പ് സിംഹാൻസ് ഹോസ്പിറ്റലിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. വിനീത SH മെഡിക്കൽക്യാമ്പിൽ രോഗികളെ പരിശോധിക്കുകയും, TSSS-ന്റെ നേതൃത്വത്തിൽ സൗജന്യമായി മരുന്ന് വിതരണം നടത്തി വരികയും ചെയ്യുന്നു. ഇതോടൊപ്പം TSSS-ന്റെ സോഷ്യൽ വർക്കർമാരുടെ നേതൃത്വത്തിൽ കൗൺസിംഗ് സൗകര്യവും ചെയ്തു നൽകുന്നു. എല്ലാ മാസങ്ങളിലെയും അവസാന ഞായറാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ വൈകു. 4 മണി വരെ ചെമ്പേരി വിമല ഹോസ്പിറ്റലിൽ മെഡിക്കൽക്യാമ്പ് പ്രവർത്തിച്ചുവരുന്നു.

## RADIO 4U 89.6 FM - കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

കാസർഗോഡ് ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ ആയ റേഡിയോ ഫോർ യു ജൈത്രയാത്ര തുടങ്ങിയിട്ട് രണ്ടുവർഷം പൂർത്തിയായിരിക്കുകയാണ്. സമൂഹത്തിലെ ഏത് വിഭാഗത്തിൽ പ്രവർത്തിക്കുന്നവരായാലും എതുസമയത്തും വന്ന് റേഡിയോയിൽ പ്രോഗ്രാമുകൾ അവതരിപ്പിക്കുവാൻ സാധിക്കുന്നതുകൊണ്ടുതന്നെ റേഡിയോയ്ക്ക് ഇന്ന് ജനപ്രീതി ഏറെയാണ്. ശബ്ദംകൊണ്ട് അവതരിപ്പിക്കുവാൻ സാധിക്കുന്ന പ്രോഗ്രാമുകൾ ഏതുതന്നെയായാലും റേഡിയോ പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തി നമുക്ക് പ്രക്ഷേപണം ചെയ്യാൻ സാധിക്കുന്നതാണ്. അതോടൊപ്പം റേഡിയോയിലെ എന്റെ പാട്ട്, ഞാറ്റുവട്ടം, ഡോക്ടേഴ്സ് ടോക്ക് എന്നീ പ്രോഗ്രാമുകൾക്ക് ജനശ്രദ്ധ ഏറെയാണ്.

**മരക്കാപ്പ് കടപ്പുറം സ്കൂളിലെ ഓണാഘോഷം**

ഈ വർഷത്തെ ഓണാഘോഷ പരിപാടിയോടനുബന്ധിച്ച് റേഡിയോ ഫോർ യു 89.6 എഫ്.എം.-ലെ സ്റ്റേഷൻ ഡയറക്ടറായ ഫാ. ജിതിൻ കളത്തിലിനെയും, ആർജെ ആഷ്‌ലിയേയും പ്രത്യേകം ക്ഷണിക്കുകയും, ഇരുവർക്കും ഓണാഘോഷത്തിൽ പങ്കെടുക്കുവാൻ അവസരം നൽകുകയും ചെയ്തു. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി മരക്കാപ്പ് കടപ്പുറം സ്കൂളിലെ നിരവധി വിദ്യാർത്ഥികൾ റേഡിയോയിൽ പ്രോഗ്രാമുകൾ അവതരിപ്പിച്ചിരുന്നു. ഈ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനമായി സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും, വിദ്യാർത്ഥികളെ പ്രോഗ്രാമുകൾ അവതരിപ്പിക്കുവാൻ സജ്ജരാക്കിയ അധ്യാപകരെ മെമെന്റോ നൽകി ആദരിക്കുകയും ചെയ്തു.

**ഓണം ക്യാമ്പയിനിംഗ്**

ഈ വർഷത്തെ ഓണത്തോടനുബന്ധിച്ചുള്ള ക്യാമ്പയിനിംഗ് വളരെ ഭംഗിയായി പൂർത്തിയാക്കുവാൻ സാധിച്ചു. മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം നിരവധി സ്ഥാപനങ്ങൾ നമുക്ക് പരസ്യം നൽകിയിരുന്നു. ഈ ഓണം ക്യാമ്പയിനിംഗിൽ മോൺ. മാത്യു ഇളംതുരുത്തിപടവിൽ, ഫാ. അമൽ തൈപ്പറമ്പിൽ, ഫാ. എബിൻ മടപ്പാംതോട്ടുകുന്നേൽ, ഫാ. ആഷിഷ് അറയ്ക്കൽ എന്നിവർ പങ്കാളികളായി.

**ഓർമയിലെ ഓണം**

റേഡിയോ ഫോർ യു 89.6 എഫ്.എം-ന്റെ ഓണം പ്രത്യേക പരിപാടിയാണ് ഓർമയിലെ ഓണം. ജില്ലയിലെ കലാ, സാംസ്കാരിക, സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന നിരവധിപ്പേർ പ്രസ്തുത പ്രോഗ്രാമിൽ പങ്കെടുത്തു.

## കേരള ലേബർ മൂവ്മെന്റ് (KLM)

ഇറ്റാലിയൻ ബിഷപ്പ് കോൺഫറൻസിന്റെയും കേരള ലേബർ മൂവ്മെന്റിന്റെയും നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 10 ആടുകളും, മൂന്ന് തയ്യൽ മെഷീനുകളും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി വിതരണം ചെയ്തു. കേരളാ ലേബർ മൂവ്മെന്റിന്റെ EMPOWER CRAFT പദ്ധ

തിയുടെ ഭാഗമായാണ് ആടുകളെ വിതരണം ചെയ്തത്. ചെറുപുഴ മേഖല ഓഫീസിൽ വച്ച് സംഘടിപ്പിച്ച ചടങ്ങിൽവച്ച് TSSS അസി. ഡയറക്ടർ ഫാ. ആൽബിൻ തെങ്ങുംപള്ളിൽ ചടങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഇത്തരത്തിൽ വിതരണം ചെയ്ത ആടിന്റെ കുഞ്ഞിനെ അടുത്ത വർഷം മറ്റൊരാൾക്ക് നൽകുന്ന വിധം ആണ് ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസിന്റെ ഈ പ്രൊജക്റ്റ്. ചെറുപുഴ മേഖല പ്രോഗ്രാം മാനേജർ ശ്രീമതി വത്സമ്മ ടോമി, ചെമ്പേരി മേഖല പ്രോഗ്രാം മാനേജർ ശ്രീമതി ലിസി ജിജി ചെറുപുഴ ആർ. സി.സി. ഭാരവാഹികൾ എന്നിവർ ചടങ്ങിന് നേതൃത്വം നൽകി.

## TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

### TSSS മേഖലാ വാർഷിക പൊതുയോഗം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മേഖലാ വാർഷിക പൊതുയോഗങ്ങളിൽ എല്ലാ യൂണിറ്റുകളിൽ നിന്നും ഭരണസമിതി അംഗങ്ങൾ പങ്കെടുക്കുകയും, ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. എല്ലാ ഭരണസമിതി അംഗങ്ങൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

### TSSS സ്ഥാപകദിനം

കൊളക്കാട്, നെടുംപുറംചാൽ, കോളയാട്, പാലാവയൽ, കമ്പല്ലൂർ, അരവഞ്ചാൽ, പടുപ്പ്, വെള്ളരിക്കുണ്ട്, കനകപ്പള്ളി, പടിമരുത്, പുന്നക്കുന്ന്, കൊന്നക്കാട്, പരപ്പ, മാലോം, കാഞ്ഞങ്ങാട്, പൈസക്കരി, ചെമ്പന്തൊട്ടി MSS & CU, നടുവിൽ, ചെമ്പേരി, ലിസ്സിഗിരി, നെല്ലിക്കുറ്റി, അരീക്കമല, മണിക്കടവ്, കാഞ്ഞിരക്കൊല്ലി, മുണ്ടാനൂർ, തേർമല, മാട്ടറ, നെല്ലിക്കാംപൊയിൽ, ഉളിക്കൽ തുടങ്ങിയ യൂണിറ്റുകളിലും ആലക്കോട് മേഖലയിലെ എല്ലാ യൂണിറ്റുകളിലും TSSS സ്ഥാപകദിനത്തോടനുബന്ധിച്ച് പതാക ഉയർത്തുകയും മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും, രോഗി സന്ദർശനങ്ങൾ, സാമ്പത്തിക സഹായങ്ങൾ, ഭക്ഷ്യക്കിറ്റ് വിതരണങ്ങൾ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

### അധ്യാപകദിനം

കൊളക്കാട്, നെടുമ്പുറംചാൽ, കോളയാട്, പെരുമ്പടവ്, വിളക്കന്നൂർ, കരുവഞ്ചാൽ, വായാട്ടുപറമ്പ് ആലക്കോട്, പാലാവയൽ, കമ്പല്ലൂർ, അരവഞ്ചാൽ, വെള്ളരിക്കുണ്ട്, കനകപ്പള്ളി, പുഞ്ച, എണ്ണപ്പാറ, കനീലടുക്കം, പടിമരുത്, പുന്നക്കുന്ന്, കൊന്നക്കാട്, മാലോം, ചുണ്ടപറമ്പ, പൈസക്കരി, നടുവിൽ, നെല്ലിക്കുറ്റി, ചെമ്പന്തൊട്ടി MSS & CU, ലിസ്സിഗിരി, അരീക്കമല ചെമ്പേരി, മണിക്കടവ്, മുണ്ടാനൂർ, മാട്ടറ, നെല്ലിക്കാംപൊയിൽ, ഉളിക്കൽ എന്നീ യൂണിറ്റുകൾ അധ്യാപകദിനത്തിൽ പങ്കാളികളായി.

### പോഷകാഹാരവാരം

ദേശീയ പോഷകാഹാരവാരത്തോടനുബന്ധിച്ച് നെല്ലിക്കാംപൊയിൽ, മുണ്ടാനൂർ, മണിക്കടവ്, ആലക്കോട്, നടുവിൽ, എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ പോഷകാഹാരങ്ങൾ വിതരണം ചെയ്യുകയും, മറ്റു വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

**ലോക ഫസ്റ്റ് എയ്ഡ് ദിനാചരണം:** വേൾഡ് ഫസ്റ്റ് എയ്ഡ് ദിനത്തോടനുബന്ധിച്ച് ആലക്കോട്, മണിക്കടവ്, കാഞ്ഞിരക്കൊല്ലി, മുണ്ടാനൂർ തുടങ്ങിയ യൂണിറ്റുകളുടെ നേതൃത്വത്തിൽ വാട്ടർ ബെഡ്, എയർ ബെഡ് എന്നിവ സ്വീകരിക്കൽ, ഫസ്റ്റ് എയ്ഡ് കിറ്റുകൾ സ്ഥാപിക്കൽ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടത്തി.

**കൊതുക് ദിനാചരണം:** കോളയാട്, അരവഞ്ചാൽ, എണ്ണപ്പാറ, നെല്ലിക്കുറ്റി, നടുവിൽ, ചെമ്പന്തൊട്ടി MSS & CU, ചെമ്പേരി, ലിസ്സിഗിരി, അരീക്കമല, മണിക്കടവ്, മുണ്ടാനൂർ, തേർമല എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ കൊതുക് ദിനാചരണം സംഘടിപ്പിച്ചു.

**ഓണാഘോഷം:** കൊളക്കാട്, പേരാവൂർ, നെടുംപുറംചാൽ, കോളയാട്, പെരുമ്പടവ്, വിളക്കന്നൂർ, ആലക്കോട്, കരുവഞ്ചാൽ, പാത്തൻപാറ, പാലാവയൽ, കുന്നുംകൈ, കമ്പല്ലൂർ, മണ്ഡപം, അരവഞ്ചാൽ, വെള്ളരിക്കുണ്ട്, കനകപ്പള്ളി, പുഞ്ച, ഭീമനടി, പടിമരുത്, കൊന്നക്കാട്, പരപ്പ, മാലോം, ചുണ്ടപറമ്പ, പൈസക്കരി, ചെമ്പന്തൊട്ടി MSS&CU, നടുവിൽ, ചെമ്പേരി, ലിസ്സിഗിരി, അരീക്കമല, മണിക്കടവ്, കാഞ്ഞിരക്കൊല്ലി, മുണ്ടാനൂർ, തേർമല, മാട്ടറ എന്നീ യൂണിറ്റുകൾ ഓണാഘോഷ പരിപാടികൾ സംഘടിപ്പിക്കുകയും നിർധനരായ കുടുംബങ്ങളെ സന്ദർശിച്ച് ഓണക്കിറ്റ് വിതരണം നടത്തുകയും ചെയ്തു.

**രോഗീസന്ദർശനം ചികിത്സാസഹായം**

കൊളക്കാട്, കരുവഞ്ചാൽ, പടുപ്പ്, വെള്ളരിക്കുണ്ട്, കനകപ്പള്ളി, ഭീമനടി, പുഞ്ച, കൊന്നക്കാട്, മാലോം, പൈസക്കരി, നടുവിൽ, തേർമല, മാട്ടറ, മണിക്കടവ് യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ രോഗികളെ സന്ദർശിക്കുകയും, ചികിത്സാസഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തു.

**അഗതിമന്ദിര സന്ദർശനം:** കോളയാട്, പെരുമ്പടവ്, തിരുമേനി, പടിമരുത്, നടുവിൽ യൂണിറ്റുകൾ അഗതിമന്ദിരങ്ങൾ സന്ദർശിക്കുകയും, ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തു.

**സെമിനാറും ബോധവൽക്കരണ ക്ലാസും:** വിളക്കന്നൂർ, കുന്നുംകൈ, മാട്ടറ, മുണ്ടാനൂർ, മണിക്കടവ് യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ ബോധവത്ക്കരണക്ലാസുകളും സെമിനാറുകളും സംഘടിപ്പിച്ചു.

**മറ്റു പ്രവർത്തനങ്ങൾ**

- അരവഞ്ചാൽ, കനകപ്പള്ളി, ചുണ്ടപറമ്പ, പൈസക്കരി എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിനാഘോഷം സംഘടിപ്പിച്ചു.
- നെടുംപുറംചാൽ യൂണിറ്റിലെ ഒരു അംഗത്തിന്റെ കുടുംബത്തിന് സാമ്പത്തികസഹായം നൽകുകയും, യൂണിറ്റ് അംഗമായ കിഴക്കേക്കര ശ്രീ. പൗലോസിന്റെ കൃഷിയിടം ഹോങ്കോങ്ങിൽ നിന്നും വന്ന കൃഷി ഗവേഷകർ സന്ദർശിക്കുകയും ചെയ്തു.
- ആലക്കോട് യൂണിറ്റ് ദേശീയ കായിക ദിനത്തോടനുബന്ധിച്ച് ആലക്കോട് യൂണിറ്റ് ഗുസ്തി മത്സരത്തിൽ സംസ്ഥാന തലത്തിൽ ഗോൾഡ് മെഡലും ദേശീയ തലത്തിൽ ബ്രോൺസ് മെഡലും നേടിയ അഞ്ജലി രാജിനെ ക്യാഷ് അവാർഡ് നൽകി ആദരിച്ചു.

- ആലക്കോട്, മാലോം യൂണിറ്റുകളുടെ നേതൃത്വത്തിൽ യൂണിറ്റിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം ലഭ്യമാക്കി.
- കുന്നുംകൈ യൂണിറ്റ് സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനായി സ്ത്രീശക്തി ആരോഗ്യ ക്യാമ്പയിൻ സംഘടിപ്പിച്ചു.
- മേഖല വാർഷിക പൊതുയോഗത്തിൽ സംഘടിപ്പിച്ച നിയമാവലി ക്വിസിൽ അരവഞ്ചാൽ യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും, യൂണിറ്റിൽ വൃക്ഷത്തൈകൾ വിതരണം നടത്തുകയും ചെയ്തു.
- പടുപ്പ് യൂണിറ്റ് പുതിയ മെമ്പർമാർക്ക് അംഗത്വം നൽകുകയും, സ്വാഭിമാൻ ഉൽപ്പന്നങ്ങളും ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ യൂണിറ്റുകളിൽ വിതരണം ചെയ്തു വരികയും ചെയ്യുന്നു.
- പെർളയുടെ പരിസരപ്രദേശങ്ങളിൽ ആഫ്രിക്കൻ ഒച്ചിന്റെ ശല്യം രൂക്ഷമായതിനെ തുടർന്ന് പെർള ക്രെഡിറ്റ് യൂണിയൻ അംഗങ്ങളുടെ നേതൃത്വത്തിൽ എൻമകജെ പഞ്ചായത്തിലും കൃഷി ഓഫീസിലും കളക്ടറേറ്റിലും പരാതി നൽകി.
- വന്യമൃഗശല്യത്തിനെതിരെയുള്ള കർഷകസ്വരാജ് സത്യാഗ്രഹത്തിന് വെള്ളരിക്കുണ്ട്, മാലോം യൂണിറ്റുകളുടെ നേതൃത്വത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.
- മുഖ്യമന്ത്രിയുടെ മെഡലിന് അർഹരായ രണ്ടു വ്യക്തികളെ കനകപ്പള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ ആദരിച്ചു.
- ഭീമനടി യൂണിറ്റിന്റെ നേതൃത്വത്തിൽ വിവാഹ ധനസഹായം നൽകി.
- പടിമരുത്, ബദിയടുക്ക, പൈസക്കരി യൂണിറ്റുകളുടെ നേതൃത്വത്തിൽ കർഷകദിനം ആചരിക്കുകയും, പടിമരുത് യൂണിറ്റിന്റെ നേതൃത്വത്തിൽ ആധുനിക കൃഷിരീതികൾ പഠിക്കാൻ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു.
- ഇന്റർനാഷണൽ ലിറ്ററസി ഡേയോട് അനുബന്ധിച്ച് കൊന്നക്കാട് ഗ്രാമിക ചിത്രരചനാ മത്സരം നടത്തുകയും, അച്ചൻകല്ല് വെള്ളച്ചാട്ട പരിസരങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ വനംവകുപ്പുമായി സഹകരിച്ച് വൃത്തിയാക്കുകയും ചെയ്തു.
- മണിക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ മറ്റു സംഘടനകളുമായി ചേർന്ന് സിമിത്തേരിയും പരിസരങ്ങളും വൃത്തിയാക്കുകയും, പുതുതായി 4 JLG ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്തു.
- കാഞ്ഞിരക്കൊല്ലി ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ ഫോട്ടോഗ്രാഫി ദിനത്തോടനുബന്ധിച്ച് ഫോട്ടോഗ്രാഫി മത്സരം നടത്തുകയും ചെയ്തു.

**ഫാ. ജോർജ് തെങ്ങുംപള്ളിൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ ഫോർ യു

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**അഭിമാനത്തോടെ**

മഷ്റൂമിന്റെ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനായി ഹിമാചൽ പ്രദേശിൽ സ്ഥിതി ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ കീഴിലുള്ള മഷ്റൂം റിസർച്ച് സെന്ററിലേക്ക് പോകുന്ന കേരളത്തിൽ നിന്നുള്ള അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെന്റ് ടീമിനൊപ്പം പോകുന്നതിനായി ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ തെരഞ്ഞെടുക്കപ്പെട്ടു.

**ബയോ മൗണ്ടൻ കമ്പനിയിൽനിന്നും കാർഷിക ലോണും മെംബർഷിപ്പും**

തലശ്ശേരി അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനായി നമ്മൾ ആരംഭിച്ച സംരംഭമാണല്ലോ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി. നാളിതുവരെ ഉള്ള പ്രവർത്തനങ്ങളിലൂടെ ഏഴായിരത്തോളം അംഗങ്ങളെ കമ്പനിയിൽ ചേർക്കാനും ബയോ മൗണ്ടൻ കമ്പനിയെ ഏറ്റവും നല്ല ഫാർമർ പ്രൊഡ്യൂസർ കമ്പനിയായി വളർത്തുവാനും നമുക്ക് സാധിച്ചു.

നമ്മുടെ എല്ലാ ഇടവകകളിലും ബയോ മൗണ്ടൻ കമ്പനിയുടെ കർഷക ഗ്രൂപ്പുകൾ ഉണ്ടാകേണ്ടത് കർഷകർക്കും കമ്പനിയുടെ വളർച്ചക്കും ആവശ്യമാണ്. അതിനായി നിങ്ങളെല്ലാവരുടെയും സഹകരണം അപേക്ഷിക്കുന്നു.

സെപ്റ്റംബർ മാസത്തോടുകൂടി നമ്മുടെ എല്ലാ ഇടവകകളിലും കമ്പനിയുടെ ഗ്രൂപ്പുകൾ രൂപീകരിക്കാൻ നമുക്ക് സാധിക്കണം. അതിനുള്ള ഒരു പദ്ധതി കാനറ ബാങ്കുമായി സംസാരിച്ച് നമ്മൾ തയ്യാറാക്കിയിട്ടുണ്ട്.

നമ്മുടെ കർഷകർ എല്ലാരുംതന്നെ വലിയ പലിശക്ക് പണം എടുത്ത് കടത്തിലാകുന്ന സാഹചര്യത്തിൽ, കുറഞ്ഞ പലിശയിൽ ലോൺ എളുപ്പത്തിൽ ലഭിക്കുവാനും തിരച്ചടവുകൾ എളുപ്പത്തിൽ പൂർത്തിയാക്കാനും വലിയ നടപടി ക്രമങ്ങളില്ലാതെ ലഭിക്കുന്നതും ഗ്രൂപ്പ് ലോണുകളാണ്.

ഒരു ലക്ഷം രൂപയുടെയോ രണ്ട് ലക്ഷം രൂപയുടെയോ ലോണുകൾ എടുക്കാൻ കർഷകരെ സഹായിച്ചാൽ നമ്മുടെ ഗ്രാമത്തിൽ സാമ്പത്തിക വളർച്ച കൊണ്ടുവരുവാനും ഒപ്പം കർഷകരെ ശാസ്ത്രീയമായി ലോൺ കൈകാര്യം ചെയ്യാനും അവരിൽ സാമ്പത്തിക അച്ചടക്കം രൂപീകരിക്കാനും സാധിക്കും.

ഈ കാലഘട്ടത്തിൽ കർഷകരെ സാമ്പത്തിക ഭദ്രതയിലേക്ക് കൊണ്ടു വരിക എന്നത് ആവശ്യമാണ്. ലോൺ തെരിച്ചടവുകൾ എല്ലാ ദിവസമോ, ആഴ്ചയിലോ ലഭിക്കുന്ന മുറയ്ക്ക് ഗൂഗിൾ പേയ് വഴി നടത്താനുമുള്ള സംവി ധാനവും ഒരുക്കിയിട്ടുണ്ട്.

പത്ത് പേരടങ്ങുന്ന ഗ്രൂപ്പിന് പ്രസിഡൻറ്, സെക്രട്ടറി എന്ന രീതിയിൽ 2 ലീഡർമാർ ഉണ്ടായിരിക്കും. അവരുടെ നമ്പറിലേക്ക് തുകൾ അടക്കുന്ന ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ ലഭിക്കും. അതിനാൽ ആരെല്ലാം എത്ര രൂപ വെച്ച് അടച്ചു എന്നതിന്റെ കൃത്യവിവരങ്ങൾ അറിയുവാൻ സാധിക്കും.

നിലവിൽ ബാങ്ക് ലോൺ എടുക്കുമ്പോൾ ലോൺ ചാർജും ഡോക്യുമെ ന്റേഷൻ ചാർജും ബാങ്ക് വ്യക്തികളിൽ നിന്നും എടുക്കാറുണ്ട്. എന്നാൽ ഈ ചിലവുകളെല്ലാം കർഷകർക്കുവേണ്ടി കമ്പനി വഹിക്കുന്നതിനാൽ ഒരു ലക്ഷം രൂപ ലോൺ എടുക്കുന്നവർ ₹ 2500/ രൂപയുടെയും രണ്ട് ലക്ഷം രൂപ എടുക്കുന്നവർ ₹ 5000/ രൂപയുടെയും ഷെയറുകൾ എടുക്കേണ്ട ആവശ്യമേ ഉള്ളൂ. ഈ തുക നഷ്ട്ടമാകുന്നില്ല. മറിച്ച് കർഷകന് കമ്പനിയുടെ ഷെയർ ലഭിക്കുകയും കമ്പനിയുടെ ഡിവിഡന്റ് കിട്ടാൻ അർഹനാക്കുകയും ചെയ്യുന്നു. ആയതിനാൽ നിലവിൽ ഗ്രൂപ്പ് ഉള്ളവർക്കോ പുതുതായി ഗ്രൂപ്പ് തുടങ്ങുന്നവർക്കോ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

സാമ്പത്തിക അച്ചടക്കമുള്ള വ്യക്തികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പത്ത് പേരടങ്ങുന്ന രണ്ടോ മൂന്നോ ഗ്രൂപ്പുകളാക്കുകയാണെങ്കിൽ നമ്മുടെ എല്ലാ ഇടവകകളിലും ആഗസ്റ്റ് മാസത്തോടെ യാതൊരു ബുദ്ധിമുട്ടും കൂടാതെ ബയോ മൗണ്ടൻ യൂണിറ്റുകൾ തുടങ്ങാൻ സാധിക്കും. ഗ്രൂപ്പുകൾ രൂപീകരി ച്ചാൽ തുടർന്ന് വേണ്ട എല്ലാ ക്രമീകരണങ്ങളും ബഹു. വൈദികർക്ക് ബുദ്ധിമുട്ട് വരാത്ത രീതിയിൽ ബയോ മൗണ്ടൻ ഓഫീസ് നേരിട്ട് ചെയ്തുകൊള്ളും. നമ്മുടെ എല്ലാ കർഷകരും ലോണുകൾ എടുക്കുന്നവരാണ്. അതിനാൽ ഈ അവസരം കമ്പനിക്കും ഇടവകയ്ക്കും കർഷകർക്കും ഉപകാരപ്രദ മാകും. നിങ്ങളുടെ ഓരോരുത്തരുടെയും ആത്മാർത്ഥമായ സഹകരണം അപേക്ഷി ക്കുന്നു.

**ലോണിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ**

കാർഷിക മേഖലയുടെ വളർച്ചക്കും കർഷകരുടെ ഉന്നമനത്തിനും വേണ്ടി നൽകുന്ന ലോൺ ഷെയർ എടുത്ത് മെമ്പർഷിപ്പ് നേടുന്ന കർഷകർക്ക് 10 പേരടങ്ങുന്ന ഗ്രൂപ്പുകൾ രൂപികരിച്ച് എടുക്കാവുന്നതാണ്. 2 ലോണുകളാണ് ഉള്ളത്

1. ഒരു ലക്ഷം രൂപയുടെയും

2. രണ്ട് ലക്ഷം രൂപയുടെയും
   ഏതെങ്കിലും ഒരു ലോണാണ് ഗ്രൂപ്പിലെ ഒരു വ്യക്തിക്ക് ലഭിക്കുക.

1. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം ₹3600/ രൂപ വെച്ച് 32 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
2. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്നവർക്ക് പ്രതിമാസം ₹6000/ രൂപ വെച്ച് 39 തവണയായി അടച്ചു ലോൺ ക്ലോസ് ചെയ്യാവുന്നതാണ്.
3. ഒരു ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും ₹2500/ രൂപയുടെ ഷെയർ എടുക്കണം.
4. രണ്ട് ലക്ഷം രൂപയുടെ ലോൺ എടുക്കുന്ന എല്ലാവരും ₹5000/ രൂപയുടെ ഷെയർ എടുക്കണം.
5. കാനറ ബാങ്ക് വഴി കുടുംബശ്രീ ലിംഗേജ് ലോൺ ഉള്ളവർക്ക് SHG ലോൺ എടുക്കാൻ സാധിക്കുന്നതല്ല.

**ഷെയർ എടുക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ**

1. ലോണിന് ആവശ്യമായ ബാങ്ക് ഡോക്യുമെന്റുകളുടെയും, മുദ്ര പേപ്പറിന്റെയും, ഓരോ ഗ്രൂപ്പിനും ബാങ്ക് അക്കൗണ്ട് തുറക്കാനുമുള്ള ചിലവുകളും ബയോ മൗണ്ടൻ കമ്പനി വഹിക്കുന്നതാണ്.
2. വ്യക്തികൾക്ക് ഷെയർ എടുക്കുന്നത്തിന്റെ ചിലവുകൾ മാത്രമേ വരുന്നുള്ളൂ. മറ്റു ചിലവുകൾ ഉണ്ടാകില്ല.
3. ഷെയർ എടുക്കുന്ന തുക നഷ്ടം ആകുന്നില്ല. കമ്പനിയുടെ ഡിവിഡെന്റ് ലഭിക്കുന്നതാണ്.
4. ലോൺ തിരിച്ചടവ് ഓരോ ഗ്രൂപ്പിനും ബാങ്കിലേക്ക് നേരിട്ട് ഗൂഗിൾ പേയ് വഴി ചെയ്യാൻ ഉള്ള സൗകര്യം ഉണ്ടാവുന്നതാണ്.
5. ലോൺ തിരിച്ചടവ് എളുപ്പത്തിലക്കാൻ
   * ഒരു ലക്ഷം രുപ എടുക്കുന്നവർക്ക് പ്രതിദിനം 120 രൂപയും
   * രണ്ട് ലക്ഷം രുപ എടുക്കുന്നവർക്ക് പ്രതിദിനം 200 രൂപയും വെച്ച് ഗൂഗിൾ പേയ് വഴി അതാത് ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് അടക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

   ബയോ മൗണ്ടൻ SHG ലോൺ സംബന്ധമായ എല്ലാ വിവരങ്ങൾക്കും വിളിക്കുന്നതിനായി **9526054322** (ജാക്സൺ/കമൽ) എന്ന നമ്പർ ഉപയോഗിക്കാവുന്നതാണ്.

**പുട്ടുപൊടി യൂണിറ്റ്**

ബയോ മണ്ടൻ കമ്പനിയുടെ പുതിയ സംരംഭമായ പുട്ടുപൊടി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുന്നു. ഒക്ടോബർ മാസം അവസാനത്തോടുകൂടി പുട്ടുപൊടി യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രൊഡക്ഷൻ തുടങ്ങാൻ സാധിക്കുന്നതാണ്. നമ്മുടെ ഈ സംരംഭത്തിന്റെ വിജയത്തിനായി നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അപേക്ഷിക്കുന്നു.

**ഇടവകകളിലെ ഷെയർ**

മേലെചൊവ്വ സെന്റ് ഫ്രാൻസിസ് ഇടവക ബയോ മണ്ടൻ കമ്പനിയുടെ ഷെയർ എടുത്തു. അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശമനുസരിച്ച് ഞങ്ങളും കർഷകർക്കൊപ്പം ഉണ്ട് എന്ന് അറിയിച്ചുകൊണ്ട് ബയോ മൌണ്ടൻ കമ്പനിയിൽ ഷെയർ എടുത്ത ഇടവകകൾക്കും ബഹു. വികാരി അച്ചന്മാർക്കും ഇടവക അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കുംവേണ്ടി നമ്മൾ ആരംഭിച്ചു ബയോമാണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചൻമാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്തസംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഒപ്പം ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും. ഫോൺ: 9656054322. Mail.id: tsssbiomountain @ gmail.com

ഒക്ടോബർ മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടുവരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കിമാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ

**ഫാ. സ്കറിയ നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ

**ഫാ. ജോസഫ് മുണ്ടപ്ലാക്കൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

# ഇൻഫാം

*കാർഷിക ജനതയുടെ ദൈനംദിന ജീവിതം ഏറെ പ്രതിസന്ധിയിലൂടെ മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. വനം വനമായും കൃഷിഭൂമി കൃഷിഭൂമിയായും നിലനിർത്തേണ്ട ആവശ്യകതയെക്കുറിച്ച് നമ്മുടെ നിയമസംവിധാനങ്ങൾ ഒട്ടും ബോധവാന്മാരാകുന്നില്ല. വന്യജീവികളും പ്രാദേശിക സമൂഹങ്ങളും തമ്മിലുള്ള സുസ്ഥിരസഹവാസത്തിന്റെ ആവശ്യകതയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച്, മേഖലയിൽ വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷം പരിക്കരിക്കുവാനാണ് ഇൻഫാം ലക്ഷ്യമിട്ടുകൊണ്ടിരിക്കുന്നത്.*

**നൂതന കാർഷിക സംസ്കാരം വളർത്തണം - ഇൻഫാം**

കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കാൻ കർഷകർ നൂതന കൃഷിരീതികളിലേക്ക് മാറണമെന്നും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമാണത്തിനും വിതരണത്തിനും കർഷകർ തന്നെ മുന്നിട്ടിറ ങ്ങണമെന്നും തലശ്ശേരിയിൽ ചേർന്ന ഇൻഫാം മലബാർ റീജിയണൽ ജനറൽബോഡി യോഗം അഭിപ്രായപ്പെട്ടു. കർഷകർക്ക് പരിശീലനവും പ്രോത്സാഹനവും നൽകണമെന്നും സർക്കാരിന്റെ ജനോപകാരപ്രദമായ പദ്ധതികളെക്കുറിച്ച് സർക്കാർ തലത്തിൽ ബോധവത്ക്കരണം നൽകണമെന്നും യോഗം ആവശ്യപ്പെട്ടു.

ഇൻഫാമിന്റെ ജൂബിലി വർഷത്തിൽ നടപ്പാക്കാൻ വിവിധ കാർഷിക പദ്ധതികൾ ആസൂത്രണം ചെയ്തു. സംഘടന ശാക്തീകരണത്തിന്റെ ഭാഗമായി യൂണിറ്റ്, മേഖല, ജില്ലാതല സമ്മേളനങ്ങൾ സംഘടിപ്പിക്കാനും തീരുമാനിച്ചു. കർഷകരെ ആദരിക്കൽ, വിവിധ സെമിനാറുകൾ, കർഷകറാലി എന്നിവ നടത്താനും തീരുമാനമായി. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാളിൽ നടന്ന യോഗത്തിൽ തലശേരി, താമരശേരി, കോഴിക്കോട്, കണ്ണൂർ എന്നീ രൂപതകളിൽ നിന്നുള്ള ഭാരവാഹികൾ പങ്കെടുത്തു. ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി വെരി റവ. ഫാ. ജോസഫ് കാവനാടി യോഗം ഉദ്ഘാടനം ചെയ്തു.

ഇൻഫാം മലബാർ മേഖല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷത വഹിച്ചു. തലശേരി അതിരൂപത ഡയറക്ടർ റവ. ഫാ. ബിബിൻ വരമ്പകത്ത്, സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സ്കറിയ

നെല്ലംകുഴി, റവ. ഫാ. ജോമോൻ ചെമ്പകശ്ശേരി, റവ. ഫാ. സായി പാറക്കുളങ്ങര, റവ. ഫാ. ജെയ്സൺ കളത്തിപ്പറമ്പിൽ, ശ്രീ. സണ്ണി തുണ്ടത്തിൽ, ശ്രീ. ഗിരിമാത്യു തിരുതാലിൽ എന്നിവർ പ്രസംഗിച്ചു.

**ശ്രീ. സ്കറിയ നെല്ലംകുഴി**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2025 ഒക്ടോബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

സെപ്റ്റംബർ 30 – 04 : ആന്തരിക സൗഖ്യ ധ്യാനം
04 : ഏകദിന കൺവെൻഷൻ
11 : ഏകദിന കൺവെൻഷൻ
12–15 : കന്നഡ ധ്യാനം
18 : ഏകദിന കൺവെൻഷൻ
19–23 : ആന്തരിക സൗഖ്യ ധ്യാനം
25 : ഏകദിന കൺവെൻഷൻ

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852**

03, 10, 17 : ഏകദിന ധ്യാനം
09–12 : മരിയൻ ധ്യാനം
18–21 : ആന്തരിക സൗഖ്യ ധ്യാനം
24, 31 : ഏകദിന ധ്യാനം

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

04 : ഏകദിന ധ്യാനം (9 am – 2 pm)
05–07 : ആന്തരിക സൗഖ്യാനുഭവ ധ്യാനം
10 : ജാഗരണ പ്രാർത്ഥന (06 pm – 09 pm)
18 : മദ്ധ്യസ്ഥ പ്രാർത്ഥന (02 pm – 04 pm)

**4. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി, തളിപ്പറമ്പ് ഫോൺ: 6238303093**

06 : ജാഗരണ പ്രാർത്ഥന
16–19 : വചനാഭിഷേക ധ്യാനം
26–31 : വചനാഭിഷേക ധ്യാനം

**5. സിയോൻ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ: 7306859339**

01–03 : കുടുംബ നവീകരണ ധ്യാനം
11 : മരിയൻ ഏകദിന ബൈബിൾ കൺവെൻഷൻ
13–17 : ആന്തരിക സൗഖ്യ ധ്യാനം

## ആഗസ്റ്റ് 2025

05-09 കെ.സി.ബി.സി മീറ്റിംഗിൽ പങ്കെടുത്തു.

24 കാര്യപ്പള്ളി ഇടവകാ ദൈവാലയത്തിൽവച്ച് ജോർജ് അരീക്കുന്നേൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

30 തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽവച്ച് കെവിൻ മാത്യു തലയ്ക്കലിന്റെയും ആതിര ജെയിംസ് കുറ്റിക്കാട്ടുമണ്ണിലിന്റെയും മനസമ്മതം നടത്തി. ഉച്ചയ്ക്കുശേഷം ചെമ്പേരിയിൽവച്ച് കത്തോലിക്കാ കോൺഗ്രസ് സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്തു. തുടർന്ന് ചെമ്പന്തൊട്ടിയിൽ ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കുടിയേറ്റ മ്യൂസിയം ഉദ്ഘാടന ചടങ്ങിൽ സംബന്ധിച്ചു.

31 എറണാകുളം - അങ്കമാലി അതിരൂപതയിലെ മുട്ടത്തിപ്പറമ്പു ദൈവാലയം കൂദാശ ചെയ്തു.

## സെപ്റ്റംബർ 2025

01 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പേരിയിൽവച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

02 കുന്നോത്ത് മേജർ സെമിനാരി കമ്മീഷൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

03 രാവിലെ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽവച്ച് ജോർജ് അരീക്കുന്നേൽ അച്ചന്റെ അനുസ്മരണാർത്ഥം ദിവ്യബലിയർപ്പിച്ചു.

04 താമരശ്ശേരിയിൽവച്ച് ചേർന്ന നോർത്ത് മലബാർ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു. വൈകുന്നേരം ഓൺലൈനായി നടത്തപ്പെട്ട എറണാകുളം-അങ്കമാലി അതിരൂപതാ കൂരിയാ മീറ്റിംഗിലും തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന അതിരൂപതാ കൂരിയാ മീറ്റിംഗിലും അധ്യക്ഷത വഹിച്ചു.

05 കെ.സി.വൈ.എം. അതിരൂപതാ യൂത്ത് അസംബ്ലി ഉദ്ഘാടനം ചെയ്ത് യുവജനങ്ങൾക്കായി ക്ലാസ്സ് നയിച്ചു.

06 രാവിലെ തോമാപുരം ഫൊറോനാ ദൈവാലയത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ നസ്രാണി കാർണിവൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു.

07-08 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

09 തലശ്ശേരിയിൽവച്ച് ചേർന്ന ഫൊറോനാ വികാരിമാരുടെ യോഗത്തിന് അധ്യക്ഷത വഹിച്ചു.

10 കള്ളാറിൽ പുതുതായി നിർമ്മിച്ച എം.എസ്.ജെ. കോൺവെന്റ് വെഞ്ചരിച്ചു.

11 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം സന്ദേശഭവനിൽവച്ച് നടത്തിയ കുന്നോത്ത് സെമിനാരിയിലെ ഡീക്കന്മാരുടെ സംഗമം ഉദ്ഘാടനം ചെയ്തു.

12 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ കണ്ണൂരിൽ നടത്തിയ ധർണ്ണ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

13 രാവിലെ പരിയാരം മദർ ഹോമിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം ചെമ്പേരിയിൽവച്ച് അതിരൂപതയിലെ വൈദികർക്കായി നടത്തിയ സ്പോർട്സ് മീറ്റിന്റെ സമ്മാനദാനം നിർവ്വഹിച്ചു.

14 നാട്ടക്കൽ ഇടവകാ ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി.

14-15 വാർഷിക ധ്യാനത്തിലായിരിക്കുന്ന വൈദികരുമായി സംവദിച്ചു.

16-17 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

18-19 വാർഷിക ധ്യാനത്തിലായിരിക്കുന്ന വൈദികരുമായി സംവദിച്ചു. ധ്യാനസമാപനത്തിന് സന്ദേശം നൽകി.

20 ഗുണ്ടൽപേട്ടിൽ പുതുതായി നിർമ്മിച്ച സാങ്താ മാതാ നഴ്സിംങ് കോളേജ് കെട്ടിടം വെഞ്ചരിച്ചു.

OCTOBER 2025

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 10:00 am | - | VJEC Governing Body Meeting |
| | 04:00 pm | - | Karuvanchal: Presbytery Blessing |
| 02 | 09:00 am | - | Paisakary: Church Foundation stone laying ceremony |
| | 01:30 pm | - | Edoor: CML Council Anniversary |
| 03 | 09-12 pm | - | Thalassery: Visitors Day |
| 04 | 10:00 am | - | Entrepreneurs Meet |
| 05-07 | | - | Ernakulam |
| 08 | | - | Engaged |
| 09 | 10-01 pm | - | Padannakkad: Visitors Day |
| | 05:00 pm | - | Mother Home |
| 10 | | - | Mother Home |
| 11 | 09:30 am | - | Alpha Convocation Ceremony |
| 12 | 11:00 am | - | Cathedral |
| | 04:00 pm | - | Payyavoor: Church Foundation stone laying ceremony |
| 13 | 11:00 am | - | Chemperi: VJEC |
| | 03:30 pm | - | Panathady: AKCC Rally |
| 14 | 09-12 pm | - | Thalassery: Visitors Day |
| | 03:30 pm | - | Peravoor |
| 15-17 | | - | Delhi |
| 18 | 10:00 am | - | Alakode: Benefactors Meet - Vianney Nidhi |
| | 04:30 pm | - | Nattackal: Jubilee |
| 19 | 06:45 am | - | Sreekandapuram: Church Foundation stone laying ceremony |
| | 06:00 pm | - | Mahe: Feast |
| 20 | 10:30 am | - | Kannivayal: Jubilee |
| | 02:30 pm | - | Chemperi |
| | 06.00 pm | - | Kottoor: Bible Convention |
| 21-22 | | - | Shalome Shooting |
| 23 | 09-12 pm | - | Thalassery: Visitors Day |
| 24-25 | | - | Ernakulam |
| 26-27 | | - | Shamshabad |
| 28 | 04.30 pm | - | Perla |
| 29 | 09-12 pm | - | Thalassery: Visitors Day |
| 30-31 | | - | Ernakulam |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ആഗസ്റ്റ് 2025**

01 രാവിലെ വെള്ളാട് ഇടവകയിൽ, നിര്യാതനായ മാനന്തവാടി രൂപതാംഗമായ തോമസ് മണ്ണൂർ അച്ചന്റെ 41-ാം ചരമദിനത്തിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും തുടർന്ന് സിമിത്തേരിയിലും ഭവനത്തിലും നടന്ന ചടങ്ങുകളിലും പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലുള്ള വൈദികരെ സന്ദർശിച്ചു.

02 വോക്സ് 2k25 പ്രോഗ്രാമിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

03 രാവിലെ കടുമേനി ഇടവകയിൽ വച്ച് ചക്കാലക്കൽ സോജോയുടെയും കണ്ടത്തിൻകര അഞ്ജുവിന്റെയും വിവാഹം ആശീർവദിച്ചു.

വൈകുന്നേരം താമരശ്ശേരിയിൽ വെച്ച് നടന്ന നോർത്ത് മലബാർ ബിഷപ്പ് കോൺഫറൻസിൽ പങ്കെടുത്തു.

05 രാവിലെ തിരുവോണദിനത്തിൽ കുന്നോത്ത് നസ്രത്ത് കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

07 രാവിലെ മണ്ഡ്യ രൂപതയിലെ ബാംഗ്ലൂർ ഇജിപുര ഇടവകയിൽ മാതാവിന്റെ പിറവി തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും തുടർന്ന് നടന്ന ഓണാഘോഷ പരിപാടികളിൽ മുഖ്യ അതിഥിയായി പങ്കെടുക്കുകയും ചെയ്തു.

10 രാവിലെ കൊന്നക്കാട് ഇടവകയിൽ സ്റ്റെലിൻ തെരേസ കാരക്കാട്ടിന്റെയും അബിൻ ജോർജ് മുളയ്ക്കലിന്റെയും വിവാഹ വാഗ്ദാനത്തിന് മുഖ്യകാർമികത്വം വഹിച്ചു.

11 രാവിലെ കുന്നോത്ത് നസ്രത്ത് കോൺവെന്റിൽ സിസ്റ്റേഴ്സിന്റെ രജത ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും പൊതുമീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു.

13 രാവിലെ പാത്തൻപാറ ഇടവകയിൽ ചിറ്റേട്ട് ആഷിക്കിന്റെയും പുളിക്കക്കുന്നേൽ അഖിലയുടെയും വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ് ചെമ്പന്തൊട്ടി ഇടവകയിൽ ഇടവകയുടെയും, മതബോധന, മിഷൻ ലീഗ് പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ നിർമ്മിച്ച രണ്ട് വീടുകളുടെ വെഞ്ചരിപ്പ് നിർവഹിച്ചു

തുടർന്ന് ദീർഘനാളായി കത്തോലിക്കാവിശ്വാസം ജീവിച്ചു മരിച്ച ശാന്ത ചേച്ചിയുടെ (മേരി) ഭവനത്തിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

15 രാവിലെ തൊക്കിലങ്ങാടി ആശുപത്രിയിലെ ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

ഉച്ചയ്ക്ക് മുൻപ് നിർമ്മലഗിരി ഇടവകയിൽ വച്ച് മാനന്തവാടി രൂപതാംഗങ്ങളായ സി. മേരി എസ്.എ.ബി.എസ്. വാഴകാട്ടിലിന്റെ സുവർണ്ണ ജൂബിലിക്കും ഫാ. സോണി വാഴകാട്ടിലിന്റെ രജത ജൂബിലിരിക്കും വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി, തുടർന്ന് നടന്ന മീറ്റിങ്ങിലും പങ്കെടുത്തു.

വൈകുന്നേരം കുന്നോത്ത് നസ്രത്ത് സന്യാസിനി സമൂഹം സ്ഥാപിച്ചതിന്റെ സുവർണ്ണ ജൂബിലിയുടെ സമാപനമായി വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

18 രാവിലെ പരിയാരം മദർ ഹോമിൽ വച്ചു നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് എം.എസ്.എം.ഐ., എഫ്.സി.സി. കോൺവെന്റുകളിലുള്ള പ്രായമായ സിസ്റ്റേഴ്സിനെ സന്ദർശിച്ചു. തിരിച്ചുവരും വഴി വിളക്കന്നൂർ ദൈവാലയത്തിൽ പോയി പ്രാർത്ഥിക്കുകയും ചെയ്തു.

19 രാവിലെ ലിസിഗിരി ഇടവകയിൽ നിര്യാതനായ തോമസ് അയ്യങ്കനാലിന്റെ വീട്ടിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചയ്ക്ക് മുൻപ് ശാലോമിനുവേണ്ടി പ്രസംഗങ്ങൾ റെക്കോർഡ് ചെയ്തു.

20 രാവിലെ മാഠത്തിൽ മെരി ലാക് ഭവന സ്ഥാപന രജത ജൂബിലി, വിശുദ്ധ വിൻസന്റ് ഡിപ്പോളിന്റെ തിരുനാൾ, സി. സ്നേഹ, സി. സുഷുമ എന്നിവരുടെ നിത്യവ്രതവാഗ്ദാന അനുസ്മരണം എന്നിവയോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

21 വൈകുന്നേരം തൃശൂർ അതിരൂപതയിൽ ചെന്ന് നിര്യാതനായ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്തയ്ക്കുവേണ്ടി പ്രാർത്ഥിച്ചു.

22 തൃശ്ശൂരും കോഴിക്കോടുമായി നടന്ന അഭിവന്ദ്യ ജേക്കബ് പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

23 23-ാം തീയതി രാവിലെ മുതൽ 26-ാം തീയതി ഉച്ചവരെ മദർഹോമിൽ വെച്ച് നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് മാനന്തവാടിയിൽ നടന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന് വേണ്ടിയുള്ള വിശുദ്ധ കുർബാനയിലും അനുസ്മരണ

സമ്മേളനത്തിലും പങ്കെടുക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

27 രാവിലെ പെർള നവജീവനയിൽ വെച്ച് നടന്ന സി. ജെസിൻ എഫ്സിസി യുടെയും സി. സിസിൻ എഫ്സിസിയുടെയും സുവർണ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

28 വൈകുന്നേരം അങ്ങാടിക്കടവ് സെന്റ് ആന്റണീസ് കപ്പേളയിൽ വിശുദ്ധ അന്തോണീസിന്റെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ചു.

---

## OCTOBER 2025 ENGAGEMENTS
### ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 07:00 am | - | Festal mass, Kottoor |
| | 05:30 pm | - | Holy mass, LS Convent, Karikottakari |
| 04 | 10:30 am | - | Golden Jubilee, SH Sisters, Nellikkampoyil |
| 05 | 04:00 pm | - | Jubilee, Meenangady |
| 11 | 03:00 pm | - | Vincent de Paul AC meeting, Angadikadav |
| 12 | 10:30 am | - | Festal mass, Dwaraka |
| | 04:30 pm | - | Holy mass, Nadavayal |
| 18 | 07:00 am | - | Holy mass, Nadavayal |
| 19 | 09:30 am | - | Festal mass, Venniyode |
| 20 | 03:30 pm | - | Jubilee, SKD Sisters, Velimanam |
| 24 | 10:30 am | - | Conclusion of popular mission, Kiliyanthara |
| 26 | 09:00 am | - | Holy mass, Vanjode |
| | 05:15 pm | - | Festal mass, Cherukattoor |
| 30 | 10:30 am | - | Golden and Sliver jubilee, SABS Sister, Kiliyanthara |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**ആഗസ്റ്റ് 2025**

23 വൈകിട്ട് കാര്യപ്പള്ളിയിൽ വച്ച് ഫാ. ജോർജ് അരീക്കുന്നേലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

18–28 സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

31 രാവിലെ നെല്ലിക്കുറ്റി പള്ളിയിൽ വെച്ച് സെന്റ് ആന്റണിയുടെ തിരുനാൾ കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും കപ്പേള വെഞ്ചരിക്കുകയും ചെയ്തു.

**സെപ്റ്റംബർ 2025**

03–04 താമരശ്ശേരിയിൽ വച്ച് നടന്ന NKCBC യിൽ പങ്കെടുത്തു.

05 വൈകിട്ട് കോഴിച്ചാൽ പള്ളിയിൽ ഡീക്കൻ ബെന്നി പെറുക്കിലമാലയുടെ അമ്മ അന്നക്കുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമികത്വം വഹിച്ചു.

08 രാവിലെ തലശ്ശേരി എൻ.എസ് കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു

14–19 വാർഷിക ധ്യാനത്തിൽ പങ്കെടത്തു.

20 രാവിലെ ഗുണ്ടൽപേട്ടിൽ വച്ച് സാങ്താ മാതാ നേഴ്സിംഗ് കോളേജിന്റെ ഉദ്ഘാടനത്തിൽ പങ്കെടുത്തു.

---

## OCTOBER 2025 ENGAGEMENTS

### ARCHBISHOP EMERITUS GEORGE VALIAMATTAM

06 - Marriage at Thaliparamba

12 - Jubilee at Manikadavu

**Secretary to the Archbishop Emeritus**

# ആദരാഞ്ജലികൾ





## മാർ ജേക്കബ് തൂങ്കുഴി

ജനനം : 13.12.1930

നിത്യതയിൽ : 17.09.2025



തലശ്ശേരി അതിരൂപതയുടെ ഗുണ്ടൽപേട്ടിലുള്ള സാങ്താ മാതാ നേഴ്സിങ് കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമം മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിച്ചു.

20 സെപ്റ്റംബർ 2025

RNI Reg. No. 5910 Date of Publication: 28/09/2025
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 08 ലക്കം : 10 വില : ₹10

## ഒക്ടോബർ 04 വി. ഫ്രാൻസിസ് അസീസി



Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery. Published from Archbishop's House, Hollow Way Road, Thalassery - 670 101. Editor- Fr. Sajan George Thengumpally.